
# ജീവദീപ്തി

jeevadeepthi@gmail.com

July 2026 Book 07 Volume 16



ആനന്ദമാകട്ടെ
യുവത്വം. അതാണ്
പ്രാർത്ഥന...


ചാത്യാത്ത്
മൗണ്ട് കാർമൽ ദൈവാലയത്തിൽ
പരിശുദ്ധ കർമ്മലമാതാവിന്റെ
നവനാൾ
തിരുകർമ്മങ്ങൾ
2026 ജൂലൈ 4 മുതൽ 12 വരെ
ജപമാല, ദിവ്യബലി,
പ്രസംഗം, നൊവേന
എട്ടാമിടം
തിരുനാൾ
ജൂലൈ 25,26
353-ാമത്
കൊമ്പ്രേര്യ
തിരുനാൾ
2026 ജൂലൈ 13 മുതൽ 19 വരെ
തിരുനാൾ ദിന
ആശംസകൾ
ഫാ. പോൾസൺ കൊറ്റിയത്ത് [വികാരി ]
ഫാ. ചാൾസ് വില്യം തൈക്കൂട്ടത്തിൽ,
ഫാ. ഗോഡ്സൺ ആന്റണി ചമ്മിണികോടത്ത് [സഹവികാരിമാർ ]
തിരുനാൾ പ്രസുദേന്തിമാർ

എഡിറ്റോറിയൽ

# A Big Salute to Our Youngsters ...





ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

2016 ജൂൺ 15 തിങ്കൾ രാത്രി 9 മണി. എന്റെ മൊബൈൽ ഫോണിൽ ഒരു കോൾ വന്നു;

“അച്ചാ ഇത് ഞാനാണ് ടോം. USA യിൽ നിന്ന് തിരിച്ച് വന്ന് നെടുമ്പാശ്ശേരി എയർപോർട്ടിൽ ലാൻഡ് ചെയ്തു. ആദ്യം വിളിക്കുന്നത് ഫാദറിനെയാണ്. ഒരു കാര്യം അറിയാനാണ്. ഈ രാത്രി സമയത്ത് നമ്മുടെ ഏതെങ്കിലും ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെടുമോ?

ലോംഗ് ജേർണി ആയതിനാൽ കഴിഞ്ഞ രണ്ട് ദിവസം Holy Mass മിസ്സ് ചെയ്തു. So I feel so sad Fr... Can you help me?

ഒരു 26 വയസ്സുള്ള ചെറുപ്പക്കാരന്റെ ആത്മാർത്ഥമായ ആഗ്രഹത്തിന് മുന്നിൽ ഞാൻ ശിരസ്സ് നമിച്ചുപോയി. വളരെയേറെ സന്തോഷവും, അഭിമാനവും തോന്നി. A big salute to him....

അവന്റെ വിശ്വാസത്തിനും, ഭക്തിയ്ക്കും മുന്നിൽ പുരോഹിതനായ ഞാൻ അഭിമാനത്തോടെ ആ യുവാവിനുവേണ്ടി പ്രാർത്ഥിച്ചു.

യൗവ്വനം അർത്ഥവത്തായ ജീവിതത്തിനു വേണ്ടിയുള്ള അന്വേഷണമാവണം. മനുഷ്യ ജീവിതത്തിലെ ഏറ്റവും ചടുലമായ കാലഘട്ടമാണ് യൗവ്വനം. ഇന്റർനെറ്റിലൂടെ പ്രപഞ്ചം വിരൽതുമ്പിലൊതുങ്ങുന്നു. സോഷ്യൽ മീഡിയയിലൂടെ എല്ലാം വെളിവാക്കുന്നു. സെൽഫിയിലൂടെ സ്വയം പ്രദർശനത്തിന്റെ ക്യാമറകണ്ണുകൾ ഒരുങ്ങുന്നു. സ്മാർട്ട് ഫോണിലൂടെ സകലതും പോക്കറ്റിലാവുന്നു. ഇവിടെ യുവത്വം.... ആഘോഷത്തിന്റെ തേരിലാണ്. ഈ ആഘോഷങ്ങൾ ഒരു പരിധിവരെ മാത്രം യുവാക്കൾക്ക് സന്തോഷം പകരുന്നുള്ളൂ.

ലോകത്തിന്റെ സന്തോഷം തേടാനുള്ള തിരക്കിൽ ‘ദൈവത്തിന്’ എത്ര സമയം നമ്മുടെ യുവത മാറ്റിവയ്ക്കുന്നു. ദൈവം രസവും ലോകം വിരസവുമാകണം.
സംഘടനാ പ്രവർത്തനങ്ങളിലും ജീസസ് യൂത്ത് ഫുൾടൈം വർഷിപ്പിലും വർഷങ്ങളുടെ അനുഭവം കരഗതമാക്കിയ ഒരു ചെറുപ്പക്കാരനെ കഴിഞ്ഞദിവസം ഞാൻ കണ്ടു. അവൻ പറഞ്ഞത് ഇപ്രകാരം: ‘കർത്താവിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും എന്റെ ജീവിതത്തിന്റെ ക്വാളിറ്റി ടൈം ചെലവഴിച്ചപ്പോൾ ഞാൻ പോലും പ്രതീക്ഷിക്കാത്ത വിജയങ്ങളിലേക്ക് കർത്താവ് എന്നെ നയിച്ചു.’

ഗീതാഞ്ജലിയിൽ ടാഗോർ ഇപ്രകാരമെഴുതി:

‘അങ്ങയെ വേണം. എനിക്ക് അങ്ങ യെ മാത്രം വേണമെന്ന് എന്റെ ഹൃദയം അനന്തമായി ഉരുവിടട്ടെ’
രാവും പകലും എന്റെ ശ്രദ്ധ കവരുന്ന മറ്റെല്ലാം വ്യാജവും പൊള്ളയുമാണല്ലോ.
രാത്രി അതിന്റെ മൂകതയിൽ വെളിച്ചത്തിനുള്ള പ്രാർത്ഥന ഒളിച്ചുവയ്ക്കുംപോലെ എന്റെ ആഴത്തിൽ പോലും ഈ പരിവേദനം മുഴങ്ങുന്നു. ‘അങ്ങയെ വേണം, അങ്ങയെ മാത്രം.’

മൺമറഞ്ഞ എന്നും നമ്മുടെ മനസ്സുകളിൽ ജീവിക്കുന്ന പോപ്പ് ഫ്രാൻസിസ് ഇപ്രകാരം പറഞ്ഞു:
‘പ്രിയപ്പെട്ട യുവാക്കളേ നിങ്ങൾ വെറുമൊരു ഭാവിയല്ല,
മറിച്ച് ദൈവത്തിന്റെ ഇഷ്ടപ്പെട്ട നിമിഷമാണ്.

# ജീവദീപ്തി

JEEVADEEPTHI

July 2026 Vol 16 Book 07



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

ചീഫ് എഡിറ്റർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ


പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്




ഓഫീസ്
90720 26577
jeevadeepthi@gmail.com



04




01

A Big Salute to Our Youngsters ...

*സംഘടനാ പ്രവർത്തനങ്ങളിലും ജീസസ് യൂത്ത് ഫുൾടൈം വർഷിപ്പിലും വർഷങ്ങളുടെ അനുഭവം കര ഗതമാക്കിയ ഒരു ചെറുപ്പക്ക*




## യുവജനം സഭയുടെ സമ്പത്തും പ്രത്യാശയും

മുൻ വർഷങ്ങളിൽ നാം അനുവർത്തി ച്ചിരുന്നതുപോലെ, ജൂലൈ 3-ന് ശേഷം വരുന്ന ഞായറാഴ്ചയായ







05

## യുവജനങ്ങൾ മനുഷ്യമഹത്വത്തിന്റെ കാവൽക്കാർ

മനുഷ്യചരിത്രത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലഘട്ടങ്ങളിലൊന്നാണ് നമ്മു ടേത്. ഓരോ ദിവസവും പുതിയ, പുതിയ


## ജെൻ-സി.യും എ.ഐ.യും

ലിയോ പതിനാലാമൻ പാപ്പ സ്പെയിനിലെ മാഡ്രിഡിൽ 2026 ജൂൺ 7 ഞായറാഴ്ച സായാഹ്ന

07

ആധുനിക ലോകത്തിന് .................... 09
ക്രൈസ്തവ യുവജന .................... 13
കൂട്ടായ്മകളുടെ പ്രതീക്ഷ .................... 17
You(r)th ക്രൈസ്റ്റ് .................... 24
ആരോഗ്യപരിപാലനവും .................... 27
ഡോക്ടേഴ്സ് ദിനം .................... 29
ഉത്തരീയഭക്തിയും .................... 30
കരിയർദീപ്തി .................... 31
കലാം നൽകുന്ന പാഠങ്ങൾ .................... 32
അവൻ കൊന്ന മനുഷ്യൻ .................... 33
വാർത്തകൾ .................... 36
ബൈബിൾ വിചിന്തനം .................... 38
പിൻമൊഴി .................... 40

# യുവജനം സഭയുടെ സമ്പത്തും പ്രത്യാശയും



**മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

മുൻ വർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ 3-ന് ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ 5-ന് കേരള കത്തോലിക്കാ സഭ ഈ വർഷം യുവജനദിനമായി ആചരിക്കുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരള സമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, യുവജന ദിനാഘോഷത്തോടനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തന വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവ്വം നിങ്ങളോട് പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവന തീക്ഷ്ണതയാണ് സുവിശേഷങ്ങളിൽ ജ്വലിച്ചു നിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന ഊർജ്ജസ്വലതയും അവിടുന്ന് പകർന്ന് നൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾ അടുത്തു വീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്.

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന സാമൂഹിക പ്രതിസന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദ പ്രസ്ഥാനങ്ങളും, സഭാവിരുദ്ധ പ്രത്യയശാസ്ത്രങ്ങൾ , വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ-സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവ വിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വഴിയൊരുക്കുന്നു.


വിശ്വാസജീവിതത്തിൽ നിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്നവരോട് പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തിപരമായും സംഘടനാ പ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം.


ക്രൈസ്തവ യുവജനങ്ങൾ ഏറിയ പങ്കും പ്രവാസ ജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്നവരെ നിരുത്സാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജന്മനാട്ടിൽ ജീവിക്കാൻ തൽപ്പരരായ ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ-സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല.

നിർമ്മിതബുദ്ധി സംബന്ധിച്ച സഭാ പ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എഐയുടെ അനന്ത സാധ്യതകളെ ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. നിർമ്മിത ബുദ്ധി സംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തണം.

എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

# യുവജനങ്ങൾ മനുഷ്യമഹത്വത്തിന്റെ കാവൽക്കാർ



**ബിഷപ്പ് ആന്റണി വാലുങ്കൽ**
സഹായമെത്രാൻ,
വരാപ്പുഴ അതിരൂപത

മനുഷ്യചരിത്രത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലഘട്ടങ്ങളിലൊന്നാണ് നമ്മുടേത്. ഓരോ ദിവസവും പുതിയ, പുതിയ സാങ്കേതിക വിദ്യകൾ ഭൂഖണ്ഡങ്ങൾക്കപ്പുറം മനുഷ്യരെ ബന്ധിപ്പിക്കുകയും, സങ്കീർണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും, മുൻതലമുറകൾക്ക് ഒരിക്കലും സങ്കൽപ്പിക്കാനാകാത്ത അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ശ്രദ്ധേയമായ നേട്ടങ്ങൾക്കൊപ്പം നവമാധ്യമങ്ങൾ ചില ഗൗരവമായ ചോദ്യങ്ങളും ഉയർത്തുന്നുണ്ട്.

*യഥാർത്ഥത്തിൽ മനുഷ്യനായിരിക്കുക എന്നതിന്റെ അർത്ഥമെന്താണ്?*

*സാങ്കേതിക വിദ്യയുടെ സ്വാധീനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈലോകത്തിൽ മനുഷ്യാന്തസ്സിനെ എങ്ങനെ സംരക്ഷിക്കാം?*

കൂടുതൽ നീതിപൂർണവും കരുണയുള്ളതുമായ ഒരു സമൂഹത്തിന്റെ നിർമ്മാതാക്കളായി യുവജനങ്ങൾക്ക് എങ്ങനെ മാറാൻ കഴിയും? എന്നീ ചോദ്യങ്ങൾക്ക് പോപ്പ് ലിയോ പതിനാലാമൻ മാഗ്നിഫിക്ക ഹുമാനിതാസ് എന്ന ചാക്രികലേഖനത്തിൽ ഉത്തരം നല്കുന്നു.

ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിലും സാദൃശ്യ

ത്തിലും സൃഷ്ടിക്കപ്പെട്ടവനാണെ
ന്നും, ബുദ്ധിശക്തി, ഉൽപാദനക്ഷ
മത, സമ്പത്ത്, സാമൂഹിക പദവി
എന്നിവയാൽ ഒരിക്കലും അളക്കാ
നാവാത്ത അന്തർലീനമായ
മഹത്വം ഓരോ വ്യക്തിയിലും
നിക്ഷിപ്തമാണെന്നും പാപ്പാ
ഓർമ്മിപ്പിക്കുന്നു. മനുഷ്യന്റെ
മൂല്യം നേടിയെടുക്കേണ്ട ഒന്നല്ല;
അത് ദൈവത്തിന്റെ ദാനമാണ്.

മനുഷ്യജന്മം വിവരങ്ങളെക്കാളും
പ്രകടനങ്ങളെക്കാളും മഹത്തരം.
ഇന്നത്തെ സംസ്കാരം പല
പ്പോഴും മനുഷ്യരെ അവരുടെ
നേട്ടങ്ങൾ, ജനപ്രീതി, അല്ലെങ്കിൽ
ഓൺലൈൻ സാന്നിധ്യം എന്നിവ
യുടെ അടിസ്ഥാനത്തിലാണ് വില
യിരുത്തുന്നത്. അക്കാദമിക് വിജ
യം, കായിക മികവ്, സാമൂഹിക
മാധ്യമങ്ങളിലെ സ്വാധീനം,
തൊഴിൽ നേട്ടങ്ങൾ എന്നിവയി
ലൂട സ്വന്തം മൂല്യം തെളിയിക്കണ
മെന്ന സമ്മർദ്ദം യുവജനങ്ങൾക്ക്
എളുപ്പത്തിൽ അനുഭവപ്പെടാം.
പോപ്പ് ലിയോ പതിനാലാമൻ ഈ
ചിന്താഗതിയെ വെല്ലുവിളിക്കുന്നു.

സാങ്കേതിക വിദ്യ മനുഷ്യരാ
ശിയെ സേവിക്കണം. ഈ ചാക്രി
കലേഖനം സാങ്കേതികവിദ്യയെ
തള്ളിക്കളയുന്നില്ല. പകരം,
അതിനെ വിവേകത്തോടെയും
ഉത്തരവാദിത്തത്തോടെയും ഉപ
യോഗിക്കാൻ മനുഷ്യരാശിയെ
പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യു
ന്നത്. മനുഷ്യരുടെ വളർച്ചയ്ക്കും
അഭിവൃദ്ധിക്കും സഹായകമാകു
മ്പോഴും, നീതി പ്രോത്സാഹിപ്പി
ക്കുമ്പോഴും, ആരോഗ്യ സംര
ക്ഷണം മെച്ചപ്പെടുത്തുമ്പോഴും
വിദ്യാഭ്യാസത്തെ മുന്നോട്ടു നയി
ക്കുമ്പോഴും, മനുഷ്യബന്ധങ്ങളെ
ശക്തിപ്പെടുത്തുമ്പോഴും സാങ്കേ
തിക വിദ്യ ഒരു ദാനമാണ്.
എന്നാൽ അത് മനുഷ്യരെ നിയ
ന്ത്രിക്കുമ്പോഴും അസമത്വം
സൃഷ്ടിക്കുമ്പോഴും ധാർമ്മിക
ഉത്തരവാദിത്തത്തെ ദുർബലപ്പെടു
ത്തുമ്പോഴും അത് അപകടകര
മായി മാറുന്നു.

പുതിയ സാങ്കേതിക വിദ്യകളെ
ആദ്യം സ്വീകരിക്കുന്നവരിൽ പല
പ്പോഴും യുവജനങ്ങളാണ്
മുന്നിൽ. അതുകൊണ്ടുതന്നെ,
സാങ്കേതിക വിദ്യ ഒരു യജമാനനാ
കാതെ സേവകനായി തുടരുന്നു
വെന്ന് ഉറപ്പാക്കേണ്ട പ്രത്യേക
ഉത്തരവാദിത്തവും അവർക്കുണ്ട്.
ഓരോ ക്ലിക്കും പോസ്റ്റും സന്ദേശ
വും ഡിജിറ്റൽ ഇടപെടലും മനു
ഷ്യാന്തസ്സിനോടുള്ള ആദരവിനെ
പ്രതിഫലിപ്പിക്കേണ്ടതാണ്.

### *സത്യത്തിന്റെ സംസ്കാരം വളർത്തുക*

ഇന്നത്തെ യുവജനങ്ങൾ നേരി
ടുന്ന ഏറ്റവും വലിയ വെല്ലുവിളിക
ളിലൊന്നാണ് സത്യത്തിന്റെ പ്രതി
സന്ധി. തെറ്റായ വിവരങ്ങൾ,
കൃത്രിമസ്വാധീനങ്ങൾ, ഉപരിപ്ലവ
മായ ആശയവിനിമയങ്ങൾ
എന്നിവ സത്യവും അസത്യവും
തമ്മിൽ വേർതിരിച്ചറിയുന്നത്
പ്രയാസകരമാക്കുന്നു. പോപ്പ്
ലിയോ പതിനാലാമൻ സത്യത്തോ
ടുള്ള പുതുക്കപ്പെട്ട പ്രതിബദ്ധ
തയ്ക്ക് ആഹ്വാനം ചെയ്യുന്നു.
സത്യസന്ധതയുടെയും സമഗ്രത
യുടെയും ആത്മാർത്ഥതയുടെയും
സാക്ഷികളാകാൻ യുവജനങ്ങളെ
അദ്ദേഹം ക്ഷണിക്കുന്നു. പങ്കുവ
യ്ക്കുന്നതിനു മുൻപ് വിവരങ്ങൾ
പരിശോധിക്കുക, ഓൺലൈൻ
ഭീഷണിപ്പെടുത്തലിനെയും വിദ്വേ
ഷത്തെയും പ്രതിരോധിക്കുക,
സ്നേഹത്തോടെയും ആദരവോ
ടെയും സത്യം പറയാനുള്ള
ധൈര്യം പുലർത്തുക എന്നിവ
ഇതിൽ ഉൾപ്പെടുന്നു.

### *ഐക്യദാർഢ്യം: ഒരുമിച്ച് സഞ്ച രിക്കുക*

മനുഷ്യർ ഒറ്റപ്പെട്ട വ്യക്തികളല്ല,
മറിച്ച് ഒരേയൊരു മനുഷ്യകുടുംബ
ത്തിലെ അംഗങ്ങളാണെന്ന് പരി
ശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു.
സ്വാർത്ഥതയിലൂടെയോ മത്സരത്തി
ലൂടെയോ അനാസ്ഥയിലൂടെയോ
ഭാവി നിർമ്മിക്കാനാവില്ല. അത്
ഐക്യദാർഢ്യത്തിലൂടെയാണ്
പണിയപ്പെടേണ്ടത്. വിഭജനങ്ങളെ
മറികടന്ന് മനുഷ്യരെ ഒന്നിപ്പിക്കാ
നുള്ള അപൂർവ്വമായ കഴിവ് യുവജ
നങ്ങൾക്കുണ്ട്. അവർക്ക് ദരിദ്ര
രുടെ ശബ്ദമായും, ദുർബലരുടെ
സംരക്ഷകരായും, സമാധാന
ത്തിന്റെ പ്രചാരകരായും മാറാൻ
കഴിയും. സാമൂഹിക സേവനം,
പരിസ്ഥിതി സംരക്ഷണം, സാമൂ
ഹിക ഇടപെടലുകൾ, നീതിക്കു
വേണ്ടിയുള്ള പ്രവർത്തനങ്ങൾ
എന്നിവയിലൂടെ യുവജനങ്ങൾക്ക്
കരുണയും ഉത്തരവാദിത്തവും
നിറഞ്ഞ പ്രവൃത്തികളാൽ സമൂ
ഹത്തെ പരിവർത്തനം ചെയ്യാൻ
കഴിയും. യഥാർത്ഥ മഹത്വം മറ്റു
ള്ളവരുടെ മേലുള്ള അധികാരത്തി
ലല്ല. മറിച്ച് മറ്റുള്ളവരെ സേവിക്കു
ന്നതിലാണ്.


### *ധൈര്യത്തിന്റെയും പ്രത്യാശയു ടെയും ആഹ്വാനം*

**കാണികളാകാനല്ല, നിർമ്മാതാ
ക്കളാകാനാണ് യുവജനങ്ങൾ
വിളിക്കപ്പെട്ടിരിക്കുന്നത്. വിമർശ
കരാകാനല്ല, സ്രഷ്ടാക്കളാകാ
നാണ്; ഉപഭോക്താക്കളാകാനല്ല,
ശിഷ്യരാകാനാണ്. അന്തസ്സ്,
നീതി, സ്നേഹം എന്നിവയിൽ
അധിഷ്ഠിതമായ ഒരു നാഗരി
കത കെട്ടിപ്പടുക്കാൻ അവരുടെ
കഴിവുകളും വിദ്യാഭ്യാസവും
വിശ്വാസവും ഊർജ്ജവും ഉപ
യോഗിക്കാൻ അവർ ക്ഷണിക്ക
പ്പെടുന്നു.**

ദൈവം യുവജനങ്ങളിൽ വിശ്വസി
ക്കുന്നതിനാലാണ് സഭയും യുവജ
നങ്ങളിൽ വിശ്വസിക്കുന്നത്.
ഇസ്രായേലിലെ പ്രവാചകന്മാർ
മുതൽ അപ്പസ്തോലന്മാർ, വിശു
ദ്ധർ വരെയുള്ള ചരിത്രത്തിലുട
നീളം ലോകത്തെ നവീകരിക്കാൻ
ദൈവം യുവജനങ്ങളെ വിളിച്ചിട്ടു
ണ്ട്. അതേവിളി ഇന്നും തുടരുന്നു.

**മാഗ്നിഫിക്ക ഹുമാനിസ്താ
സിന്റെ സന്ദേശം അടിസ്ഥാനപര
മായി മനുഷ്യവ്യക്തിയുടെ മഹ
ത്വത്തെക്കുറിച്ചുള്ള സന്ദേശമാ
ണ്. അതിവേഗം മാറിക്കൊണ്ടിരി
ക്കുന്ന ലോകത്തിൽ യുവജന
ങ്ങൾ തങ്ങൾ ആരാണെന്ന് ഒരി
ക്കലും മറക്കരുത്; ദൈവമക്കൾ,
മനുഷ്യരാശിയുടെ ഭാവി സാങ്കേ
തിക പുരോഗതിയെ മാത്രമല്ല,
സുവിശേഷം ജീവിക്കാനും
പൊതുനന്മയ്ക്കായി സേവി
ക്കാനും പ്രതിജ്ഞാബദ്ധരായ
യുവഹൃദയങ്ങളുടെ
ധൈര്യത്തെയും ആശ്രയിച്ചിരി
ക്കുന്നു.**

# ജെൻ-സി.യും എ.ഐ.യും






റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല

ലിയോ പതിനാലാമൻ പാപ്പ സ്പെയിനിലെ മാഡ്രിഡിൽ 2026 ജൂൺ 7 ഞായറാഴ്ച സായാഹ്നത്തിൽ യുവജനങ്ങളുമായുള്ള പ്രാർത്ഥനാ ജാഗരണത്തിലും കൂടിക്കാഴ്ചയിലുമായിരുന്നു. 'Be the spark of a new humanity! എന്നാണ് അവരോട് പാപ്പ ആഹ്വാനം ചെയ്തത്. പുതിയ മാനവരാശിയുടെ തീപ്പൊരി ആവുക.' വെല്ലുവിളികളിലൂടെ കഴിയുന്ന യുവതയ്ക്കായി പ്രത്യാശയുടെ ദർശനമാണ് അന്നും പങ്കുവച്ചത്.

ഓരോ തലമുറയ്ക്കും അതിന്റേതായ വെല്ലുവിളികൾ ഉണ്ട്. എന്നാൽ മറ്റൊരു കാലഘട്ടത്തിലുമില്ലാത്ത സാഹചര്യത്തിലൂടെയാണ് ഇന്നത്തെ യുവജനങ്ങൾ കടന്നുപോകുന്നത്. അതിവേഗ സാങ്കേതിക വളർച്ച, നിർമ്മിതബുദ്ധി (Artificial Intelligence), സാമൂഹ്യ മാധ്യമ സ്വാധീനം, പരിസ്ഥിതി പ്രതിസന്ധികൾ, രാഷ്ട്രീയ ധ്രുവീകരണം, യുദ്ധം, സാമ്പത്തിക അനിശ്ചിതത്വം, ഏകാന്തത, ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ എന്നിങ്ങനെയുള്ളവയുടെ നടുവിലാണ് പുതിയ തലമുറ ഇന്ന്.

## കരുതലുള്ള ക്രിസ്തു

എന്റെ ഓമനമകൾ മരിക്കാറായിക്കിടക്കുന്നു. അവൾ സൗഖ്യം പ്രാപിച്ച് ജീവിക്കാനായി അങ്ങു വന്ന് അവളുടെ മേൽ കൈകൾ വയ്ക്കേണമേ!' (മാർക്കോസ് 5:23) എന്ന് സിനഗോഗ് അധികാരിയായ ജായ്റോസ് വന്ന് യേശുവിനോട് ആവശ്യപ്പെടുമ്പോൾ, ഒരു സങ്കോചവും മടിയുമില്ലാതെ അയാളോടൊപ്പം ഇറങ്ങി പുറപ്പെടുകയാണ് യേശു. ഭവനത്തിൽ ചെന്ന്, അവളുടെ ചാരെയെത്തി, 'തലീത്താ കും, 'ബാലികേ, എഴുന്നേല്ക്കൂ! (മാർക്കോസ് 5:41) എന്നു പറഞ്ഞ ഉടൻ, തളർന്നു മയങ്ങി മരിക്കാറായി കിടന്ന ആ പന്ത്രണ്ടു വയസ്സുകാരി എഴുന്നേല്ക്കുന്നു, എഴുന്നേറ്റു നടക്കുന്നു! അവൾക്ക് ഉണർവും പോഷകവുമാണ് ആവശ്യമെന്ന് തിരിച്ചറിഞ്ഞ്, 'അവൾക്ക്, ഭക്ഷിക്കാൻ കൊടുക്കുവിൻ!' എന്നുപറയുന്നു.

എല്ലാവരും നിരാശ മാത്രം കാണുന്നിടത്ത് യേശു പ്രത്യാശ പുനഃസ്ഥാപിക്കുന്നു. ആന്തരിക ശൂന്യത, ഏകാന്തത, ദുഃഖം എന്നിവയിൽ നിന്നും ഉയിർത്തെഴുന്നേല്ക്കാൻ ബാലികാ ബാലന്മാരെയും യുവജനങ്ങളെയും യേശു ക്ഷണിക്കുന്നു.

കരുതലും കാരുണ്യവും നിറഞ്ഞ യേശുവിന്റെ മനസ്സലിവാണ് നായിമിലെ യുവാവിനെ (ലൂക്കാ 7:11-17) ജീവിപ്പിക്കുകയും കുടുംബത്തിനും സമൂഹത്തിനും തിരികെ നൽകുകയും ചെയ്യുന്നത്. ശാരീരികജീവിതം മാത്രമല്ല, ബന്ധങ്ങളും ജീവിതലക്ഷ്യവും പുനഃസ്ഥാപിക്കുന്നു, യുവാവായ ക്രിസ്തു.

അതോടൊപ്പം യേശു യുവാക്കൾക്ക് വെല്ലുവിളിയുമാണ്. ഒരിക്കൽ സമ്പന്നനായ ഒരു യുവാവ് യേശുവിനെ സമീപിക്കുന്നു. യേശു അവനെ നോക്കി. അവനോട് സ്നേഹം തോന്നി' (മാർക്കോസ് 10:21). നന്മകളേറെയുള്ള ആ യുവാ

വിൽ സന്തോഷക്കുറവിനു കാരണം കുമിഞ്ഞു കൂടിയ സമ്പത്താണെന്ന് യേശു തിരിച്ചറിയുന്നു. ആ യുവാവ് മുറുകെ പിടിച്ചുജീവിച്ച സമ്പത്ത് ദരിദ്രർക്കു കൊടുത്ത്, തന്നെ അനുഗമിക്കാൻ യേശു നിർദ്ദേശിക്കുന്നത് ഉള്ളം നിറഞ്ഞ സ്നേഹത്തോടെയാണ്. പക്ഷേ, ആ ത്യാഗത്തിന് അവൻ തയ്യാറല്ലായിരുന്നു. 'മുഖം വാടി, അവൻ സങ്കടത്തോടെ തിരിച്ചുപോയി (ലൂക്കാ 10:22).

യുവത്വം ഒരു പരിമിതിയല്ല. പൂത്തുലയാനുള്ള കാലമാണ്. സാക്ഷ്യത്തിനും നേതൃത്വത്തിനുമുള്ള സമയമാണ്. ലിയോ പാപ്പ പറഞ്ഞതുപോലെ, പുതിയ മനുഷ്യരാശിയുടെ തീപ്പൊരി ആകണം യുവജനങ്ങൾ ഇന്ന്.

## *കൃത്രിമ ബുദ്ധിയുടെ നല്ലകാലം, ഒപ്പം ജാഗ്രതാകാലം*

2026 മെയ് 15-ന് ലിയോ പാപ്പ പ്രസിദ്ധീകരിച്ച തന്റെ പ്രഥമ ചാക്രിക ലേഖനമാണ് Magnifica Humanitas' (Magnificent Humanity(MH) അഥവാ മഹത്തായ മനുഷ്യകുലം).

ഇന്നത്തെ ലോകത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങളിലൊന്നായ കൃത്രിമ ബുദ്ധിയും മനുഷ്യാന്തസ്സും തമ്മിലുള്ള ബന്ധമാണ് പാപ്പ ചർച്ചയ്ക്കെടുക്കുന്നത്. എ.ഐ. ഏറ്റവും കൂടുതൽ സ്വാധീനിക്കപ്പെടുന്നത് ജെൻ-സി.യെയാണ്. അതായത് പ്രായഭേദമന്യേ, ഡിജിറ്റൽ വലയിൽ കുടുങ്ങി കഴിയുന്നവരെ.

പാപ്പ പഠിപ്പിക്കുന്നത് ഇതാണ്: 'സാങ്കേതികവിദ്യ മനുഷ്യരാശിക്കെതിരായ ഒരു ശക്തിയല്ല (MH 4). അതുപോലെ അത്, പ്രകൃത്യാ തന്നെ തിന്മയുമല്ല. രോഗശാന്തി നൽകാനും, മനുഷ്യരെ പരസ്പരം ബന്ധപ്പെടുത്താനും, വിദ്യ പകരാനും പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കാനുമൊക്കെ അതിനു കഴിവുണ്ട്. എന്നാൽ അതേസമയം, അതിന് മനുഷ്യരെ വിഭജിക്കാനും ചിലരെ പുറന്തള്ളാനും അനീതിയുടെ പുതിയ രൂപങ്ങൾ സൃഷ്ടിക്കാനും കഴിവുണ്ട്. പ്രായോഗിക ജീവിതത്തിൽ സാങ്കേതികവിദ്യ ഒരിക്കലും നിഷ്പക്ഷമല്ല. കാരണം, അതിനെ രൂപകല്പന ചെയ്യുന്നവരുടെയും ധനസഹായം ചെയ്യുന്നവരുടെയും നിയന്ത്രിക്കുന്നവരുടെയും ഉപയോഗിക്കുന്നവരുടെയും മൂല്യങ്ങളെയും ലക്ഷ്യങ്ങളെയും പ്രതിഫലിപ്പിക്കുന്നു'(MH 9).

കൃത്രിമബുദ്ധി, റോബോട്ടിക്സ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവക്ക് മനുഷ്യപുരോഗതിയെ സഹായിക്കാ നും മനുഷ്യനെ നിയന്ത്രിക്കാനും ഒന്നുപോലെ കഴിയും. അതിനാൽ, ലിയോ പാപ്പ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്ന സുപ്രധാന സന്ദേശം ഇതാണ്: 'സാങ്കേതിക പുരോഗതിയുടെ നടുവിലും മനുഷ്യരായി തുടരുക! - Remain human!" (DH 1,16).

കൃത്രിമബുദ്ധിയുടെ അപകട സൂചനകളും അനുകൂല സാധ്യതകളും പാപ്പ വിശദീകരിക്കുന്നത് രണ്ട് ശക്തമായ ബൈബിൾ പ്രതീകങ്ങൾ ഉപയോഗിച്ചാണ്: ബാബേൽ ഗോപുര നിർമ്മിതിയും (ഉൽപ്പത്തി 11:1-9) നെഹെമിയ പുനർ നിർമ്മിച്ച ജറുസലേം നഗരവും (നെഹെമിയ 2-6). ബാബേൽ വാഗ്ദാനം ചെയ്തത് ഐക്യമായിരുന്നെങ്കിലും, അതിന്റെ ഫലം വിഭജനവും ആശയക്കുഴപ്പവുമായിരുന്നു. അതുപോലെ, ധാർമ്മികതയും ആത്മീയ മൂല്യങ്ങളും ഇല്ലാത്ത സാങ്കേതികവിദ്യ മനുഷ്യരെ ഒന്നിപ്പിക്കുന്നതിനുപകരം, വിഭജിപ്പിക്കും. (MH 7,90,184).

യുവജനങ്ങൾ ഉൾപ്പെടെയുള്ള ജെൻ-സി.യോട് ലിയോ പാപ്പ ആഹ്വാനം ചെയ്യുന്നതിതാണ്: കൂട്ടുത്തരവാദിത്തത്തിന്റെയും കൂട്ടായ്മയുടെയും ധീരമായ മനോഭാവം' (MH 9) സ്വന്തമാക്കി, പുതിയ മനുഷ്യരാശിയുടെ തീപ്പൊരികൾ' ആയി മാറുക. സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും നവ നാഗരികത പടുത്തുയർത്തുക! യന്ത്രങ്ങൾ മനുഷ്യനെ മറികടന്നാലും മാനവ ഹൃദയത്തിലെ സ്നേഹത്തിന്റെ തുടിപ്പും കനിവിന്റെ മിടിപ്പും ഒന്നിനും പകരം വയ്ക്കാനാവില്ലല്ലോ!

## ചിന്താകവിത; കവിതാ ചിന്ത

### *മണുങ്ങൂസൻ!*

സെന്റ് ആന്റണീസ്
ഇടവകയിലെ പുതിയ
കൊച്ചച്ചനെ കാണാൻ
വേറൊരു രൂപതയിൽപ്പെട്ട
ഒരു യുവവൈദികൻ ബസ്
സ്റ്റാൻഡിൽ വന്നിറങ്ങി. അവി
ടെനിന്ന് അധികം അകലെ
യല്ല ഇടവകപ്പള്ളി എന്നേ
അറിയൂ. ആദ്യം കണ്ട ഒരു
പയ്യനോട് - അവൻ ഭൂലോ
കതിരുമാലിയായ ജോസ് കു
ട്ടനാണ് - ചോദിച്ചു: മോനേ,
ഇവിടത്തെ ഇടവകപ്പള്ളി
എവിടെയാ?

തത്ക്ഷണം വന്നു മറുപടി:
പോസ്റ്റാപ്പീസിനു
നേരേ ഓപ്പോസിറ്റ്.
അച്ചന് പോസ്റ്റാപ്പീസ്
എവിടെയെന്നറിയില്ലല്ലോ.
ചോദിച്ചുകളയാം:

ങാ, ഈ പോസ്റ്റോപ്പീസ്
എവിടെയാ മോനേ?

വെടിപൊട്ടുംപോലെ വന്നു
മറുപടി: ഇടവകപ്പള്ളീടെ
നേരേ ഓപ്പോസിറ്റ്!

ഇതുരണ്ടും തനിക്കറിയി
ല്ലല്ലോ എന്നു വിഷാദിച്ചു
വിഷണ്ണനായി നിന്നുപോയ
അച്ചനെ കണ്ട് അവൻ
വിസ്മയത്തോടെ മനസ്സിൽ
ചോദിക്കുകയായിരുന്നു:

എവിടന്നു വന്നടാ,
ഈ മണങ്ങൂസൻ കൊച്ചച്ചൻ!
കൃത്യം കൃത്യമായി
പറഞ്ഞുകൊടുത്തിട്ടും
കുന്തം വിഴുങ്ങിയപോലെ
ഒരു നിപ്പാ!

*ഫെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി*


# ആധുനിക ലോകത്തിന് വെളിച്ചമാകുന്ന യുവവിശുദ്ധർ

*യുവത്വം എന്നത് കേവലം സ്വപ്നങ്ങളുടെയും ആഘോഷങ്ങളുടെയും ഭൗതിക വിജയ ങ്ങളുടെയും മാത്രം കാലഘട്ടമല്ല; മറിച്ച്, അത് ദൈവസ്നേഹത്തിന്റെ അഗ്നി ഹൃദയത്തിൽ ജ്വലിപ്പിച്ചു നിർത്താനും ലോകത്തിന് വലിയ പ്രത്യാശ പകരാനും സാധിക്കുന്ന അതിമനോഹരമായ ഒരു പുണ്യകാലം കൂടിയാണ്. ആധുനിക ലോകത്തിന്റെ ചടുലതകൾക്കും പ്രലോഭനങ്ങൾക്കും നടുവിൽ ജീവിക്കുമ്പോഴും, വിശുദ്ധി എന്നത് വാർദ്ധക്യത്തിൽ മാത്രം കൈവരിക്കേണ്ട ഒന്നല്ല എന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിച്ച ഒട്ടനവധി യുവജീവിതങ്ങൾ കത്തോലിക്കാ സഭയിലുണ്ട്.*

*ആധുനിക സൗകര്യങ്ങൾക്കിടയിലും കഠിനമായ പ്രതിസന്ധികൾക്കിടയിലും വിശ്വാസം മുറുകെപ്പിടിച്ച് ജീവിക്കാൻ സാധിക്കുമെന്ന് തെളിയിച്ച, ലോകമെമ്പാടുമുള്ള യുവാക്കൾക്ക് വലിയ ആത്മീയ പ്രചോദനം നൽകുന്ന യുവവിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും ഇവിടെ പരിചയപ്പെടാം.*



**ഡോമിനിക്ക് ഷൈജു**




## *വിശുദ്ധ ജോൺ ബോസ്കോ (ഡോൺ ബോസ്കോ)*

യുവജനങ്ങളുടെയും തെരുവ് കുട്ടികളുടെയും ആത്മീയ പിതാവും മധ്യസ്ഥനുമാണ് വിശുദ്ധ ഡോൺ ബോസ്കോ. പത്തൊൻപതാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ടൂറിനിൽ ജീവിച്ചിരുന്ന അദ്ദേഹം, അനാഥരും അവഗണിക്കപ്പെട്ടവരുമായ ആയിരക്കണക്കിന് കുട്ടികളെ തെരുവിൽ നിന്ന് നെഞ്ചോടു ചേർത്തു. അവർക്കായി ഓർക്കസ്ട്രകൾ, കളിസ്ഥലങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ എന്നിവ സ്ഥാപിച്ചു. **'സന്തോഷമായിരിക്കുക, എന്നാൽ പാപം ചെയ്യരുത്' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന സന്ദേശം. കഠിനമായ ശിക്ഷാരീതികൾക്ക് പകരം സ്നേഹത്തിലധിഷ്ഠിതമായ വിദ്യാഭ്യാസ ശൈലിയിലൂടെ അദ്ദേഹം യുവാക്കളെ വിശുദ്ധിയിലേക്ക് നയിച്ചു. യുവാക്കൾക്കായി സലേഷ്യൻ സന്ന്യാസ സഭ രൂപീകരിച്ച അദ്ദേഹം ഇന്നും ലോകമെമ്പാടുമുള്ള യുവജനപ്രസ്ഥാനങ്ങൾക്ക് വലിയൊരു വഴിവിളക്കാണ്.**

അദ്ദേഹത്തിന്റെ ജീവിതം യുവാക്കൾക്ക് നൽകുന്ന ഏറ്റവും

വലിയ പാഠം, ആത്മീയത എന്നത് വിരസമായ ഒന്നല്ല, മറിച്ച് അത് ആനന്ദദായകമായ ഒന്നാണെന്നതാണ്. കായിക വിനോദങ്ങളെയും കലകളെയും ദൈവത്തിലേക്ക് അടുക്കാനുള്ള മാധ്യമങ്ങളായി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു. യുവാക്കളുടെ കഴിവുകളെ തിരിച്ചറിഞ്ഞ് അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവന്ന ഡോൺ ബോസ്കോ, തലമുറകൾക്ക് വഴികാട്ടിയായ ഒരു ആത്മീയ വിപ്ലവകാരിയായിരുന്നു.



## *വിശുദ്ധ ഡൊമിനിക് സാവിയോ*

വിശുദ്ധ ഡോൺ ബോസ്കോയുടെ പ്രിയ ശിഷ്യനായിരുന്ന ഡൊമിനിക് സാവിയോ, വളരെ ചെറിയ പ്രായത്തിൽ തന്നെ വിശുദ്ധിയുടെ കൊടുമുടിയിലെത്തിയ കൗമാരക്കാരനാണ്. ഏഴാം വയസ്സിൽ ആദ്യകുർബാന സ്വീകരിച്ചപ്പോൾ അവൻ എടുത്ത ഒരു പ്രധാന തീരുമാനം 'പാപം ചെയ്യുന്നതിനേക്കാൾ മരിക്കുകയാണ് ഭേദം' എന്നതായിരുന്നു. സാധാരണ കുട്ടികളെപ്പോലെ കളികളിലും വിനോദങ്ങളിലും ഏർപ്പെടുമ്പോഴും മറ്റുള്ളവരെ ദൈവസ്നേഹത്തിലേക്ക് വളർത്താൻ അവൻ ശ്രദ്ധിച്ചിരുന്നു. ഡോൺ ബോസ്കോയുടെ അരികിൽ താമസിച്ച് പഠിക്കുന്നതിനിടയിൽ, 1857-ൽ പതിനാലാം വയസ്സിൽ ശ്വാസകോശ രോഗബാധയെത്തുടർന്നാണ് അവൻ സ്വർഗ്ഗത്തിലേക്ക് യാത്രയായത്. സഭയിലെ അൾത്താരബാലന്മാരുടെയും കൗമാരക്കാരുടെയും മധ്യസ്ഥനാണ് ഈ കൊച്ചുവിശുദ്ധൻ.

വലിയ ത്യാഗങ്ങളോ കഠിനമായ വ്രതങ്ങളോ അനുഷ്ഠിക്കുന്നതിലല്ല, മറിച്ച് തന്റെ ദൈനംദിന ചുമതലകൾ വിശ്വസ്തതയോടെയും പുഞ്ചിരിയോടെയും ചെയ്യുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നതെന്ന് അവൻ സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്നു. കൂട്ടുകാർക്കിടയിൽ തർക്കങ്ങളുണ്ടാകുമ്പോൾ സമാധാനം സ്ഥാപിക്കാനും, അശ്ലീല സംഭാഷണങ്ങളിൽ നിന്ന് അവരെ പിന്തിരിപ്പിക്കാനും അവൻ കാണിച്ച ആർജ്ജവം ഇന്നത്തെ കൗമാരക്കാർക്ക് വലിയൊരു വെല്ലുവിളിയും പ്രചോദനവുമാണ്.

## *വിശുദ്ധ ജോർജിയോ ഫ്രസാത്തി*

ഇറ്റലിയിലെ ഒരു ധനിക കുടുംബത്തിൽ ജനിച്ച ജോർജിയോ സ്പോർട്സ്, പർവ്വതാരോഹണം, രാഷ്ട്രീയം എന്നിവയിലൊക്കെ അതീവ താല്പര്യമുള്ള ഒരു സാധാരണ യുവാവായിരുന്നു. ഉല്ലാസ ഭരിതമായ ജീവിതം നയിക്കുമ്പോഴും തന്റെ ആത്മീയതയെ അദ്ദേഹം കാത്തുസൂക്ഷിച്ചു. 1925-ൽ ഇരുപത്തിനാലാം വയസ്സിൽ പോളിയോ ബാധിച്ചാണ് അദ്ദേഹം മരണമടയുന്നത്. തന്റെ സമ്പത്ത്



മുഴുവൻ ദരിദ്രർക്കും രോഗികൾക്കുമായി മാറ്റിവച്ച അദ്ദേഹം, കത്തോലിക്കാ യുവാക്കൾക്ക് സാമൂഹിക പ്രതിബദ്ധതയോടെയും ആധുനിക ശൈലിയിലും എങ്ങനെ ജീവിക്കാമെന്ന് കാണിച്ചു തന്നു. ഫ്രാൻസിസ് മാർപ്പാപ്പ ഈ അടുത്ത കാലത്താണ് ഇദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചത്. കത്തോലിക്കാ ആക്ഷൻ പോലുള്ള സംഘടനകളിൽ സജീവമായിരുന്ന അദ്ദേഹം ഇന്നും ലോകമെമ്പാടുമുള്ള യുവാക്കൾക്ക് വലിയൊരു ആവേശമാണ്.

**തന്റെ സമ്പന്നമായ പശ്ചാത്തലത്തിന്റെ ആനുകൂല്യങ്ങളിൽ മയങ്ങിപ്പോകാതെ, ടൂറിനിലെ ചേരികളിലെ ദരിദ്രരിലാണ് ജോർജിയോ ക്രിസ്തുവിനെ ദർശിച്ചത്. ആരുമറിയാതെ അദ്ദേഹം ചെയ്ത കാരുണ്യപ്രവൃത്തികൾ പുറത്തുവരുന്നത് അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ ആയിരക്കണക്കിന് സാധാരണക്കാർ തടിച്ചുകൂടിയപ്പോഴാണ്. ഭൗതികമായ ആഡംബരങ്ങൾക്കിടയിലും ഹൃദയത്തിന്റെ ലാളിത്യവും പ്രാർത്ഥനാജീവിതവും എങ്ങനെ**

**കാത്തുസൂക്ഷിക്കാ മെന്ന് അദ്ദേഹം ആധുനിക തലമുറയെ പഠിപ്പിക്കുന്നു.**



## *വാഴ്ത്തപ്പെട്ട ചിയാരാ ബദാനോ*

ആധുനിക കാലഘട്ടത്തിലെ യുവാക്കൾക്ക് ഏറ്റവും വലിയ മാതൃകയായ ഒരു ഇറ്റാലിയൻ പെൺകുട്ടിയാണ് ചിയാരാ ബദാനോ. ടെന്നീസും സംഗീതവും ഏറെ ഇഷ്ടപ്പെട്ടിരുന്ന, സൗഹൃദങ്ങൾ ആഘോഷമാക്കിയിരുന്ന ചിയാരാ, പതിനേഴാം വയസ്സിൽ മാരകമായ അസ്ഥിരോഗം ബാധിച്ച തോടെയാണ് കഠിനമായ വേദനകളുടെ ലോകത്തേക്ക് പ്രവേശിക്കുന്നത്. രോഗത്തിന്റെ കഠിനമായ പീഡകളിലും മുടി കൊഴിഞ്ഞുപോയപ്പോഴും അവൾ പുഞ്ചിരിയോടെ ക്രിസ്തുവിനെ മഹത്വപ്പെടുത്തുകയും, തന്റെ രോഗക്കിടക്ക സന്ദർശിക്കാൻ വന്നവർക്കെല്ലാം വലിയ പ്രത്യാശ നൽകുകയും ചെയ്തു. 'യേശുവേ, നിനക്ക് വേണമെങ്കിൽ എനിക്കും വേണം' എന്നതായിരുന്നു അവളുടെ പ്രാർത്ഥന. ഒടുവിൽ 1990-ൽ പത്തൊൻപതാം വയസ്സിലാണ് അവൾ മരണത്തിന് കീഴടങ്ങിയത്.

വേദനകളിൽ തളർന്നുപോകുന്ന ആധുനിക മനുഷ്യന് മുന്നിൽ ചിയാരാ ഒരു അത്ഭുത പ്രതിഭാസമാണ്. തനിക്ക് ലഭിക്കുന്ന വേദനകളെല്ലാം ലോകത്തിന്റെ നന്മയ്ക്കായും യുവാക്കളുടെ മാനസാന്തരത്തിനായും അവൾ ക്രിസ്തുവിനോട് ചേർത്ത് സമർപ്പിച്ചു. മരിക്കാൻ നേരത്ത് തന്റെ അമ്മയോട് 'അമ്മേ, ഞാൻ സന്തോഷവതിയാണ്, അമ്മയും സന്തോഷത്തോടെയിരിക്കുക' എന്ന് പറഞ്ഞ അവൾ, മരണത്തെപ്പോലും പ്രത്യാശയോടെ പുൽകാൻ യുവതലമുറയെ പഠിപ്പിക്കുന്നു.



## *വിശുദ്ധ കാതറി തെക്കാകിത*

അമേരിക്കൻ വംശജരിൽ  നിന്ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട ആദ്യത്തെ യുവതിയാണ് കാതറി തെക്കാകിത. പതിനേഴാം നൂറ്റാണ്ടിൽ ജനിച്ച അവൾക്ക്, നാലാം വയസ്സിൽ വസൂരി രോഗം ബാധിച്ച് മാതാപിതാക്കളെ നഷ്ടപ്പെടുകയും അവളുടെ മുഖത്ത് വടുക്കൾ വീഴുകയും ചെയ്തു. പത്തൊൻപതാം വയസ്സിൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചതോടെ സ്വന്തം ഗോത്രക്കാരിൽ നിന്നും കുടുംബത്തിൽ നിന്നും അവൾക്ക് വലിയ എതിർപ്പുകൾ നേരിടേണ്ടി വന്നു. എങ്കിലും പ്രകൃതിയെയും ഈശ്വരനെയും ഒന്നുപോലെ സ്നേഹിച്ചുകൊണ്ട് അവൾ പ്രാർത്ഥനയിലും ഉപവാസത്തിലും മുഴുകി ജീവിച്ചു. 1680-ൽ ഇരുപത്തിനാലാം വയസ്സിൽ മരണമടഞ്ഞ അവളുടെ മുഖത്തെ വടുക്കൾ അത്ഭുതകരമായി അപ്രത്യക്ഷമാവുകയും മുഖം അതീവ സുന്ദരമാവുകയും ചെയ്തു എന്നാണ് ചരിത്രം. 'മോഹാവ്ക്കുകളുടെ ലില്ലിപ്പൂവ്' (Lily of the Mohawks) എന്നാണ് അവൾ അറിയപ്പെടുന്നത്.

**ബാഹ്യസൗന്ദര്യത്തിന് അമിത പ്രാധാന്യം നൽകുന്ന ആധുനിക സംസ്കാരത്തിന് നേരെ പിടിച്ച കണ്ണാടിയാണ് കാതറിയുടെ ജീവിതം. തന്റെ വടുക്കൾ നിറഞ്ഞ മുഖത്തെക്കാൾ അവൾ ശ്രദ്ധിച്ചത് ആത്മാവിന്റെ ശുദ്ധി കാത്തുസൂക്ഷിക്കാനായിരുന്നു. കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെടലുകൾ അനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും പ്രത്യാശയോടെ ജീവിക്കാൻ കാതറിയുടെ ദൈവവിശ്വാസം പ്രകാശമായി മാറുന്നു.**


## *വിശുദ്ധ ഫ്രാൻസിസ്കോയും ജസീന്താ മാർട്ടോയും*

പോർച്ചുഗലിലെ ഫാത്തിമയിൽ പരിശുദ്ധ മറിയത്തിന്റെ ദർശനം ലഭിച്ച ഇടയക്കുട്ടികളായിരുന്നു ഇവർ. ലളിതമായ ഗ്രാമീണ പശ്ചാത്തലത്തിൽ വളർന്ന ഇരുവരും മാതാവ് നൽകിയ



സന്ദേശങ്ങൾ പൂർണ്ണ ഹൃദയത്തോടെ ജീവിതത്തിൽ പകർത്തി. ഫ്രാൻസിസ്കോ പത്താം വയസ്സിലും  ജസീന്ത ഒൻപതാം വയസ്സിലും അക്കാലത്ത് പടർന്നുപിടിച്ച സ്പാനിഷ് ഫ്ളൂ ബാധിച്ചാണ് മരണമടഞ്ഞത്. വളരെ ചെറിയ പ്രായത്തിൽ തന്നെ ലോകസമാധാനത്തിനായും പാപികളുടെ മാനസാന്തരത്തിനായും ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ ഇവർ കാണിച്ച തീക്ഷ്ണത സഭയിലെ കുട്ടികൾക്കും യുവാക്കൾക്കും വലിയ മാതൃകയാണ്.

**കഠിനമായ രോഗാവസ്ഥയിലും വലിയ ഉപവാസങ്ങളും ത്യാഗങ്ങളും അനുഷ്ഠിച്ച ഇവർ, പ്രാർത്ഥനയുടെ ശക്തി എത്രത്തോളമുണ്ടെന്ന് സ്വന്തം ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുതന്നു. ലളിതമായ പ്രാർത്ഥനകൾക്ക് പോലും ലോകചരിത്രത്തെയും മനുഷ്യഹൃദയങ്ങളെയും മാറ്റാൻ സാധിക്കുമെന്ന വലിയൊരു ആത്മീയ സത്യമാണ് ഈ കൊച്ചു ഇടയക്കുട്ടികൾ ലോകത്തിന് പകർന്നുനൽകിയത്.**



## *വിശുദ്ധ കാർലോ അക്യുട്ടിസ്*

ആധുനിക ഡിജിറ്റൽ ലോകത്തെ വിശുദ്ധിയുടെ പാതയിലേക്ക് നയിച്ച 'ദൈവത്തിന്റെ ഇൻഫ്ളുവൻസർ' (God's Influencer) എന്നാണ് കാർലോ അക്യുട്ടിസ് അറിയപ്പെടുന്നത്. ലണ്ടനിൽ ജനിച്ച് ഇറ്റലിയിൽ വളർന്ന കാർലോ, കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിലും വീഡിയോ ഗെയിമുകളിലും ഫുട്ബോളിലും അതീവ താല്പര്യമുള്ള, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഒരു സാധാരണ കൗമാര ക്കാരനായിരുന്നു. എന്നാൽ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും സാധ്യതകളെ പാപത്തിനായല്ല, മറിച്ച് സുവിശേഷ പ്രചാരണത്തിനായാണ് അവൻ ഉപയോഗിച്ചത്. ലോകമെമ്പാടും നടന്ന ദിവ്യകാരുണ്യ അത്ഭുതങ്ങളെ കോർത്തിണക്കി അവൻ ഒരു വെബ്സൈറ്റ് നിർമ്മിച്ചു. 2006-ൽ പതിനഞ്ചാം വയസ്സിൽ രക്താർബുദം ബാധിച്ചാണ് അവൻ മരണമടഞ്ഞത്. സോഷ്യൽ മീഡിയയുടെയും ഇന്റർനെറ്റിന്റെയും യുഗത്തിലെ ആദ്യത്തെ വിശുദ്ധനാണ് കാർലോ.

**'എല്ലാവരും ഒറിജിനലുക ളായാണ് ജനിക്കുന്നത്, എന്നാൽ പലരും ജീവിച്ചു തീരുമ്പോൾ ഫോട്ടോകോപ്പികളായി മാറുന്നു' എന്നതായിരുന്നു കാർലോയുടെ വിഖ്യാതമായ വാക്കുകൾ. ഈശോയിലേക്ക് അടുക്കാനുള്ള തന്റെ ഏറ്റവും എളുപ്പമുള്ള വഴിത്താര വിശുദ്ധ കുർബാന യാണെന്ന് അവൻ വിശ്വസിച്ചു. കമ്പ്യൂട്ടറും മൊബൈൽ ഫോണും ഉപയോഗിക്കുന്ന ഇന്നത്തെ ഡിജിറ്റൽ തലമുറ യ്ക്ക്, സാങ്കേതികവിദ്യ കൾക്കിടയിലും എങ്ങനെ വിശുദ്ധി കാത്തുസൂക്ഷിക്കാ മെന്നും ദൈവത്തോട് ചേർന്നു നിൽക്കാമെന്നും കാർലോ സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതരുന്നു.**

ഫാഷനും വിനോദങ്ങൾക്കും ഇടയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകിയ ജോർജിയോ ഫ്രസാത്തിയും, മാരകമായ കാൻസർ രോഗത്തിന്റെ വേദനയിലും പുഞ്ചിരിയോടെ ദൈവത്തെ സ്തുതിച്ച ചിയാരാ ബദാനോയും, ജീവൻ കൊടുത്തും വിശ്വാസം കാത്ത ജോസെ ലൂയിസും തർസീസിയൂസുമെല്ലാം ആധുനിക തലമുറയ്ക്ക് അനുകരിക്കാൻ പറ്റിയ ഉത്തമ മാതൃക കളാണ്.

*നമ്മുടെ ദൈനംദിന ജീവിത സാഹചര്യങ്ങളിൽ വിശ്വസ്തതയോടെയും സന്തോഷത്തോടെയും ജീവിക്കാനും, പ്രതിസന്ധികളിൽ തളരാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും ഈ യുവ ജീവിതങ്ങൾ ഓരോ യുവാവിനും എന്നും വലിയ പ്രചോദനമാണ്. നമ്മുടെ യുവത്വത്തെ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഈ വിശുദ്ധരുടെ മാതൃക പിന്തുടരാൻ നമുക്കും ശ്രമിക്കാം.*

# ഒപ്പം നടക്കുന്നവർ

*ക്രൈസ്തവ യുവജനങ്ങൾ സഭയുടെ വർത്തമാനവും ഭാവിയുമാണ്. യുവജനങ്ങളെ വിശ്വാസ ത്തിലും മൂല്യബോധത്തിലും സാമൂഹിക പ്രതിബദ്ധതയിലും വളർത്തിയെടുക്കുന്നതിൽ വൈദികരുടെ പങ്ക് അതീവ പ്രധാനമാണ്. യുവജന പ്രേഷിത പ്രവർത്തനങ്ങൾ വിജയകരമാകണമെങ്കിൽ വൈദികരുടെ നേതൃത്വവും മാർഗനിർദേശവും സജീവ സാന്നിധ്യവും അനിവാര്യം തന്നെ.*

*ക്രൈസ്തവ യുവജന പ്രേഷിത പ്രവർത്തനത്തിൽ വൈദികർ വെറും സംഘാടകരല്ല, മറിച്ച് ആത്മീയ പിതാക്കന്മാരും മാർഗദർശകരും സഹയാത്രികരുമാണ്. യുവജനങ്ങളെ സഭയുടെ ജീവനുള്ള ശക്തിയായി വളർത്തിയെടുക്കുന്നതിലൂടെ സഭയുടെ ഭാവിയെ സുരക്ഷിതമാക്കാനും സമൂഹത്തിൽ ക്രിസ്തുവിന്റെ സാക്ഷികളായി അവരെ രൂപപ്പെടുത്താനും വൈദികർക്ക് കഴിയും. യുവജനങ്ങളോടൊപ്പം നടക്കുകയും അവരെ കേൾക്കുകയും വിശ്വസിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലാണ് വൈദികരുടെ പ്രേഷിത ദൗത്യത്തിന്റെ വിജയമെന്ന് പറയാം.*

*വരാപ്പുഴ അതിരൂപതയിൽ വിവിധ യുവജന സംഘടനകൾക്കൊപ്പം സഞ്ചരിക്കുന്ന വൈദികർ സംസാരിക്കുന്നു..*



**_സിബി ജോയ്_**



**ഫാ. ജിജു തിയ്യാടി**
(യൂത്ത് കമ്മീഷൻ മുൻ ഡയറക്ടർ)

യുവജനങ്ങളില്ലാത്ത ഒരു സമൂഹത്തെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയില്ലെന്നാണ് വരാപ്പുഴ അതിരൂപത യൂത്ത് കമ്മീഷൻ മുൻ ഡയറക്ടർ ഫാ. ജിജു ക്ലീറ്റസ് തിയ്യാടിയുടെ അഭിപ്രായം. സഭയെയും സമൂഹത്തെയും സംബന്ധിച്ച് യുവത്വം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു കാല ഘട്ടമാണ്. യുവജനങ്ങൾ, അവർ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന മേഖല ഏതാണോ അതിനുവേണ്ടി എത്ര സമയം വേണമെങ്കിലും ചെലവഴിക്കും. എന്നാൽ താൽപര്യ മില്ലാത്ത മേഖലയാണെങ്കിൽ അവർ അതിന് പുറംതിരിഞ്ഞ് നട ക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. നവമാധ്യമങ്ങൾ, സമൂഹത്തിലുള്ള സുഖസൗകര്യങ്ങൾ, പണം സമ്പാദിക്കുവാനായുള്ള എളുപ്പ

മാർഗങ്ങൾ, രാത്രികാലങ്ങളിലെ സ്വാതന്ത്ര്യം തുടങ്ങി ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങളും സൗകര്യങ്ങളും പരമാവധി ഉപയോഗിക്കുന്ന യുവത്വം സമൂഹത്തിന്റ വിവിധ ങ്ങളായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. വളരെ ചുരുക്കം കുട്ടികൾ മാത്രമേ നാട്ടിലുള്ള ഉന്നത വിദ്യാഭ്യാ സത്തിലേക്ക് പോകുന്നുള്ളൂ. പ്ലസ് ടു കഴിഞ്ഞ് പെട്ടെന്ന് തന്നെ കുട്ടികൾ വിദേശരാജ്യ ങ്ങളിലേക്കും, പെട്ടെന്ന് പണം സമ്പാദിക്കുന്ന മേഖലകളിലേക്കും കടക്കുകയാണ്.

ഒരു വശത്ത് ഒന്നിനോടും താല്പര്യമില്ലാത്ത, വിശ്വാസമില്ലാത്ത ഉത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറാകാത്ത അവരുടെ സ്വന്തം സന്തോഷങ്ങ ളിൽ മാത്രം കുടികൊള്ളുന്ന ഒരുപറ്റം യുവജനങ്ങൾ. മറ്റൊരു വശത്ത് വീടിനോടും കുടുംബാംഗ ങ്ങളോടും ഉത്തരവാദിത്ത ത്തോടും സ്നേഹത്തോടും പെരുമാറുന്ന, എന്നാൽ പുറമേ സമൂഹത്തോട് പ്രതിബദ്ധത യൊന്നും കാണിക്കാതെ കടന്നുപോകുന്ന മറ്റൊരുകൂട്ടം യുവജനങ്ങൾ. സൗഹൃദങ്ങളിൽ മാത്രം കേന്ദ്രീകരിച്ച്, വീടിനോടും സമൂഹത്തോടും മറ്റ് കുടുംബബന്ധങ്ങളോടും ഒന്നും വലിയ താല്പര്യമോ ആത്മാർത്ഥതയോ കാണിക്കാത്ത വേറൊരു കൂട്ടം യുവജനങ്ങൾ.

യുവജനങ്ങളിൽ തീർച്ചയായിട്ടും നന്മയുണ്ട്, ഉള്ളിൽ സ്നേഹം ഉണ്ട്. യുവജനങ്ങൾക്കിടയിൽ എവിടെയൊക്കെയോ ഒരു കണക്ഷൻ വിട്ടുപോകുന്നതായി തോന്നിപ്പോകുന്നു. മുതിർന്നവർ ബോധപൂർവ്വം ഒരുപാട് ശ്രദ്ധ ചെലുത്തേണ്ട ഒരു സമയമാണ് യുവത്വം. അത് സമുദായം ആണെ ങ്കിലും സമൂഹമാണെങ്കിലും, മുതിർന്നവർ ഉൾപ്പെടുന്നവർ ആണെങ്കിലും യുവജനങ്ങൾക്ക് നൽകേണ്ട ഒരു സ്പേസ് കൊടുക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

യുവജനങ്ങളെ ശ്രദ്ധിക്കുന്നില്ല എന്നുള്ള ഒരു തോന്നൽ അവർക്കിടയിൽ ഉണ്ടാകരുത്. ഒരു സമുദായത്തിന്റെയും സമൂഹത്തിന്റെയും ഏതൊരു പ്രവർത്തന മേഖലയിലും വളരെ പ്രാധാന്യത്തോടുകൂടി യുവജനങ്ങളെ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അവർക്ക് കൊടുക്കേണ്ട ആ സ്പേസ് കൊടുക്കുവാൻ സാധിക്കണം.

നമ്മുടെ എല്ലാ ദേവാലയങ്ങളിലും യുവജനങ്ങളുടെ കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാൻ സാധിക്കണം. അവരോട് പറയുക എന്നതിനേക്കാൾ ഉപരിയായി അവരെ കേൾക്കാനുള്ള സന്നദ്ധത നമ്മുടെ സമൂഹത്തിലും സമുദായത്തിലും ഉണ്ടാകണം.

*മുതിർന്നവർ ബോധപൂർവ്വം ഒരുപാട് ശ്രദ്ധ ചെലുത്തേണ്ട സമയമാണ് യുവത്വം. അത് സമുദായം ആണെങ്കിലും സമൂഹമാണെങ്കിലും, ആണെങ്കിലും യുവജനങ്ങൾക്ക് നൽകേണ്ട ഒരു സ്പേസ് കൊടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.*



**ഫാ. എബിൻ ജോസ് വാര്യത്ത്**
കെസിവൈഎം വരാപ്പുഴ അതിരൂപത പ്രമോട്ടർ

"Learn to seal the dead past, not to worry about the unborn future, but live and enjoy the realistic present". ""മരിച്ച ഇന്നലെകളെ കുറിച്ചോ, ഇനിയും ജനിച്ചിട്ടില്ലാത്ത നാളെയോ കുറിച്ചോ ആകുലപ്പെടാതെ, ഈ ദിവസം ഈ നിമിഷം അത് ജീവിക്കുക ആസ്വദിക്കുക".

കേരള കത്തോലിക്കാ സഭ യുവജന ദിനമായി ആചരിക്കു മ്പോൾ യുവജനങ്ങളോട് പങ്കുവയ്ക്കാനുള്ളത് വി. ഫ്രാൻസിസ് സേവ്യറിന്റെ ഈ ആത്മീയ ചിന്തയാണെന്ന് കെസിവൈഎം വരാപ്പുഴ

അതിരൂപത പ്രമോട്ടർ ഫാ. എബിൻ ജോസ് വാര്യത്ത് പറയുന്നു.

മരിച്ച ഇന്നലകളെക്കുറിച്ചോ, ഇനിയും ജനിച്ചട്ടില്ലാത്ത നാളെയെകുറിച്ചോ ചിന്തിച്ച് സമയം നഷ്ടപ്പെടുത്താതെ, ഈ ദിവസം ഈ നിമിഷം സഭയുടെയും സമൂഹത്തിന്റേയും നന്മയ്ക്ക് വേണ്ടി നിലകൊള്ളുന്നവരായിട്ട് ഓരോ യുവാവും യുവതിയും മാറണം. ഈയൊരു മൂല്യം ഇന്നത്തെ യുവജന തലമുറകളിൽ നിലനിൽക്കണമെങ്കിൽ, യുവജനങ്ങൾ പ്രാർത്ഥനയും, പ്രവർത്തിയും ജീവിതത്തിൽ നിറം മങ്ങിപ്പോകാതെ കാത്തുസൂക്ഷിക്കണം. പ്രാർത്ഥന ദൈവത്തോടും, പ്രവൃത്തി കൂടെയുള്ളവരോടും നല്ല ബന്ധത്തിൽ ആയിരിക്കുവാൻ സഹായിക്കും.

ആധുനിക കാലഘട്ടത്തിൽ യുവജനങ്ങളുടെ വലിയ വെല്ലുവിളി എന്നത് പ്രാർത്ഥിക്കുന്ന ഒരു വിശ്വാസ ജീവിതവും, മടികൂടാതെ പ്രവർത്തിക്കാനും അധ്വാനിക്കുവാനുമുള്ള മനസ്സുമാണ്. നിങ്ങൾ ഭൂമിയുടെ ഉപ്പാണ്, നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (മത്തായി 5:13). ഈശോയുടെ ഈ വചനങ്ങൾ യുവജനങ്ങളെ കുറിച്ചാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

ഉറകെട്ട് പോകാതെയും, വെട്ടം മങ്ങിപ്പോകാതെയും പ്രാർത്ഥിച്ചും പ്രവർത്തിച്ചും ജീവിക്കുവാൻ യുവജനങ്ങൾക്ക് സാധിക്കണം. അതിന് വലിയ ഒരു പ്രചോദനവും അടയാളവുമാണ് ഈ യുഗത്തിന്റെ വിശുദ്ധനായ കാർലോ അക്യൂട്ടസും, നമുക്കിടയിൽ ജീവിച്ചു മരിച്ച നമ്മുടെ അതിരൂപത അംഗമായ അജ്നയുമെല്ലാം. ജീസസ് യൂത്ത്, സി.എൽ.സി., കെ.സി.വൈ.എം. എന്നീ യുവജന സംഘടനകൾ എല്ലാം തന്നെ ക്രൈസ്തവ യുവതീ യുവാക്കളെ പ്രാർത്ഥിച്ചും പ്രവർത്തിച്ചും ജീവിക്കുവാൻ സഹായിക്കുന്ന പ്രവർത്തനമേഖലകളാണ്. ഈ യുവജന സംഘടനയുടെ വിവിധ പ്രവർത്തനങ്ങളിലൂടെ ലോകത്തിന്റെ ഉപ്പും വെളിച്ചവുമായി മാറാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിക്കുമെന്ന് എബിനച്ചൻ പ്രത്യാശ പ്രകടിപ്പിക്കുന്നു.



**ഫാ. ജോബി ആലപ്പാട്ട്**
(സിഎൽസി വരാപ്പുഴ അതിരൂപത പ്രമോട്ടർ )

പലപ്പോഴും യുവജനങ്ങളെക്കുറിച്ച് തെറ്റായ ചിന്താധാരകളാണ് പൊതുസമൂഹത്തിലുള്ളതെന്ന് സി.എൽ.സി. അതിരൂപത പ്രമോട്ടർ ഫാ. ജോബി ആലപ്പാട്ട് പറയുന്നു. ഏകദേശം രണ്ടു വർഷത്തിലധികമായി വരാപ്പുഴ അതിരൂപതയുടെ യുവജന കൂട്ടായ്മയോട് ചേർന്നു പ്രവർത്തിക്കുന്നു. യുവജനങ്ങൾ പാരമ്പര്യങ്ങളെ വകവയ്ക്കുന്നില്ല. ഈ ലോകത്തിന്റെ ആർഭാടങ്ങളുടെ പുറകെയാണ്. അവർ പ്രാർത്ഥിക്കുന്നില്ല. ഇങ്ങനെ പലതും അവരെക്കുറിച്ച് പറയുന്നത് കേൾക്കാറുണ്ട്. സത്യത്തിൽ എന്റെ കാഴ്ചപ്പാടിൽ നമ്മുടെ യുവജനങ്ങൾക്ക് ഒരു ഐഡന്റിറ്റി ക്രൈസിസ് ഉള്ളതു പോലെയാണ് എനിക്ക് തോന്നുന്നത്.

അവർക്കുള്ള സ്പേസ് എന്താണ്. സഭയിൽ അവർ എങ്ങനെ പ്രവർത്തിക്കണം. എന്തെങ്കിലും പരിപാടികൾ വരുമ്പോൾ അവരെ വെറുമൊരു പ്രവർത്തകർ മാത്രമായിട്ടാണോ പലപ്പോഴും നമ്മൾ കാണുന്നത് എന്ന് സംശയമുണ്ട്. സഭയുടെ പഠനങ്ങളോട് വളരെ താല്പര്യമുള്ള വരാണവർ. എന്നാൽ അവർ പഠിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ എത്രമാത്രം കഴിയുന്നു എന്നുള്ളത് ഒരു ചോദ്യമാണ്. അവർ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആ പ്രവർത്തനത്തിന്റെ അടിസ്ഥാനം യേശുക്രിസ്തു ആണെന്നുള്ള ഒരു ബോധ്യം അവർക്കുണ്ടാകണം. സഭയുടെ പഠനങ്ങളോടും സഭയുടെ പ്രബോധനങ്ങളോടും ചേർന്ന് പ്രവർത്തിക്കുവാൻ അവർക്ക് കഴിയണമെങ്കിൽ ആഴമായ ബോധ്യം നാം നമ്മുടെ യുവജനങ്ങൾക്ക് നൽകേണ്ടിയിരിക്കുന്നു.

പലപ്പോഴും അവർ സ്വയം ഉയർത്തിക്കാട്ടുവാൻ പരിശ്രമിക്കുന്നതായി തോന്നാറുണ്ട്. നിങ്ങളിൽ ഒന്നാമൻ ആകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആകണം എന്നുള്ള കർത്താവിന്റെ വചനം നമ്മുടെ പ്രവർത്തന പ്രവർത്തന മേഖലകളെ സൂചിപ്പിക്കുന്നുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ നമ്മൾ ചെയ്യുന്നതെല്ലാം വാട്സ് ആപ് സ്റ്റാറ്റസിലൂടെയും സോഷ്യൽ മീഡിയയിലൂടെയും ഒക്കെ നമ്മൾ പ്രചരിപ്പിക്കാറുണ്ട്. ഒരർത്ഥത്തിൽ

അത് നല്ലതാണ്. മറ്റുള്ളവർക്ക് പ്രചോദനം നൽകുന്നു. എന്നാൽ പലപ്പോഴും അത് സ്വയം ഉയർത്തിക്കാണിക്കൽ മാത്രമായി മാറുന്നുണ്ടെങ്കിൽ അത് നല്ലൊരു കാഴ്ചപ്പാടായി തോന്നാറില്ല. നിങ്ങളുടെ വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയാതി രിക്കട്ടെ. സുവിശേഷ മൂല്യങ്ങളിൽ അടിസ്ഥാനമിട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവരായി മാറുവാൻ യുവജനങ്ങൾ പരിശ്രമിക്കണം. അവർ ഇതൊന്നും ചെയ്യുന്നില്ല എന്നുള്ളതല്ല, എല്ലാത്തിന്റെയും ഒരു ആത്മീയത നഷ്ടപ്പെട്ടു പോകരുത്.

നമ്മൾ ചെയ്യുന്നത് പ്രവർത്തനം മാത്രമല്ല ആന്തരികമായ പരിവർത്തനം കൂടിയായിരിക്കണം. അതിലേക്ക് നയിക്കുന്ന പ്രവർത്തന മേഖലകളായിരിക്കണം യുവജനപ്രേഷിത പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടത്.

*മരിച്ച ഇന്നല കളെക്കുറിച്ചോ, ഇനിയും ജനിച്ചിട്ടില്ലാത്ത നാളെയോ കുറിച്ചോ ചിന്തിച്ച് സമയം നഷ്ടപ്പെടുത്താതെ, ഈ ദിവസം ഈ നിമിഷം സഭയു ടെയും സമൂഹത്തി ന്റേയും നന്മയ്ക്ക് വേണ്ടി നിലകൊള്ളു ന്നവരായി ഓരോ യുവാവും യുവതി യും മാറണം. യുവജനങ്ങൾ പ്രാർത്ഥനയും പ്രവർത്തിയും ജീവിതത്തിൽ നിറം മങ്ങിപ്പോകാതെ കാത്തുസൂക്ഷിക്കണം.*



**ഫാ. ആന്റണി ആനന്ദ് മണാളിൽ**
(ജീസസ് യൂത്ത് വരാപ്പുഴ അതിരൂപത പ്രമോട്ടർ )

യുവജനങ്ങളെ പൂർണ്ണമായും മനസ്സിലാക്കാൻ പറ്റാതെ പോകുന്നു എന്നുള്ളതാണ് യുവജന പ്രേഷിത പ്രവർത്തന രംഗത്ത് നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് ജീസസ് യൂത്ത് പ്രൊമോട്ടറായി സേവനം ചെയ്യുന്ന ഫാ. ആന്റണി ആനന്ദ് മണാളിൽ പറയുന്നു. അടിസ്ഥാനപരമായി സ്ഥിരതയി ല്ലാത്ത ഒരു ഗ്രൂപ്പാണ് യുവജനങ്ങളെന്ന് തിരിച്ചറിഞ്ഞ് അവരെ ചേർത്തുപിടിക്കാൻ ചിലപ്പോളൊക്കെ നമുക്ക് കഴിയാതെ പോകുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

യുവജനങ്ങൾക്ക് എല്ലാ തലത്തിലും സ്വീകാര്യമായ സ്ഥലമാണ് സഭ എന്നും അവരുടെയും കൂടി ഇടമാണ് സഭ എന്ന് തോന്നുന്ന രീതിയിൽ അവരെ ചേർത്തുപിടിക്കാൻ കഴിയണം. അവരെ വിശ്വാസത്തിലെടുക്കാനും സഭയ്ക്ക് കഴിയണം.

യുവജനങ്ങളോടുള്ള കാഴ്ച പാടിൽ ഒരു തുറന്ന സമീപനമാണ് അവർ ആഗ്രഹിക്കുന്നത്. കെ.സി.വൈ.എം. പോലെയുള്ള യുവജനസംഘടനയിലെ യുവജനങ്ങൾ സഭ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടണമെന്ന് ആഗ്രഹിക്കുന്ന യുവജനങ്ങളാണ്. എന്നാൽ ജീസസ് യൂത്ത് പോലെയുള്ള സംഘടനകളിൽ ചേർന്ന് പ്രവർത്തിക്കുമ്പോൾ അവർ സഭയിൽനിന്ന് പ്രതീക്ഷിക്കുന്നത്, ദേവാലയ ത്തിൽ ഇരുന്ന് അല്പനേരം ശാന്തമായി പ്രാർത്ഥിക്കുവാനും കൂദാശകൾ ഒരുക്കത്തോടെ സ്വീകരിക്കുവാനും വചനത്തിൽ ആഴപ്പെടുവാനും അതിൽ ആത്മീയ സന്തോഷം കൈക്കൊള്ളുവാനുമാണ്. അതിനുള്ള സാഹചര്യങ്ങളും സമീപനങ്ങളും സഭയുടെ വിവിധ തലങ്ങളിൽ ഒരുക്കണമെന്ന് അവർ ആഗ്രഹിക്കുന്നു.

യുവജനങ്ങൾ സഭയ്ക്കും സമൂഹത്തിനും സമുദായത്തിനും സ്വീകാര്യരാണെന്ന് തോന്നുന്ന രീതിയിൽ അവരെ വിശ്വാസത്തി ലെടുക്കാനും ചേർത്തുപിടി ക്കാനും കഴിയണം. സഭയുടെ യുവജന പ്രേഷിത പ്രവർത്തന ത്തിൽ അവരെ തുറവിയോടെ ചേർത്തുപിടിക്കാനും അവരെ കേൾക്കാനും കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ആനന്ദച്ചൻ പറഞ്ഞുവയ്ക്കുന്നു.




# യുവജന ശുശ്രൂഷയിലെ അനുഭവങ്ങളും ആകുലതകളും

കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ വരാപ്പുഴ അതിരൂപതയുടെ യുവജന പ്രേഷിതരംഗത്ത് പ്രവർത്തിച്ചിട്ടുള്ള മുൻ നേതാക്കൾ അവരുടെ അനുഭവങ്ങളും പ്രതീക്ഷകളും പങ്കുവെയ്ക്കുന്നു.



## എം.എസ്. അഗസ്റ്റിൻ

KCYM ***മുൻ അതിരൂപതാ ജനറൽ സെക്രട്ടറി. 1996-1998***

എന്നെ സ്വാധീനിച്ച യുവജന പ്രസ്ഥാനമാണ് കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്. ഒരു വ്യക്തിയെന്ന നിലയിലുള്ള എന്റെ വളർച്ചയിലും സാമൂഹിക ബോധത്തിന്റെ രൂപീകരണത്തിലും കെ.സി.വൈ.എം. നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഇടവക കേന്ദ്രീകൃതമായ യുവജന സംഘടനകൾ ആത്മീയ, കലാ,കായിക മേഖലകളിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, പള്ളിയുടെ മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങാതെ പൊതു സാമൂഹിക-രാഷ്ട്രീയ വിഷയങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ട് കത്തോലിക്കാ യുവാക്കൾക്ക് പുതിയൊരു ദിശാബോധം നൽകാൻ സാധിച്ചുവെന്നതാണ് കെ.സി.ഐ.എം. ന്റെ ചരിത്രപരമായ പ്രസക്തി.

**പ്രവർത്തനങ്ങളുടെ ആദ്യകാലങ്ങൾ**

യൂത്ത് മൂവ്മെന്റിന്റെ ആദ്യകാല പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത ഇടപെടലുകളായിരുന്നു. അക്കാലത്തെ ചില ശ്രദ്ധേയമായ പോരാട്ടങ്ങൾ ഇവയാണ്.

ദ്വീപ് വികസന പദയാത്രകൾ (1987,1991): വൈപ്പിനിലെയും, കടമക്കുടി, മുളവുകാട് പഞ്ചായത്തുകളിലെ ദ്വീപുകളിലെയും പാലങ്ങൾ യാഥാർത്ഥ്യമായതിൽ കെ.സി.വൈ.എം. ന്റെ ഇടപെടലുകൾക്ക് ശ്രദ്ധേയമായ പങ്കുണ്ട്. എറണാകുളവുമായി കരമാർഗ്ഗം ബന്ധമില്ലാതിരുന്ന ഈ ദ്വീപുകളിൽ പാലങ്ങൾ നിർമ്മിക്കണമെന്ന ആവശ്യവുമായി 1987-ൽ കെ.സി.വൈ.എം. നെട്ടൂർ മുതൽ കൊടുങ്ങല്ലൂർ വരെ പദയാത്ര നടത്തി. 1991-ൽ വരാപ്പുഴയിൽ നിന്ന് ആരംഭിച്ച് ദ്വീപ് സമൂഹങ്ങളിലൂടെ സഞ്ചരിച്ച് ഞാറക്കലിൽ സമാപിച്ച ദ്വീപ് വികസ പദയാത്ര ശക്തമായ യുവ മുന്നേറ്റമായി മാറി.

സാമൂഹിക തിന്മകൾക്കെതിരെ: 1982-ലെ വൈപ്പിൻ മദ്യദുരന്ത സമയത്ത് കെ.സി.വൈ.എം. പ്രവർത്തകർ രക്ഷാപ്രവർത്തനങ്ങളുമായി രംഗത്തിറങ്ങുകയും ദുരന്തബാധിതർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനായി സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

തൊഴിൽ-വിദ്യാഭ്യാസ സംരക്ഷണം: പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ മരവിപ്പിച്ച് അർഹരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നിഷേധിച്ച സർക്കാർ നയങ്ങൾക്കെതിരെ റാങ്ക് ഹോൾഡേഴ്സ് ഫോറം രൂപീകരിക്കുകയും പ്രതിഷേധ സമരങ്ങൾ നടത്തുകയും ചെയ്തു.

വിദ്യാലയങ്ങളിലെ അക്രമ രാഷ്ട്രീയത്തിനെതിരെ: ഉപവാസ സമരങ്ങളും ജനഹിത പരിശോധനകളും സംഘടിപ്പിച്ച് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

സർഗാത്മകവും ജനകീയവുമായ ഇടപെടലുകൾ: മണ്ഡൽ കമ്മീഷൻ ശുപാർശകളെക്കുറിച്ചുള്ള സെമിനാറുകൾ, രക്തദാന സെല്ലുകൾ, മെഡിക്കൽ ക്യാമ്പുകൾ, സർവകലാശാല പരീക്ഷാ ക്രമക്കേടുകൾക്കെതിരായ പ്രതിഷേധങ്ങൾ, 1990-ലെ തപാൽ നിരക്ക് വർദ്ധനവിനെതിരായി പ്രധാനമന്ത്രിക്ക് കൂലിക്കത്ത് അയയ്ക്കൽ എന്നിവയും യുവജന പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നു.

*ഇടവക കേന്ദ്രീകൃതമായ യുവജന സംഘടനകൾ ആത്മീയ, കലാ,കായിക മേഖലകളിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, പള്ളിയുടെ മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങാതെ പൊതു സാമൂഹിക-രാഷ്ട്രീയ വിഷയങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ട് കത്തോലിക്കാ യുവാക്കൾക്ക് പുതിയൊരു ദിശാബോധം നൽകാൻ സാധിച്ചുവെന്നതാണ് കെ.സി.ഐ.എം. ന്റെ ചരിത്രപരമായ പ്രസക്തി.*

പ്രതിഭകളെ കണ്ടെത്താനുള്ള വേദികൾ: 1990-ൽ സംഘടിപ്പിച്ച 'സിംഫെസ്റ്റ്, കായികമത്സരങ്ങൾ, സാഹിത്യ ശിൽപശാലകൾ, നേതൃത്വപരിശീലന ക്യാമ്പുകൾ എന്നിവയിലൂടെ നിരവധി യുവപ്രതിഭകളെ കണ്ടെത്താനും വളർത്താനും സാധിച്ചു.

**പുതിയ കാലം, പുതിയ ശൈലി പുതിയ ശൈലി**

മാറുന്ന കാലത്തിനനുസരിച്ച് യുവജന സംഘടനകളുടെ പ്രവർത്തന ശൈലിയിലും കാതലായ മാറ്റങ്ങൾ വരേണ്ടതുണ്ട്. പരമ്പരാഗത ചട്ടക്കൂടുകളിൽ നിന്ന് മാറി ഇന്നത്തെ തലമുറയെ ഉൾക്കൊള്ളാൻ പുതിയ സമീപനങ്ങൾ ആവശ്യമാണ്.

**കരിയറും മാനസികാരോഗ്യവും:** യുവാക്കളുടെ കരിയർ വികസ

നം, മാനസികാരോഗ്യം, ആധുനിക സാങ്കേതിക വിദ്യകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. അതോടൊപ്പം, പഠനത്തിനനുസൃതമായ തൊഴിലും മാന്യമായ വേതനവും നാട്ടിൽ ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഭരണാധികാരികൾ തയ്യാറാകണം.

**നേതൃത്വപരമായ പങ്കാളിത്തം:**
യുവാക്കളെ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന അണികളായി മാത്രം കാണാതെ, തീരുമാനമെടുക്കുന്ന വേദികളിലും ആസൂത്രണ പ്രക്രിയകളിലും പങ്കാളികളാകണം. നേതൃത്വ ചുമതലകൾ ഏറ്റെടുക്കാനുള്ള അവസരങ്ങളും അവർക്ക് ലഭിക്കണം.

**സാമൂഹിക നന്മയിലേക്കുള്ള വഴി തിരിച്ചുവിടൽ:**
മതപരമായ മൂല്യങ്ങൾ കേവലം ആചാരങ്ങളിൽ ഒതുങ്ങരുത്. സമൂഹത്തിലെ സാധാരണക്കാരെ സഹായിക്കാനും സാമൂഹിക നന്മയ്ക്കായി പ്രവർത്തിക്കാനും യുവാക്കളെ പ്രചോദിപ്പിക്കാൻ ഇവയ്ക്ക് കഴിയണം.

**ഡിജിറ്റൽ സാധ്യതകളുടെ പ്രയോജനം:**
ഇന്നത്തെ തലമുറ പൊതുവിഷയങ്ങളിൽ നേരിട്ടിറങ്ങി പ്രവർത്തിക്കുന്നതിനേക്കാൾ സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള ഇടപെടലുകൾക്കാണ് കൂടുതൽ മുൻഗണന നൽകുന്നത്. ഈ സാങ്കേതിക മികവ്, സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ സംഘടനകൾ പ്രാപ്തമാകണം.

പ്രളയകാലത്തെയും കോവിഡ് പ്രതിസന്ധി കാലത്തെയും പോലെ, ദുരന്തമുഖങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഇന്നും നമ്മുടെ യുവാക്കൾ ഒത്തൊരുമയോടെ മുന്നോട്ടു വരുന്നു എന്നത് വലിയ പ്രത്യാശ നൽകുന്നു.

പഴയകാലത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവീര്യവും പുതിയ കാലത്തിന്റെ അത്യാധുനിക സാങ്കേതിക മികവും പരസ്പരം കൈകോർക്കുമ്പോൾ, പുതിയൊരു യുവജന മുന്നേറ്റം സാധ്യമാകുമെന്നതിൽ സംശയമില്ല. യുവജന കൂട്ടായ്മകളുടെ ഭാവിയും പ്രതീക്ഷയും അതിലാണ് നിലകൊള്ളുന്നത്.



## എന്നെ സ്വാധീനിച്ച, രൂപപ്പെടുത്തിയ യുവജന സംഘടന

## ജോസഫ് ജൂഡ്

KCYM *മുൻ അതിരൂപത-സംസ്ഥാന പ്രസിഡൻറ്.*
KRLCC *വൈസ് പ്രസിഡന്റ് - സമുദായ വക്താവ്*

1982-ലാണ് മൂത്തേടം ഇടവകയിൽ കാത്തലിക് യൂത്ത് മൂവ്മെന്റിനു രൂപം നൽകുന്നത്. ആ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിക്കുന്നതിനുള്ള ഒരു വേദിയായിട്ടായിരുന്നു സി.വൈ.എം. രൂപപ്പെട്ടത്. അക്കാലത്ത് വരാപ്പുഴ അതിരൂപതയിൽ യുവജനപ്രസ്ഥാനം അറിയപ്പെട്ടിരുന്നത് കാത്തലിക് യൂത്ത് മൂവ്മെന്റ് എന്ന പേരിലായിരുന്നു. (പിന്നീടാണ് കെസിവൈഎം എന്ന പൊതുനാമം സ്വീകരിക്കുന്നത്). 1985-ൽ വരാപ്പുഴ അതിരൂപതയിൽ അന്തർദ്ദേശീയ യുവജന വർഷ ആഘോഷങ്ങളുടെ ഭാഗമായി യുവജനോത്സവം സംഘടിപ്പിക്കപ്പെട്ടപ്പോൾ മൂത്തേടം ഇടവകയ്ക്ക് അതിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. അതിരൂപതാതലത്തിലും സംസ്ഥാന തലത്തിലും യുവജന പ്രസ്ഥാനത്തിന്റെ ഭാഗമായി തീരുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയായിരുന്നു. കാത്തലിക് യൂത്ത് മൂവ്മെന്റ് പകർന്ന ദർശനപരമായ ബോധ്യം ജീവിതത്തിലുടനീളം പ്രചോദനമായിത്തീർന്നിട്ടുണ്ട്. നിരന്തരമായി ലഭിച്ചിരുന്ന ആഴമേറിയ പരിശീലനവും അവസരങ്ങളും എന്നെ ഏറെ സ്വാധീനിച്ചു.

**ഇന്നത്തെ യുവജന കൂട്ടായ്മകളെ വിലയിരുത്തിയാൽ?**

ഞാൻ പ്രവർത്തിച്ചു വളർന്ന കാലത്തെ യുവജനപ്രസ്ഥാനവും ഇന്നത്തെ കാലത്തെ യുവജനപ്രസ്ഥാനങ്ങളും തമ്മിൽ ഒരു വിധത്തിലും താരതമ്യത്തിനുള്ള സാധ്യതകളില്ല. എല്ലാ അർത്ഥത്തിലും സാഹചര്യങ്ങളിലും വ്യതിരിക്തമായ വെല്ലുവിളികളാണ് യുവജനപ്രസ്ഥാനങ്ങൾ നേരിടുന്നത്. വൈയക്തിക തലത്തിലാകട്ടെ യുവജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ സങ്കീർണ്ണവും ബഹുമുഖവുമാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയും ആഗോളവൽകരണവും പുതിയ അവസരങ്ങൾ തുറന്നു കൊടുക്കുമ്പോൾ, നിരവധി സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പ്രശ്നങ്ങളും യുവതലമുറയെ ബാധിക്കുന്നുണ്ട്.

രാജ്യത്ത് അനുദിനം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ അനിശ്ചിതത്വവും വിദ്യാഭ്യാസ യോഗ്യതകൾ നേടാനായിട്ടും സ്ഥിരവും മാന്യവുമായ തൊഴിൽ ലഭ്യമാകാത്തതും യുവജനങ്ങളെ നിരാശയിലേക്ക് നയിക്കുകയാണ്. താൽകാലിക ജോലികളും കുറഞ്ഞ വേതനവും ഭാവിയെക്കുറിച്ചുള്ള അവരുടെ ആശങ്കകൾ വർദ്ധിപ്പിക്കുകയാണ്. എല്ലാ രംഗങ്ങളിലും ഉയർന്നു വരുന്ന അമിതമാകുന്ന മത്സരം, പഠനത്തിലും തൊഴിലിലും ഉയരുന്ന സമ്മർദ്ദം, സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം എന്നിവ കാരണം ഉത്കണ്ഠ, വിഷാദം, ഏകാന്തത തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങൾ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്നത് ആശങ്ക


പ്പെടുത്തുന്നു. സ്മാർട്ട്ഫോണു കളും സോഷ്യൽ മീഡിയയും ജീവിതത്തിന്റെ ഭാഗമായെങ്കിലും അവയുടെ അമിത ഉപയോഗം സമയം നഷ്ടപ്പെടുത്തുകയും വ്യക്തിബന്ധങ്ങളെ ദുർബലമാക്കു കയും ചെയ്യുകയും സാമൂഹിക ബന്ധങ്ങൾ അപ്രാപ്യമാക്കുകയും ചെയ്യുന്നു. ലഹരി വസ്തുക്കളുടെ എളുപ്പത്തിലുള്ള ലഭ്യതയും അവ യുടെ ഉപയോഗവും മദ്യവും മയ ക്കുമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും യുവജനങ്ങളെ തെറ്റായ വഴികലിലേക്ക് നയിക്കു ന്നു.

**തൃപ്തനാണോ? പ്രശ്നങ്ങൾ, പരിഹാരങ്ങൾ**

ഇന്നത്തെ യുവജനങ്ങൾ വെല്ലുവി ളികളാൽ ചുറ്റപ്പെട്ടിരിക്കുമ്പോഴും അവർ സമൂഹത്തിന്റെ ഏറ്റവും വലിയ പ്രതീക്ഷയാണ്. ഗുണമേന്മ യുള്ള വിദ്യാഭ്യാസം, തൊഴിലവസ രങ്ങൾ, മാനസികാരോഗ്യ പിന്തു ണ, മൂല്യാധിഷ്ഠിത പരിശീലനം, സാമൂഹിക നീതി എന്നിവ ഉറപ്പു വരുത്തിയാൽ യുവതലമുറയ്ക്ക് ഈ വെല്ലുവിളികളെ ശക്തിപ്പെടു ത്തുന്നത് രാജ്യത്തിന്റെ ഭാവിയെ ശക്തിപ്പെടുത്തുന്നതിന് തുല്യമാ ണ്. സമുദായത്തിന്റെ ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും, സുസ്ഥിരവികസനം സാധ്യമാക്കു ന്നതിനുള്ള വിഭവങ്ങളാണ് യുവജ നങ്ങൾ. മുന്നോട്ടുള്ള കേരള ത്തിന്റെ നിർമ്മിതിയിലും പ്രയാണ ത്തിലും യുവജനങ്ങൾ എവിടെ യാണ് എന്നത് ഗൗരവതരമായി എല്ലാവരും വിലയിരുത്തേണ്ടതാ ണ്. എന്നാൽ ലത്തീൻ സമുദായം ഇക്കാര്യത്തിൽ പുലർത്തുന്ന നിസ്സംഗത സമുദായത്തിന്റെ പുരോഗതി കാംക്ഷിക്കുന്ന ഏവ രെയും ആശങ്കപ്പെടുത്തുന്നു.

ലോകവും മാറുന്ന തൊഴിലും തൊഴിൽ ഘടനയും ആവശ്യപ്പെ ടുന്ന പുതിയ യാഥാർത്ഥ്യങ്ങ ളോടു പൊരുത്തപ്പെടുന്ന നിപുണ തകൾ സ്വന്തമാക്കാനും സമരസ പ്പെടാനും വചനാതീതവും അതി വേഗത്തിലുള്ളതുമായ സാങ്കേ തിക വൈജ്ഞാനിക മാറ്റങ്ങൾ സ്വായത്തമാക്കുന്ന തരത്തിൽ യുവജനങ്ങൾ ഒരുക്കപ്പെടണം.

യുവജനങ്ങളുടെ നേതൃപരമായ കഴിവുകളും സംഘാടക മികവും സാമൂഹിക ബോധവും തേച്ചു മിനുക്കിയെടുക്കാൻ യുവജന ങ്ങൾക്ക് അവസരങ്ങൾ സൃഷ്ടിക്ക പ്പെടണം. സംഘാത പ്രവർത്തനം, നേതൃത്വഗുണം, ക്രിയാത്മകത, സംരംഭകത്വം എന്നിവ പ്രത്യേക മായി സന്നിവേശിപ്പിക്കപ്പെടണം. അദ്ധ്വാനശക്തിയുടെ ഭാഗമായി മാറുമ്പോൾ തന്നെ പഠന പ്രക്രിയ മുന്നോട്ടു കൊണ്ടുപോകാൻ യുവ ജനങ്ങൾക്കു കഴിയണം. വിദ്യാ ഭ്യാസ സമ്പാദനത്തിൽ ഒരു കുതിച്ചു ചാട്ടത്തിനു നമ്മൾ തയ്യാ റാകണം. ഭാവിയിലെ തൊഴിൽ സൃഷ്ടിയിൽ പുതുസംരഭകത്വം ഒരു പ്രധാനമേഖലയായി ലോക മെങ്ങും പരക്കെ അംഗീകരിക്കപ്പെ ട്ടിരിക്കുന്നു. സംരഭകത്വം യുവജന ങ്ങൾക്കിടയിൽ പ്രോത്സാഹിപ്പിക്കു ന്നതിന് ക്രിയാത്മക കർമ്മപദ്ധതി കളുമായി നമ്മുടെ സംഘടനകളും ശുശ്രൂഷാസംവിധാനങ്ങളും രംഗത്തു വരണം.



## പി.ആർ. അലോഷ്യസ്

KCYM ***മുൻ അതിരൂപതാ ജനറൽ സെക്രട്ടറി***

രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം 1974 ലാണ് നമ്മുടെ അതിരൂപതയിൽ യുവജന പ്രസ്ഥാനമായി സി വൈ എം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത്. ഇതേക്കുറിച്ച് കേട്ടറിഞ്ഞ ഞങ്ങൾ ഏതാനും യുവാക്കൾ സി വൈ എം യൂണിറ്റ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. അന്നത്തെ വികാരി ബഹുമാനപ്പെട്ട ലിയോറോച്ച അച്ചനെ അറിയിക്കുകയും അദ്ദേഹം അനുവദിക്കുകയും ചെയ്തു. അങ്ങനെ ഇടവക വികാരി ഫാ. കുര്യൻ മാരാ പറമ്പിൽ ഡയറക്ടറും ഈ കുറിപ്പെഴുതുന്നയാൾ പ്രസിഡ ണ്ടുമായി 50 ഓളം യുവതി യുവാക്കൾ ഒത്തുചേർന്ന് പ്രവർത്തനമാരംഭിച്ചു. ആദ്യകാല ങ്ങളിൽ വേണ്ടത്ര നേതൃത്വ പാടവ മോ പ്രവർത്തന പരിചയമോ ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. എങ്കിലും സംഘടിതമായ പ്രവർത്തനത്തിലൂടെ ഒട്ടേറെ കാര്യങ്ങൾ നിർവഹിക്കുവാൻ കഴിഞ്ഞു. പിന്നീട് യൂണിറ്റ് തലത്തിലും അതിരൂപത തലത്തിലും നടത്തപ്പെടുന്ന നേതൃത്വ പരിശീലനങ്ങളും, വിവിധ വിഷയങ്ങളെ അധികരിച്ച് നടത്തിയ പഠന പരിപാടികളും ഒക്കെ ഞങ്ങളെ കൂടുതൽ പ്രവർത്തന നിരതരാക്കി.

അക്കാലത്ത് വൈപ്പിൻ മേഖലാതലത്തിൽ നടത്തിയ (സഞ്ചാര യോഗ്യമല്ലാത്ത വൈപ്പിൻ മുനമ്പം റോഡ്, രൂക്ഷമായ കുടിവെള്ള ദൗർലഭ്യം, വൈപ്പിൻ വിഷമദ്യ ദുരന്തം, ഫെറി സമരം, ഗോശ്രീ പാലങ്ങൾക്കായുള്ള സമരങ്ങൾ, മത്സ്യത്തൊഴിലാളിസമരങ്ങൾ) ഈ സമരങ്ങളിലൊക്കെ യുള്ള സജീവമായ പങ്കാളിത്തം വലിയ അനുഭവങ്ങൾ ആയിരുന്നു. പൊതുസമൂഹത്തിന്റെ പ്രശ്ന ങ്ങളിൽ ഇടപെടാനും പരിഹാരം കാണാനും ഇത്തരം സമരങ്ങൾക്ക് കഴിഞ്ഞിരുന്നു. അക്കാലത്ത് കേട്ടിരുന്ന ഗൂഡല്ലൂർ കുടിയിറക്ക് സമരം, പാതാളം ബണ്ട് സമരം, സംസ്ഥാന തലത്തിൽ വ്യാപകമായി നടത്തിയിരുന്ന മത്സ്യത്തൊഴിലാളി സമരങ്ങളോടു പക്ഷംചേർന്ന് നടത്തിയ നിരവധി പൊതു യോഗങ്ങൾ, കാൽനട പ്രചാരണ ജാഥകൾ, പ്രീഡിഗ്രി ബോർഡിനെതിരെ നടത്തിയ പ്രതിഷേധങ്ങളൊക്കെ ത്രസിപ്പിക്കുന്ന ഓർമ്മകളാണ്. ഒപ്പം അതിരൂപത സംസ്ഥാന തലങ്ങളിൽ നടന്ന കലോത്സവ ങ്ങൾ, മൂന്നുദിവസം നീണ്ടുനിന്ന നെട്ടൂർ കൊടുങ്ങല്ലൂർ പദയാത്ര, പുതിയ നേതൃത്വത്തെ വളർത്തി



ക്കൊണ്ടു വരുവാനുള്ള നിരന്തര പ്രവർത്തനങ്ങൾ, സംസ്ഥാന പരിപാടികളിലെ പങ്കാളിത്തം, ഒക്കെ വരാപ്പുഴ അതിരൂപതയിലെ യുവജനതയെ ശാക്തീകരിക്കാൻ ഏറെ സഹായിച്ചു. തുടർന്ന് കെസി വൈഎം ആയ പ്രസ്ഥാനത്തിന് അനിഷേധ്യമായ നേതൃത്വവും അവർക്ക് ഇച്ഛാശക്തിയും ഉണ്ടായിരു ന്നതിനാൽ കേരളത്തിലെ ഇതര യുവജന സംഘടനകളെ പോലും പിന്നിലാക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇതിനെല്ലാം നേതൃത്വം നൽകിയ സർവ്വശ്രീ അഡ്വ: ആൻറണി എം. അമ്പാട്ട്, കെ.ജി. മത്തായി, ജോർജ് പോളിയിൽ, പി.ആർ. ലോറൻസ്, അഗസ്റ്റിൻ പനച്ചിക്കൽ, ജോയി ഗോതുരുത്ത് എന്നിവരോടൊപ്പം തള്ളക്കോഴി കോഴിക്കുഞ്ഞുങ്ങളെപോലെ പ്രസ്ഥാനത്തെ മുഴുവനായി തന്റെ ചിറകിൽ കീഴിൽ സംരക്ഷിക്കുകയും കൂടെ നടക്കുകയും ചെയ്ത പ്രിയ ഫിർമൂസ് കാച്ചപ്പിള്ളി അച്ചന്റെ അതുല്യ വ്യക്തിത്വവും വലിയ പങ്കുവഹിച്ചു. തുടർന്ന് പ്രഗൽഭരായ ഒട്ടേറെ നേതാക്കൾ അവരുടെ ദൗത്യം ഭംഗിയായി നിർവഹിച്ചുകൊണ്ട് പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചു.

കാലങ്ങൾക്കു ശേഷം, മിനിസ്ട്രികളുടെ ആവിർഭാവത്തോടു കൂടി വൈവിധ്യമാർന്ന ലക്ഷ്യങ്ങളും പ്രവർത്തനശൈലികളുമുണ്ടായിരുന്ന യുവജന സംഘടനകളെ ഒരു തൊഴുത്തിൽ കെട്ടിയതോടെ സാമൂഹ്യ തിന്മകൾക്കെതിരെ ശബ്ദമുയർത്തുകയും സമരപരിപാടികൾ ഉൾപ്പെടെ സമൂഹത്തിൽ നിറഞ്ഞുനിന്ന യുവജനസംഘടനകൾ ബോൺസായികളായി കൊണ്ടിരിക്കുന്നു എന്ന് വേണമെങ്കിൽ പറയാം. ഒപ്പം പരിശീലനങ്ങളോ പഠനങ്ങളോ ഒന്നുമില്ലാതെ നിർജീവാവസ്ഥയിൽ ആയിരിക്കുന്നു യുവജന കൂട്ടായ്മകൾ.

ആദ്യകാലങ്ങളിൽ യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തയും ആശയവിനിമയങ്ങൾ നേരിട്ടു തപാൽ വഴിയോ ആയിരുന്നത് ഏറെ ക്ലേശകരമായിരുന്നുവെങ്കിലും, അതെല്ലാം സന്തോഷത്തോടെ എല്ലാവരും ഏറ്റെടുത്തിരുന്നു. ഇന്ന് കാലം മാറി, യാത്ര സൗകര്യങ്ങൾ വേണ്ടത്രയുണ്ട്. ആശയ വിനിമയം സെക്കൻഡുകൾകൊണ്ട് നടത്താവുന്ന വിധം സാങ്കേതിക വിദ്യ വളർന്നു. എന്നാൽ, എസ്.എം.എസ്.കളിലൂടെ ആശയവിനിമയം നിരന്തരം നടത്തുമ്പോഴും, വ്യക്തിപരമായി സഹപ്രവർത്തകരെ തിരിച്ചറിയാനാകാത്ത അവസ്ഥയും ഒരു പരിധിവരെ വന്നുചേർന്നിട്ടുണ്ട്. അങ്ങനെ കൂടിച്ചേരലുകൾ ഇല്ലാതെ വന്നതോടെ ഒരു പൊതുപരിപാടി സംഘടിപ്പിച്ചാൽ യുവജന പ്രവർത്തകരെ പങ്കെടുപ്പി ക്കുന്നത് ശ്രമകരമായി. അതിനെ മറികടക്കാൻ ഡിജെ വരെ നടത്തേണ്ട ഗതികേടിലേക്ക് നേതൃത്വങ്ങൾ എത്തിച്ചേർന്നിരിക്കുന്നു എന്നത് വേദനാജനകമാണ്.

ഇന്നത്തെ ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. കർമ്മധീരതയും സാമൂഹ്യ പ്രതിബദ്ധതയും ലക്ഷ്യ ബോധവും ഉള്ള ഒരു യുവനിരയെ വാർത്തെടുക്കുന്നതിന് അതിരൂപതലത്തിൽ താമസംവിനാ, ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. യുവജന സംഘടനകളെ മിനിസ്ട്രികളിൽ നിന്നും മാറ്റി പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കുകയും അതിന്റെ നേതൃത്വത്തിൽ വരുന്ന വൈദികരെ അടിക്കടിയുള്ള സ്ഥലമാറ്റങ്ങളിൽ നിന്ന് ഒഴിവാക്കുകയും വേണം. ഇവരുടെ നിരന്തരമായ ഇടപെടലിലൂടെ, പഠന പരിശീലനങ്ങളിലൂടെ യുവജനങ്ങളിലെ സർഗ്ഗവാസനയെയും നേതൃത്വത്തെയും തിരിച്ചറിയാനും അവരെ വളർത്തിക്കൊണ്ടുവരുവാനും സാധിച്ചേക്കും. യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് അതിരൂപതലത്തിൽ അതിനുള്ള പദ്ധതികൾ എത്രയും പെട്ടെന്ന് തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു.



## പാപ്പമാരുടെ ഹൃദയം കവർന്ന യുവത്വം


### ലൂയിസ് തണ്ണിക്കോട്ട്

KCYM മുൻ സംസ്ഥാന ട്രഷറർ ,അതിരൂപതാ ജനറൽ സെക്രട്ടറി.


വ്യക്തി എന്ന നിലയിൽ എന്റെ

വ്യക്തിത്വ രൂപീകരണത്തിനും, പൊതുസമൂഹത്തോടുള്ള ഉത്തരവാദിത്തത്തിനും, വ്യക്തിപരമായി ഒരു ധാർമിക മനസ്സാക്ഷി രൂപീകരിക്കുന്നതിനും ഒക്കെ, കെസിവൈഎം – ന് ഉള്ള പങ്ക് വിവരണാതീതമാണ്. 'സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ സ്നേഹിച്ചി ടാത്തൊരു തത്ത്വശാസ്ത്ര ത്തെയും' എന്ന കവിവചനം പോലെ, മനുഷ്യ സ്നേഹത്തിന്റെ പുതിയൊരു അർത്ഥതലം കണ്ടെത്തുവാനും അന്നാളിലെ യുവജന കൂട്ടായ്മ എന്നെ പ്രാപ്തനാക്കി. പ്രവാചക ദൗത്യത്തിന്റെ കാതലും കരുത്തു മായി എന്നെ പരുവപ്പെടുത്തിയ തും അന്ന് ഞാൻ പ്രവർത്തിച്ചി രുന്ന യൂത്ത് മൂവ്മെൻറ് തന്നെയാണ്. സഹോദര സംഘട നകളായ സി എൽസി, ജീസസ് യൂത്ത് തുടങ്ങിയവയിലെ നേതാക്കളുമായി തികഞ്ഞ സൗഹൃദം തന്നെയായിരുന്നു ഞങ്ങൾ പരസ്പരം സൂക്ഷിച്ചിരു ന്നത്. ഒപ്പം ആശയ കൈമാറ്റങ്ങ ളും പരസ്പര പങ്കാളിത്തവും സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു.

ചുരുക്കത്തിൽ, 'ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും, അടിച്ചമർത്തപ്പെട്ട വർക്ക് സ്വാത ന്ത്ര്യവും, കർത്താവിന് സ്വീകാര്യവുമായ വത്സരവും പ്രഖ്യാപിക്കാൻ എന്നെ അയച്ചിരിക്കുന്നു'. (ലൂക്കാ:4-18-19) എന്ന യേശുത മ്പുരാന്റെ തീക്കല്ലു വചനം നെഞ്ചിലേറ്റിക്കൊണ്ട്, ഓരോരോ വിഷയങ്ങളിലെ പഠനങ്ങളും സംവാദങ്ങളും, അനുമോദന ങ്ങളും അവാർഡ് നൈറ്റുകളും ഒപ്പം, സമൂഹ ത്തിലെ ഓരോരോ പ്രശ്നങ്ങളിൽ ഇടപെട്ടു കൊണ്ടുള്ള സമരങ്ങളും സത്യാഗ്രഹങ്ങളും ജാഥകളും പദയാത്രകളും നടത്താനും, അതുവഴി സമൂഹത്തിൽ വേദന അനുഭവിക്കുന്നവരോട് പക്ഷം ചേരാൻ എനിക്കും അന്നത്തെ യുവജന കൂട്ടായ്മയ്ക്കും കഴിഞ്ഞിരുന്നു എന്നത് തിരിഞ്ഞുനോക്കുമ്പോൾ തീർത്തും സന്തോഷവും സംതൃപ്തിയുമാണ്.

ഇന്നത്തെ കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ, അന്നത്തെ പ്രവർത്തന സാഹ ചര്യങ്ങൾ വളരെ പരിമിതവും പരാധീനതകൾ നിറഞ്ഞതുമാ യിരുന്നു. അപ്പോഴും ഫാ : ഫിർമൂസ് കാച്ചപ്പിള്ളി OCD, മോൺ. അംബ്രോസ് അറക്കൽ, മോൺ. ജോൺ ബോസ്കോ പനക്കൽ തുടങ്ങിയ നിരവധി വൈദികരുടെ പ്രചോദനവും, പോത്സാഹനവും ഭാഗ്യസ്മരണാർഹനായ ജോസഫ് കേളന്തറ പിതാവിന്റെ ചേർത്തുപിടിക്കലും, അക്കാലത്തെ യുവജന പ്രവർത്തകർക്ക് വളവും വളർച്ചയുമായി.

**ഇന്നത്തെ യുവതയെയെക്കുറിച്ച് ചിന്തിക്കുമ്പോൾ ചില ചോദ്യങ്ങൾ മാത്രമാണ് മനസ്സിൽ അങ്കുരി ക്കുന്നത്. നമ്മുടെ പള്ളിമുറ്റങ്ങളിലെ കത്തോലിക്കാ ചെറുപ്പക്കാർക്ക് എന്ത് സംഭവിച്ചു? മാമോദീസ വെള്ളത്തിന്റെ നനവ് തലയിൽ ഏറ്റുവാങ്ങിയ, ക്രിസ്തുരക്തം സിരകളിലോടുന്ന കേരളത്തിലെ കത്തോലിക്ക ചെറുപ്പക്കാർക്ക് നാട്ടിൽ നടക്കുന്ന അന്യായങ്ങൾക്കും അനീതികൾ ക്കും എതിരെ എങ്ങനെ ഇതുപോലെ ഉദാസീനരാകാൻ കഴിയുന്നു? കേരളത്തിലെ യുവജന സംഘടനകൾ പാർട്ടികളുടെ 'ജെയ് വിളിപ്പി ള്ളേർ ' മാത്രമായി ആവേശം കൊള്ളുന്നത് എന്തുകൊണ്ട് ? യുവത്വത്തിന് സഹജം എന്ന് നാം കരുതിപ്പോരുന്ന സാഹസികമായ ആദർശ ഭ്രമവും, അനീതി കാണുമ്പോൾ ചോദ്യം ചെയ്യാനുള്ള മനസ്സും ഏതു വഴിത്താരയിലാണ് ഇന്നത്തെ യുവജനത്തിന് കൈമോശം വന്നത്? ഓർക്കേണ്ടത്, പ്രതികരിക്കുന്ന പ്രവാചകരി ല്ലാത്ത ലോകമാണ്, ഭൂമിയിലെ ചൂഷക സംവിധാനങ്ങളും അതിനെ നയിക്കുന്നവരും എന്നും ആഗ്രഹിക്കുന്നത് എന്നത് കാലിക യാഥാർത്ഥ്യം!**

മാറ്റം അനിവാര്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിലെ സമാപന സന്ദേശം ചൂണ്ടി പറയുന്നത്, 'യുവജനങ്ങളാണ് നാളത്തെ സമൂഹത്തെ രൂപപ്പെടുത്തേണ്ടവർ' മുൻ തലമുറക്കാർ രൂപം കൊടുത്തതിലും മെച്ചപ്പെട്ട ഒരു ലോകത്തെ ഉത്സാഹപൂർവ്വം കെട്ടിപ്പടുക്കേണ്ടതും യുവജനങ്ങളാണ്. ഈ ഉത്തരവാദിത്തമാണ് ക്രിസ്തുവിശ്വാസികളായ ക്രൈസ്തവ യുവജനങ്ങൾക്ക് ഉള്ളതും, ഉണ്ടാകേണ്ടതും. 'ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുക'(2പത്രോ:3/13) എന്ന ലക്ഷ്യത്തിൽ വ്യക്തികളുടെ സമഗ്ര വികാസവും, സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും രൂപപ്പെടുത്തുക എന്നതായിരിക്കണം ഈ പുതു സൃഷ്ടിയിലൂടെ നടക്കേണ്ടത്. അതിന് സഭയുടെ ഭാഗത്തുനിന്നും ആവശ്യമായ പ്രോത്സാഹനവും പ്രചോദനവും അത്യന്താപേക്ഷിതം തന്നെ. ഇപ്പോൾ പ്രോത്സാഹനം ഇല്ല എന്നതല്ല മറിച്ച്, കൂടുതലായി പ്രചോദനവും തിരുത്തലുകളും അനിവാര്യമാണ് എന്നതാണ് അർത്ഥമാക്കുന്നതും. ഒപ്പം, അത്മായ-പുരോഹിത ബന്ധത്തി ന്റെ തുറവിയും. കോവിഡാന ന്തരം, നമ്മുടെ പള്ളിമുറ്റത്തു നിന്നും യുവജനം കൃത്യമായ അകലം പാലിക്കുന്നുണ്ട്. ആ അകലം അടുപ്പമാക്കാൻ യുവതയെ കേൾക്കലും ചേർത്തു പിടിക്കലും ആവശ്യം തന്നെ.

അതോടൊപ്പം, ഏറ്റവും അനിവാര്യമായത് യഥാർത്ഥ ക്രിസ്തുവിനെ യുവജനങ്ങൾക്ക് പകർന്നു കൊടുക്കാനാവണം. അത് കേവലം സാക്ഷ്യം പറയുന്ന കാര്യസാധ്യങ്ങളുടെ ക്രിസ്തുവിനെ അല്ല, മറിച്ച്, 'വിമോചകനായ ക്രിസ്തുവിനെ', വിധവയുടെ ചില്ലി കാശിനെ അംഗീകരിച്ച, കുഷ്ഠരോഗിയെ തൊട്ടു സുഖപ്പെടുത്തിയ, സക്കേവൂസിന്റെ വീട്ടിൽ വിരുന്നുണ്ട, പാപിനിയായ സ്ത്രീയെ അവളുടെ ഇടത്തിൽ ചെന്ന് മാനസാന്തരപ്പെടുത്തിയ ക്രിസ്തുവിനെ. ഈ ക്രിസ്തുവാകണം യുവതയുടെ ലഹരിയും ജീവിത സാക്ഷ്യവും.

## വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ

1. വേളാങ്കണ്ണി മാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 7,800
2. സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 4,700
3. നിർമല മാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 5,000
4. ദൈവമാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,000
5. സെന്റ് ഡോൺ ബോസ്കോ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,000
6. മേരി മാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 5,000
7. വിമലാംബിക യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 7,000
8. മരിയ റാണി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 4,900
9. സെന്റ് ആന്റണി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 1,000
10. സേക്രട്ട് ഹാർട്ട് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 6,000
11. മരിയ ഗൊരേറ്റി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 7,500
12. സെന്റ് ജോസഫ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 10,800
13. ജപമാല രാജ്ഞി യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 3,000
14. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ബോൾഗാട്ടി - 22,408
15. കെ എക്സ് ജോൺ വിക്ടർ - 35,000
16. സെന്റ് മേരീസ് ചർച്ച് മുട്ടിനകം - 1,00,000
17. ഹൗസ് ഓഫ് പ്രൊവിഡൻസ് - 5,000

## ഓർമ്മച്ചെപ്പ്

*1946 ജൂലൈ 16 സെന്റ് ആൽബർട്സ് കോളെജ് സ്ഥാപിതമായി*










# You(r)th ക്രൈസ്റ്റ്

*വരാപ്പുഴ അതിരൂപതയിലെ ചില യുവജന സുഹൃത്തുക്കളുടെ യേശു ചിന്തകൾ*



**ഫാ. ഷാമിൽ ജോസഫ്**





## ഒഴുക്കിനെതിരെ നീന്തുന്ന ക്രൈസ്തവ യുവത്വം

**രാജീവ് പാട്രിക്,**
**ചരിയം തുരുത്ത്**

യൗവനം എന്നത് വെല്ലുവിളികളോടുള്ള നിരന്തരമായ കലഹമാണ്. ലോകം സ്വാർത്ഥതയിലേക്കും സ്വന്തം കാര്യങ്ങളിലേക്കും മാത്രം ചുരുങ്ങുമ്പോൾ, സഭയ്ക്കും സമൂഹത്തിനുമായി

ഇറങ്ങിത്തിരിക്കുന്ന ക്രൈസ്തവ യുവത്വം വാസ്തവത്തിൽ സാൽമൺ മത്സ്യങ്ങളെപ്പോലെ ഒഴുക്കിനെതിരെ നീന്തുന്നവരാണ്. മറ്റുള്ളവർ തങ്ങളിലേക്ക് മാത്രം ഒതുങ്ങിക്കൂടുമ്പോൾ, തങ്ങളുടെ വിലപ്പെട്ട സമയവും കഠിനാധ്വാനവും സഭയുടെ നന്മയ്ക്കായി മാറ്റിവെച്ച് അവർ അക്ഷീണം പ്രവർത്തിക്കുന്നു.

എന്നാൽ, ഈ നന്മയുടെ ദൂരെ യാത്ര അത്ര എളുപ്പമല്ല. പലപ്പോഴും പുറത്തുനിന്നുള്ള വെല്ലുവിളികളേക്കാൾ അവരെ വേദനിപ്പിക്കുന്നത് കൂടെയുള്ള വരുടെ വാക്കുകളാണ്. യുവജന ശുശ്രൂഷയിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന വ്യത്യസ്ത സാഹചര്യങ്ങളിൽ കൂടെയുള്ളവർ ഉണങ്ങാത്ത മുറിവുകളിൽ ഉപ്പുപുരട്ടുന്നത് എല്ലാം ഇട്ടെറിഞ്ഞ് പോരാൻ യുവജനങ്ങളെ ചിന്തിപ്പിക്കു മെങ്കിലും എല്ലാ പ്രതിസന്ധി കളിലും തളരാതെ, വീണ്ടും കാതങ്ങൾ മുന്നോട്ട് സഞ്ചരി ക്കാൻ ക്രൈസ്തവ യുവാക്കൾ ക്ക് പ്രത്യാശ പകരുന്നത് മരണത്തിനെപ്പോലും കീഴടക്കിയ ഉത്ഥിതനായ ക്രിസ്തുവാണ്. തങ്ങളെ തള്ളിപ്പറഞ്ഞവർക്ക് മുന്നിൽ സ്നേഹത്തോടെ പ്രത്യ ക്ഷപ്പെട്ട ഉത്ഥിതനായ ക്രിസ്തു, തങ്ങളുടെ അധ്വാനവും കണ്ണീരും വെറുതെയാവില്ലെന്ന ബോധ്യ പ്പെടുത്തൽ വീണ്ടും യുവജന മുന്നേറ്റത്തിന് പ്രാപ്തരാക്കുന്നു. പ്രതിസന്ധികളായ എല്ലാ കുത്തൊഴുക്കിനെയും നീന്തി ത്തോൽപ്പിച്ച്, സഭയ്ക്കും സമൂഹത്തിനും പ്രകാശമായി മുന്നേറാൻ ക്രൈസ്തവ യുവത്വ ത്തിന് ഇന്നും പ്രേരണയാകുന്നത് യുവാവായ ക്രിസ്തു തന്നെയാണ്

## യേശുക്രിസ്തു എന്നും

**ഡോണ കാർമൽ, ചിറ്റൂർ**

ഈശോയെ സ്നേഹിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇപ്പോഴും ഒരു ഉത്തരമില്ല. ഞാൻ ചെറുപ്പത്തിൽ ദൈവത്തെ കണ്ടിരുന്നത്



നമ്മൾക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ ചെയ്തു തരുന്ന ഒരു ശക്തി. ദൈവത്തിലധികം വിശ്വാസം ഇല്ലെങ്കിലും ഈ ഒരു കാര്യം ഞാൻ വിശ്വസിച്ചിരുന്നു. അധികമൊന്നും സംസാരിക്കാത്ത കാരണം, കൂടുതലും എന്നെ ഒരു പ്രാർത്ഥന കൊച്ച് ആയിട്ടാണ് എല്ലാവരും കരുതിയിരുന്നത്. അതെനിക്ക് അത്ര ഇഷ്ടമില്ലാ യിരുന്നെങ്കിലും ആ ഒരു Tag എനിക്ക് ദൈവം തന്നെ നൽകി. അതുകൊണ്ടുതന്നെ ജീവിതത്തിൽ കുറേ തളർച്ചകളും, വിഷമങ്ങളും, തിന്മയുടെ ഏകാന്തതയും ഒക്കെ അനുഭവിക്കുമ്പോൾ പള്ളിയി ലേക്ക് പോകാൻ എനിക്ക് അധികം ബുദ്ധിമുട്ട് അനുഭവപ്പെട്ടില്ല. ദിവസങ്ങളും മാസങ്ങളും വർഷ ങ്ങളും കഴിയുമ്പോഴും എനിക്ക് വലിയ മാറ്റങ്ങൾ ഇല്ല. അതേ പാപങ്ങളും അതേ തിരിച്ചുവരവും എന്റെ ജീവിതത്തിന്റെ ഗ്രാഫ് ഒരുപോലെ ആയിരുന്നു. പക്ഷേ കുറെ നല്ല മനുഷ്യരിലൂടെയും അനുഭവങ്ങളിലൂടെയും ഈശോ എന്നെ വിടാണ്ട് പുറകെ നടന്ന് സ്നേഹിക്കുന്നതായി എപ്പോഴും എനിക്ക് തോന്നാറുണ്ട്. എല്ലാ കാര്യങ്ങളും മാറുമ്പോഴും ഈ ഒരു കാര്യം മാത്രം എപ്പോഴും ഒരുപോലെ. വചനത്തിൽ പറയുന്നതുപോലെ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ എന്ന് ജീവിതത്തിൽ എനിക്ക് അനുഭവിക്കാൻ സാധിച്ചിരുന്നു. യുവത്വത്തിലേക്ക് വന്നപ്പോൾ എന്നെ വിടാണ്ട് പിന്തുടരുന്ന ആ സ്നേഹത്തെ തിരിച്ചും തിരിച്ചും സ്നേഹിക്കാൻ തോന്നിത്തുടങ്ങി.



## എന്റെ ജീവിതം

**തുഷാര തോമസ്, തോട്ടക്കാട്ടുകര**

ഓരോ ജീവിത നിമിഷങ്ങളിലും പുതിയ മുഖങ്ങൾ പരിചയപെടുന്നവരാണ് നമ്മളേവരും, പരിചയപെടുന്നത് ഒരു നിമിഷാർദ്ധംകൊണ്ട് ആണെങ്കിലും അതുപോലെ തന്നെ നഷ്ടപ്പെട്ടു പോവുന്ന ബന്ധങ്ങളുമാണ് പലരുടേതും. എന്നാൽ ആരൊക്കെ വിട്ടുപോയാലും ജീവിതത്തെ മുറുകെ പിടിക്കാൻ ദൈവപിതാവ് രണ്ടായിരം വർഷം മുമ്പ് തന്ന രക്ഷകനാണ് യേശു ക്രിസ്തു - 'യേശു ക്രിസ്തു എനിക്ക് ആരാണ്?' ഈ ചോദ്യത്തിന് ഒരിക്കലും ഒറ്റ വാക്കിൽ എനിക്ക് ഉത്തരം നൽകാൻ സാധിക്കു ന്നതല്ല, കാരണം യേശുക്രിസ്തു ഒരു ചരിത്രപുരുഷൻ മാത്രമല്ല ജീവിതത്തിലെ ദുഃഖസുഖങ്ങളിൽ അനുഭവപ്പെടുന്ന ഒരു ജീവനുള്ള സാന്നിധ്യമാവുന്നു.

എന്റെ ക്ലേശകരമായ നിമിഷ ത്തിൽ എന്റെ അപ്പനെ പോലെ യാണ് എന്റെ യേശു, അല്ലാ അപ്പനെ പോലെ അല്ലാ അപ്പൻ തന്നെയാണ് എന്റെ കർത്താവ്

ഞാൻ തളരുമ്പോൾ എന്റെ കൂടെ നടന്നും ഞാൻ കരയുമ്പോൾ എന്റെ കൂടെ കരഞ്ഞും ഞാൻ സന്തോഷിക്കുമ്പോൾ കൂടെ സന്തോഷിക്കാനും ചിരിക്കാനും എന്റെ നിഴലായി കാവലായി വന്ന എന്റെ രക്ഷകനാണ് എന്റെ യേശു.

ലോകം ജീവിതത്തിന്റെ വഴി പഠിപ്പിച്ചപ്പോൾ യേശു എന്നെ പഠിപ്പിച്ചത് സ്നേഹത്തിന്റെയും ക്ഷമയുടെയും പാതയാണ്. യേശു ഒരു അദ്ധ്യാപകനായി മാറുകയായിരുന്നു ആ നിമിഷത്തിൽ. മറ്റുള്ളവരെ താഴ്ത്തി കെട്ടുന്ന ഈ ലോകത്തിൽ എന്നെ അവൻ പഠിപ്പിച്ചത് മറ്റുള്ളവരെ സ്നേഹിച്ച് അവരെ ഉയർത്തിക്കൊണ്ടുവരാനാണ്.

യേശുവിനെക്കുറിച്ചുള്ള അറിവ് പുസ്തകങ്ങളിൽ നിന്ന് ലഭിക്കാം. എന്നാൽ യേശുവിനെ അറിയുക എന്നത് ഒരു അനുഭവമാണ്. ജീവിതത്തിന്റെ ഓരോ വഴിത്തിരിവിലും അവന്റെ സാന്നിധ്യം തിരിച്ചറിയുമ്പോഴാണ് യേശു യഥാർത്ഥത്തിൽ ആരാണെന്ന് മനസ്സിലാകുന്നത്. അവൻ ഒരു മതസ്ഥാപകൻ മാത്രമല്ല; ജീവിക്കുന്ന ദൈവമാണ്. ഒരു ചരിത്രകഥാപാത്രം മാത്രമല്ല; ഇന്നും മനുഷ്യരുടെ ജീവിതങ്ങളിൽ പ്രവർത്തിക്കുന്ന രക്ഷകനാണ്.

അതുകൊണ്ട് 'എനിക്ക് യേശു ആരാണ്?' എന്ന ചോദ്യത്തിന് എന്റെ ഉത്തരം ഇതാണ്: യേശു എന്റെ രക്ഷകനും സുഹൃത്തും വഴികാട്ടിയും പ്രത്യാശയും ശക്തിയും സ്നേഹവുമാണ്. ജീവിതത്തിന്റെ എല്ലാ ഉയർച്ചതാഴ്ചകളിലും എന്നോടൊപ്പം നടക്കുന്ന സാന്നിധ്യമാണ് യേശു. ഞാൻ തളരുമ്പോൾ എന്നെ ഉയർത്തുന്ന കൈയും, ഞാൻ വഴിതെറ്റുമ്പോൾ എന്നെ നയിക്കുന്ന പ്രകാശവുമാണ് യേശുക്രിസ്തു. അതുകൊണ്ട് തന്നെ, എനിക്ക് യേശു ഒരു പേരല്ല, എന്റെ ജീവിതമാണ്.

## എന്റെ ഈശോപ്പ

**നേഹ ജോളി, എട്ടേക്കർ**



എന്റെ ജീവിതത്തിൽ എല്ലാമെല്ലാമാണ് എന്റെ ഈശോപ്പ. ഈ ലോകത്ത് ആരൊക്കെ മാറിപ്പോയാലും, എന്നെ പൂർണ്ണമായി മനസ്സിലാക്കി എപ്പോഴും കൂടെ നിൽക്കുന്ന ഒരേയൊരു വ്യക്തി ഈശോപ്പ മാത്രമാണ്.

ഞാൻ എത്രയൊക്കെ പരാജയപ്പെട്ടാലും, എത്ര തവണ തെറ്റുകൾ ചെയ്ത് വീണുപോയാലും, എന്നെ കുറ്റപ്പെടുത്താതെ സ്നേഹത്തോടെ ചേർത്തുപിടിക്കാൻ അവൻ എപ്പോഴും കാത്തിരിപ്പുണ്ടാകും. എനിക്ക് സങ്കടം വരുമ്പോൾ മറ്റാരും മനസ്സിലാക്കിയില്ലെങ്കിലും, എന്റെ കണ്ണീരിന്റെ വില അറിയുന്നവൻ അവനാണ്.

എനിക്ക് എന്തും തുറന്നുപറയാനും, മനസ്സ് തുറന്ന് കരയാനും, യഥാർത്ഥ സമാധാനം കണ്ടെത്താനും പറ്റിയ ഒരേയൊരു ഇടം ഈശോപ്പയാണ്. എന്റെ അച്ഛനായും, സഹോദരനായും, ഏറ്റവും നല്ല സുഹൃത്തായും എപ്പോഴും കൂടെയുള്ള എന്റെ ഈശോപ്പയ്ക്ക് പകരമായി ഈ ലോകത്ത് മറ്റൊന്നുമില്ല.

CARTOON **DEEPTHI** *E.D* John Kakkanad



# യുവജനങ്ങളും ആരോഗ്യപരിപാലനവും

**സിസ്റ്റർ ഡോ. റോമിയോ**
ലൂർദ് ഹോസ്പിറ്റൽ



മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലിയുടെ സ്വാധീനത്താൽ ഇന്നത്തെ യുവതീ യുവാക്കൾ നിരവധി ആരോഗ്യ വെല്ലുവിളികൾ നേരിടുന്നു. ഉദാസീനമായ ശീലങ്ങൾ, അമിതമായ സ്ക്രീൻ സമയം, മോശം ഭക്ഷണക്രമം എന്നിവ അമിതവണ്ണത്തിനും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. അക്കാദമിക് സമ്മർദ്ദവും ഡിജിറ്റൽ സംസ്കാരവും കാരണം ഉത്കണ്ഠ, വിഷാദം തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങളും വ്യാപകമാണ്. ഈ ആരോഗ്യ വെല്ലുവിളികൾ അവരുടെ മൊത്തത്തിലുള്ള ക്ഷേമത്തിലും ഭാവിയിലെ ആരോഗ്യത്തിലും കാര്യമായ സ്വാധീനം ചെലുത്തും. ആരോഗ്യം എന്ന് കേൾക്കുമ്പോൾ ശാരീരിക ആരോഗ്യം മാത്രമല്ല മാനസിക ആരോഗ്യത്തിനു കൂടി പ്രാധാന്യം ഉണ്ട്.

**1. പോഷകാഹാരക്കുറവും അമിതവണ്ണവും**

അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ കാരണം പോഷകാഹാരക്കുറവ് ഉണ്ടാകാം. ഫാസ്റ്റ് ഫുഡ്, ജങ്ക് ഫുഡ് എന്നിവയുടെ അമിത ഉപയോഗം അമിതവണ്ണത്തിന് കാരണമാകുന്നു.

**2. മാനസികാരോഗ്യ പ്രശ്നങ്ങൾ**

പഠനഭാരം, തൊഴിൽ സംബന്ധമായ ആശങ്കകൾ, കുടുംബപ്രശ്നങ്ങൾ എന്നിവ കാരണം സമ്മർദ്ദം (Stress) വർധിക്കുന്നു. ഉത്കണ്ഠ (Anxiety),

വിഷാദരോഗം (Depression) തുടങ്ങിയ പ്രശ്നങ്ങൾ യുവാക്കളിൽ കൂടുതലായി കാണപ്പെടുന്നു.

**3. ലഹരി ഉപയോഗം**

മദ്യം, പുകയില, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. ഇത് ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് വഴിവെക്കുന്നു.

**4. വ്യായാമക്കുറവ്**

മൊബൈൽ ഫോണുകളും കമ്പ്യൂട്ടറുകളും കൂടുതലായി ഉപയോഗിക്കുന്നതിനാൽ ശാരീരിക പ്രവർത്തനങ്ങൾ കുറയുന്നു. ഇതുമൂലം അമിതവണ്ണം, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കുള്ള സാധ്യത വർധിക്കുന്നു.

**5. ഉറക്കക്കുറവ്**

സോഷ്യൽ മീഡിയയുടെ അമിത ഉപയോഗവും പഠന സമ്മർദ്ദവും കാരണം പല യുവാക്കൾക്കും ആവശ്യമായ ഉറക്കം ലഭിക്കുന്നില്ല. ഇത് ഏകാഗ്രതയെയും ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു.

**6. ലൈംഗികാരോഗ്യ പ്രശ്നങ്ങൾ**

ലൈംഗികാരോഗ്യത്തെക്കുറിച്ചുള്ള ശരിയായ അറിവില്ലായ്മ കാരണം പല പ്രശ്നങ്ങളും ഉണ്ടാകാം. ലൈംഗികമായി പകരുന്ന രോഗങ്ങൾ (STDs) സംബന്ധിച്ച ബോധവൽകരണം ആവശ്യമാണ്.

അതിരാവിലെ തന്നെ എഴുന്നേൽക്കുക, അലാറം ആവർത്തിച്ചു snooze ചെയ്യുന്നത് ഹെൽത്തി അല്ല. എഴുന്നേറ്റിട്ടു നാം വീണ്ടും കിടന്നാൽ നമ്മൾ വീണ്ടും deep സ്ലീപിലേക്കു പോകും. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ ഉറക്കം പൂർണമാകുന്നില്ല, ദിവസം മുഴുവൻ നാം ക്ഷീണിതരായിരിക്കും. അലാറം കുറെ ദൂരെ വച്ചാൽ അത് അവോയ്ഡ് ചെയ്യാം. എഴുന്നേറ്റതിന് ശേഷം ആദ്യത്തെ ഒരു മണിക്കൂറെങ്കിലും ഫോൺ ഉപയോഗിക്കാതിരിക്കുക. നമ്മുക്ക് ഫ്രഷ് ആയിരിക്കാനും, നെഗറ്റീവ് ചിന്തകൾ ഒന്നും ഉണ്ടാകാതിരിക്കാനും സഹായിക്കും. ബ്രീത്തിങ് exercise പരിശീലിച്ചാൽ നമ്മുടെ മനസിനെയും ശരീരത്തെയും ശാന്തമാക്കാൻ സാധിക്കും. സ്ട്രെസ് കുറക്കാനും സാധിക്കും. പ്രഭാതത്തിൽ നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കും നന്മയ്ക്കും ദൈവത്തിനു നന്ദിപറയാം. ഒരു 20 minutes എങ്കിലും exercise ചെയ്യുമെങ്കിൽ, അത് നമ്മുടെ dopamine ന്റെ അളവ് കൂട്ടും, ഹാപ്പി ഹോർമോൺസ് ദിവസം മുഴുവൻ നമ്മളെ എനെർജിറ്റിക് ആയിട്ട് നിർത്തും.

**സ്റ്റേ ആക്റ്റീവ്: ഡോണ്ട് റിട്ടയർ** – വയസ്സ് ഒരു നമ്പർ അല്ല അതൊരു attitude ആണെന്ന് പലപ്പോഴും പലരും നിർവചിക്കാറുണ്ട്. ഉയർന്ന വയസ്സുള്ളവർപോലും വളരെയധികം യുവത്വം മനസിലും ശരീരത്തിലും സൂക്ഷിക്കുന്നത് നമുക്ക് കാണാൻ കഴയും. വളരെ ചെറുപ്രായത്തിലേ പ്രായമേറിയവരെപ്പോലെ തളർന്നു പോകുന്നവരാകരുത് യുവജനം. കർമ്മോത്സുകരാകുക ജീവസുറ്റവരാകുക.

**ടേക്ക് ഇറ്റ് സ്ലോ** – വേഗതയല്ല ധൃതിയാണ് അപകടം. വിജയം ധൃതിയിൽ നേടുന്നതല്ല മറിച്ച് ഓരോന്നിനും അതിന്റേതായ സമയവും ക്രമവും പാലിക്കുന്നവരാണ് വിജയം നേടുന്നത്.

. **ഡോണ്ട് ഫിൽ യുവർ സ്റ്റൊമക്** – ഗിവിങ് സ്പേസ് എന്ന് പലപ്പോളും നമ്മൾ പറയുമ്പോൾ അതിൽ വലിയ അർത്ഥങ്ങളുണ്ട്. നിറവ് മാത്രമല്ല സ്പേസ് കൂടെ ആവശ്യമാണ്. നിറവ് ഉപയോഗപ്രദമാകുന്നത് അല്പം സ്പേസ് എന്തിനും വിടുമ്പോളാണ്.

*Surround yourself with good* ഫ്രണ്ട് – നല്ല സൗഹൃദങ്ങൾ മാനസികാരോഗ്യത്തിനും അതുവഴി ശാരീരികാരോഗ്യത്തിനും സഹായകരമാണ്. ഒന്ന് തുറന്നുപറയാനും മനസു നിറയെ പൊട്ടിച്ചിരിക്കാനും ഒരു കൈത്താങ്ങാകാനും നല്ല സുഹൃദ്വലയങ്ങൾക്ക് സാധിക്കും.

*Get in shape for your next Birthday* – നല്ല ശാരീരീരിക ക്ഷമതയുടെ ലക്ഷണമാണ് ശരീര ത്തിന്റെ വടിവളവുകൾ. ഒരു പ്രായം കഴിഞ്ഞാൽ നല്ല ശാരീരിക വടിവ് വേണ്ട എന്നും ഒരിക്കൽ അത് നഷ്ടമായാൽ പിന്നെ അത് തിരികെ വരില്ലയെന്നും യുവജനങ്ങൾ തെറ്റിദ്ധരിക്കരുത്.

*Smile* –ചിരിയേക്കാൾ നല്ലൊരു വ്യായാമമില്ല. മനസിനും ശരീരത്തിനും നല്ല ബന്ധങ്ങൾക്കും.

. *Reconnect with nature - þ* ചുറ്റുമുള്ള പ്രകൃതിയാണ് നമ്മുടെയെല്ലാം നല്ല വളർച്ചയ്ക്കുള്ള അന്തരീക്ഷം. അതിനോട് നമ്മൾ പലവിധത്തിൽ കണക്ടഡ് ആണ്. ആ ബന്ധം മുറിയുമ്പോൾ അത് നമ്മുടെ ആരോഗ്യത്തെ ബാധിക്കുക തന്നെ ചെയ്യാം.


*Give thanks* – ഹൃദയം നിറയെ സ്രഷ്ടാവിനോടും കുടുംബത്തോടും പ്രകൃതിയോടും നന്നായുള്ള വ്യക്തികൾ ഒരിക്കലും സ്വന്തം ആരോഗ്യവും മറ്റുള്ളവരുടേതും ഇല്ലാതാക്കില്ല.

*Live in the moment* – യുവജനങ്ങളെ നിങ്ങൾ നാളെയല്ല സഭയുടെ സമൂഹത്തിന്റെ ഇന്നാണ് അഥവാ ഇപ്പോൾ ആണ് എന്ന് ഫ്രാൻസിസ് പപ്പ പറഞ്ഞത് നമുക്കോർക്കാം ഈ നിമിഷം ജീവിക്കാം.

*Follow up* ........ ഒരുവന്റെ നിയോഗമെന്നോ വിളിയെന്നോ ഹൃദയം കൊണ്ടുള്ള ആഗ്രഹമെന്നോ പറയാം. അതുകണ്ടെത്താനുള്ള യാത്രയാണ് മനുഷ്യ ജീവിതം. ആ യാത്രയിലായിരിക്കുക.

# ലോക ഡോക്ടേഴ്സ് ദിനം: ഒരു സ്പർശം, ഒരു പ്രതീക്ഷ

**ജൂലൈ ഒന്ന് ലോക ഡോക്ടേഴ്സ് ദിനം**




**ഡോ. നവ്യ മേരി കുര്യൻ**
എൻഡോക്രൈനോളജിസ്റ്റ്
ലൂർദ്ദ് ഹോസ്പിറ്റൽ


ജൂലൈ ഒന്ന് അത് ഡോക്ടറെ ഓർക്കുന്ന ദിവസം മാത്രമല്ല. നമ്മുടെ ജീവിതത്തിൽ ഒരിക്കൽ എങ്കിലും പ്രതീക്ഷയായി എത്തിയ ഒരാളുടെ ഓർമ്മദിനം കൂടിയാണ്.

ഒരു ഡോക്ടറെന്ന നിലയിൽ, ഞാൻ കാണുന്നത് രോഗങ്ങളെ മാത്രമല്ല–അവയ്ക്ക് പിന്നിലെ മനുഷ്യരെക്കൂടിയാണ്. പ്രമേഹം, തൈറോയ്ഡ് പ്രശ്നങ്ങൾ, രക്താദിസമ്മർദ്ദം, പി.സി.ഒ.ഡി, വളർച്ചക്കുറവ്, പ്രായപൂർത്തിയിലെ ഏറ്റക്കുറച്ചിൽ – മിശ്രലിംഗം, മറ്റു ഹോർമോൺ അസന്തുലിതാവസ്ഥകൾ–പേരുകൾ ലളിതം. പക്ഷേ ഓരോ രോഗിയും ഓരോ കഥയാണ്.

തീരെ പൊക്കം കുറഞ്ഞ ഒരു കുട്ടി. അപകർഷതാബോധം നിമിത്തം സ്കൂളിൽ പോകാൻ പോലും താല്പര്യമില്ലാതെ അവനെ, രോഗകാരണം കണ്ടുപിടിച്ച് ഹോർ മോൺ ചികിത്സ നൽകിയപ്പോൾ, മരുന്നിനൊപ്പം കരുതൽകൂടെ നൽകിയപ്പോൾ അവൻ വീണ്ടെടുത്തത്, അവന്റെ സന്തോഷം നിറ ഞ്ഞ ബാല്യം തന്നെയായിരുന്നു.

**അപൂർവ്വങ്ങളിൽ അപൂർവ്വമായ ലിപ്പോസ്ട്രോഫി എന്ന രോഗം ബാധിച്ച കുട്ടി. ഷുഗർ ലെവൽ, 800 യൂണിറ്റ് ഇൻസുലിൻ ദിവസവും എടുത്തിട്ടും, 400–ൽ താഴെ ആവാത്ത കുട്ടി. അവൾക്ക് ഇൻ സുലിൻ പമ്പ് ഘടിപ്പിച്ച്, അതിന്റെ ശാസ്ത്രീയവശങ്ങൾ പറഞ്ഞു മനസ്സിലാക്കി, ദൈനംദിന ജീവിതത്തിലെ ഓരോ കാര്യത്തിലും വേണ്ട ഉപദേശങ്ങൾ നൽകി കൂടെ നിന്നപ്പോൾ എനിക്ക് കിട്ടിയത് ഒത്തിരി സ്നേഹമുള്ള ഒരു കുടുംബത്തെയും കൂടിയാണ്.**

**ഇതാണ് ചികിത്സയുടെ ശക്തിയും, യഥാർത്ഥ അർത്ഥവും. മരുന്നുകൾ മാത്രമല്ല, ഒരു വാക്ക്, ഒരു കേൾവി, ഒരു സ്പർശം–അതിൽ തന്നെയാണ് പകുതി രോഗശമനം.**

**കോവിഡ്കാലം നമ്മെ പഠിപ്പിച്ചത് ഡോക്ടർ ഒരു ജോലി മാത്രമല്ല ഒരു ഉത്തരവാദിത്തവും ഒരു വിളിയും ആണെന്ന്.**

**എന്നാൽ ഡോക്ടർമാരും മനുഷ്യരാണ്. ക്ഷീണം,സമ്മർദ്ദം ഇവയെല്ലാം ഉള്ളപ്പോഴും മറ്റുള്ളവർക്കായി ഉറച്ചുനിൽക്കുന്നവരാണ്.**

**ഈ ദിനത്തിൽ,**

**ഒരു ഡോക്ടറെ ഓർക്കൂ...**

**ഒരു നന്ദി പറയൂ...**

**കാരണം– ഒരു നല്ല ഡോക്ടർ രോഗം ചികിത്സിക്കും; ഒരു മഹത്തായ ഡോക്ടർ രോഗിയെ ചികിത്സിക്കും.**

# കർമ്മലനാഥയും കർമ്മലീത്തരും ഉത്തരീയഭക്തിയും

**ജൂലൈ 16 പരിശുദ്ധ കർമലമാതാവിന്റെ തിരുനാൾ**



**ഡോ.അഗസ്റ്റിൻ മുള്ളൂർ**
**ഒ.സി.ഡി.**

**ആമുഖം**

പന്ത്രണ്ടാം നൂറ്റാണ്ടിൽ, കുരിശുയുദ്ധത്തിൽ പങ്കെടുത്ത് മടുത്ത് ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യത്തിന്റെ അർത്ഥം തേടി കർമ്മല മലയിൽ കർമ്മല നാഥയുടെ സഹോദരന്മാരായി ഏലിയാ പ്രവാചകന്റെ ചൈതന്യത്താൽ നിറഞ്ഞ് പ്രാർത്ഥനയിലും തപശ്ചര്യയിലും മുഴുകിയ ഒരുകൂട്ടം അല്മായ വിശ്വാസികളിലൂടെ ആരംഭിക്കുന്ന കർമ്മലീത്താ പ്രസ്ഥാനം. 1240 ആകുമ്പോൾ വിശുദ്ധനാടിന്റെ സാഹചര്യങ്ങൾ പ്രതികൂലമായതിനാൽ യൂറോപ്പിലേക്ക് കുടിയേറിയ കർമ്മലീത്തർ യൂറോപ്പിലെ സാഹചര്യങ്ങളോട് പ്രസക്തമായി പൊരുത്തപ്പെടാൻ അവർ നടത്തുന്ന ശ്രമങ്ങൾ. "പ്രാചീന നിയമാവലി" സാംസ്കാരിക അനുപാതത്തിന് വിധേയമാകുന്ന സമയം. 1247 ലാണ് പോപ്പ് ഇന്നസെന്റ് 4-ാമൻ പ്രാചീന നിയമാവലിയുടെ നവീകൃത രൂപം അംഗീകരിക്കുന്നത്. അന്ന് സഭയുടെ നേതൃത്വം വഹിക്കുന്ന 6-ാമത്തെ സുപ്പീരിയർ ജനറൽ: സൈമൺ സ്റ്റോക്. 1247 ൽ തന്നെയാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെടുന്നത്. ആ വ്യക്തിയുമായാണ് ഉത്തരീയ ഭക്തിയുടെ ബന്ധം.

**വി. സൈമൺ സ്റ്റോക്കും കർമ്മല നാഥയും**

വിവിധ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന കർമ്മലീത്താ സഭയുടെ നേതൃത്വം വഹിക്കുന്ന സൈമൺ സ്റ്റോക്കിന്റെ നിരന്തര പ്രാർത്ഥന കർമ്മലനാഥയോടായിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചത്, കർമ്മലനാഥ കർമ്മലീത്തർക്ക് ഒരു സവിശേഷമായ ആനുകൂല്യം നൽകണം എന്നാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ സംക്ഷേപം: *"കർമ്മല സുമമേ, ഫലദായകമായ മുന്തിരിയേ, സ്വർഗ്ഗത്തിന്റെ പ്രശോഭയേ, ദൈവിക മാതാവേ, നിന്നെപ്പോലെ ആരുമില്ല. സൗമ്യതയുടെ അമ്മയേ, അമലോത്ഭവ കന്യകേ, കർമ്മലീത്തർക്ക് ഒരു ആനുകൂല്യം തരണേ, സമുദ്ര താരമേ." വിശുദ്ധർക്ക് പ്രത്യക്ഷയായ പരിശുദ്ധ മറിയം കൈകളിൽ വഹിച്ചിരുന്ന ഉത്തരീയം നൽകിയിട്ട് പറഞ്ഞു: "ഇത് നിനക്കും കർമ്മലീത്തർക്കും എല്ലാ കർമ്മലീത്തർക്കും എന്റെ ആനുകൂല്യമാണ്. ഇത് ധരിച്ച് മരിക്കുന്നവർ നിത്യാഗ്നിയിൽ പെടില്ല, രക്ഷിക്കപ്പെടും."*

**ഉത്തരീയ ഭക്തി വളരുന്നു**

1281-ൽ നിയമാവലി ഉത്തരീയം ധരിക്കാൻ അംഗങ്ങളോട് ആവശ്യപ്പെടുന്നു. 1357-ൽ സഭയുടെ പ്രത്യേക വസ്ത്രമായി ഉത്തരീയത്തെ പ്രഖ്യാപിക്കുന്നു. 15-ാം നൂറ്റാണ്ടാകുമ്പോൾ ഉത്തരീയ സാഹിത്യം വർദ്ധിക്കുന്നു. ദൈവശാസ്ത്രജ്ഞനായ അർനോൾഡ് ബോസ്ത്തിയൂസ് ആണ് ശാസ്ത്രീയമായ ഗ്രന്ഥം "ദെ പത്രൊക്കാത്തു. ഏത് പത്രോചീനിയോ ബെയത്തെ വിർജീനിസ് മരിയേ." (De Patronatu et Patrocinio Beatae Mariac Virbinis) രചിച്ചത് 1479 ൽ ആ. ദൈവശാസ്ത്രപരമായി



ഇതിന്റെ ആത്മീയത മനസ്സിലാക്കേണ്ടത് ഇപ്രകാരമാണ്. മറിയവും കർമ്മലീത്തരും തമ്മിൽ പരസ്പര ബന്ധത്തിലാണ്. കർമ്മലീത്തർ മറിയത്തോട് വിശ്വസ്തതയും സ്നേഹവും പ്രകടിപ്പിക്കുമ്പോൾ, മറിയം കർമ്മലീത്തരെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ശക്തമായ ആത്മീയ ബന്ധമാണിത്.

***ഉത്തരീയ ഭക്തിയുടെ അന്തഃസത്ത***

***കർമ്മലനാഥയുടെ ആനുകൂല്യം അനുഭവിച്ച് ഉത്തരീയം ധരിക്കുന്നവർ കാത്തുസൂക്ഷിക്കേണ്ട അഞ്ച് മനോഭാവങ്ങൾ:***

***1. എല്ലാ ആവശ്യങ്ങളിലും മറിയത്തെ വിളിച്ചപേക്ഷിക്കുക.***
***2. മറിയത്തിന്റെ ജീവിതവും പുണ്യങ്ങളും ധ്യാനവിഷയമാക്കുക.***
***3. മറിയത്തെ എപ്പോഴും സ്മരണയിൽ നിർത്തുക.***
***4. മറിയത്തെ അനുകരിക്കുക.***
***5. നിരന്തരം മറിയത്തിൽ ആശ്രയിച്ച് ജീവിക്കുക.***



# AISAT



**ലിയോനാർഡ്
ജോൺ ചക്കാലക്കൽ**

വരാപ്പുഴ അതിരൂപതയുടെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ അഭിമാനമായ എൻജിനീയറിങ് കോളേജ്, ആൽബർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (AISAT) യെ യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ (UGC) ഓട്ടോണമസ് പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു. നിലവിൽ കോളേജിൽ നടക്കുന്ന സിവിൽ എഞ്ചിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് എന്നീ ബി.ടെക് കോഴ്സുകൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷന്റെ (NBA) അംഗീകാരവും ഉണ്ട്. പുതിയതായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് എന്ന കോഴ്സും തുടങ്ങിയിട്ടുണ്ട്. 2011 ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിന് ചുരുങ്ങിയ കാലംകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ന്യൂഡൽഹിയുടെ അംഗീകാരത്തോടും എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമായാണ് ഇവിടെ കോഴ്സുകൾ നടത്തുന്നത്.

സമീപകാലത്ത് എൻജിനീയറിങ് മേഖലയോട് വിദ്യാർത്ഥികൾക്ക് താൽപര്യം കുറഞ്ഞപ്പോഴും, പല കോളേജിലും മതിയായ കുട്ടികളെ ലഭിക്കാതിരുന്നപ്പോഴും, ഐസാറ്റ് എൻജിനീയറിങ് കോളേജിലെ ഭൂരിഭാഗം സീറ്റുകളിലും അഡ്മിഷൻ നടന്നു എന്നത്, വിദ്യാഭ്യാസ മേഖലയിൽ ഐസാറ്റിനുള്ള സ്വീകാര്യതയും പൊതുസമൂഹത്തിന്റെ വിശ്വാസവും വെളിപ്പെടുത്തുന്നു.

അക്കാദമിക് മികവിനോടൊപ്പം കലാ, കായിക, സാഹിത്യ, സാങ്കേതിക മേഖലകളിൽ വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ഇവിടെ നടന്നുവരുന്നു. വ്യക്തിത്വ വികസനത്തിനും സാമൂഹിക പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന നാഷണൽ സർവീസ് സ്കീമിന്റെ (NSS) രണ്ട് യൂണിറ്റുകളും കോളേജിൽ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾ അവരുടെ പഠനത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത ചില പ്രോജക്ടുകൾ സമൂഹത്തിന് ഏറെ പ്രയോജനപ്പെടുന്നവയാണ്.

### *പോളിടെക്നിക് കോഴ്സുകൾ*

കഴിഞ്ഞ അധ്യയന വർഷം മുതൽ പോളിടെക്നിക് കോഴ്സുകളും ഇവിടെ ആരംഭിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ഇലക്ട്രോണിക് ആൻഡ് കമ്പ്യൂട്ടർ എൻജിനീയറിങ്, മൈക്രോ ഇലക്ട്രോണിക്സ് എന്നീ നാല് വിഭാഗങ്ങളിലാണ് ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചിട്ടുള്ളത്. പത്താം ക്ലാസ്സ് വിജയികൾ ആയവർക്ക് ഈ കോഴ്സുകളിൽ പ്രവേശനം നേടാവുന്നതാണ്.

### *സ്കോളർഷിപ്പുകൾ*

എൻജിനീയറിംഗ് പ്രവേശന പരീക്ഷ (KEAM) യുടെ റാങ്കിന്റെ അടിസ്ഥാനത്തിലും, യോഗ്യത പരീക്ഷയായ പ്ലസ് ടു വിന്റെ മാർക്കിന്റെ അടിസ്ഥാനത്തിലും നൽകുന്ന 'ഡോ. അഗസ്റ്റിൻ കോന്നുള്ളി സ്കോളർഷിപ്പ്' ഇവിടെ നിലവിലുണ്ട്.

പഠിക്കാൻ ആഗ്രഹിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ പഠനം മുടങ്ങാൻ ഇടവരരുത് എന്ന വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസ ദർശനം, സാക്ഷാത്കരിക്കുന്നതിനായി ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ മെമ്മോറിയൽ (ADAM) സ്കോളർ ഷിപ്പ് പദ്ധതി കഴിഞ്ഞ അധ്യയന വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ലഭ്യമാകാൻ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാൻ, അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ പകർപ്പ് മാത്രം നൽകിയാൽ മതി.

വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം പഠനശേഷം തൊഴിൽ ലഭ്യമാകുന്നതിന് വേണ്ട ഊർജ്ജിത പരിശീലനവും, അവസരങ്ങളും ഒരുക്കുന്നതിലും ഐസാറ്റ് എൻജിനീയറിങ് കോളേജ് മുൻപന്തിയിൽ തന്നെയാണ്.

# കലാം നൽകുന്ന പാഠങ്ങൾ

ദീപ്തി കൂട്ടം




ഫാ. ഗാരിസൺ പൈവ

2015 ജൂലൈ 27 ന് മരണമടയുമ്പോൾ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് വയസ് 83. ഈ പ്രായത്തിൽ അദ്ദേഹം വിരമിച്ച് വിശ്രമ ജീവിതം നയിക്കുകയായിരുന്നില്ല. ഷില്ലോങ്ങിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ വിദ്യാർത്ഥികളോട് സംവദിക്കുകയായിരുന്നു അദ്ദേഹം. വേദിയിൽ കുഴഞ്ഞുവീണ് മരണമടയുന്ന കലാം തന്റെ അവസാന നിമിഷങ്ങളിൽ താൻ ഏറ്റവും ഇഷ്ട പ്പെട്ടിരുന്ന കാര്യം ചെയ്യുകയാണ് - യുവജനങ്ങളെ പഠിപ്പിക്കുക. പ്രസിഡന്റ്, ശാസ്ത്രജ്ഞൻ, മിസൈൽമാൻ എന്നിങ്ങനെയുള്ള വിശേഷണങ്ങളേക്കാളേറെ ഒരു അദ്ധ്യാപകൻ എന്ന വിശേഷണമാണ് തനിക്ക് കൂടുതൽ ചേരുന്നതെന്ന് കലാം തെളിയിച്ചു. തന്റെ പ്രസിഡന്റ് കാലാവധി അവസാനിച്ചപ്പോൾ അദ്ദേഹം ക്ലാസ്റൂമുകളിലേക്കും, കോളേജുകളിലേക്കും യൂണിവേഴ് സിറ്റികളിലേക്കും കടന്നുചെന്നു. മഹത്വം എന്നത് മറ്റുള്ളവരെ വളരാൻ സഹായിക്കുന്നതാണെന്നാണ് അദ്ദേഹത്തിന്റെ ജീവിത സാക്ഷ്യം.

***ഒരു ഷൂസിന്റെ കഥ***

ഒരിക്കൽ ഒരു ഗവേഷണശാല സന്ദർശിക്കവേ വലിയ പരിഭ്രമത്തോടെ തന്നെ കാണാൻ വന്ന ഒരു യുവശാസ്ത്രജ്ഞനെ കലാം ശ്രദ്ധിച്ചു. യുവശാസ്ത്രജ്ഞന്റെ ഷൂസ് വളരെ പഴയതാണെന്ന് ശ്രദ്ധിച്ച കലാം രഹസ്യമായി



**ജൂലൈ 27 അബ്ദുൽ കാലം യാത്രയായിട്ട് 10 വർഷങ്ങൾ പൂർത്തിയാകുന്നു**

അയാൾക്ക് സഹായമൊരുക്കി. കലാമിനെക്കുറിച്ച് പറയുന്ന ഈ കഥ യാഥാർത്ഥ്യമാണെന്നറിയില്ലെങ്കിലും, കലാമിന്റെ കൂടെ ജോലി ചെയ്തിരുന്ന പലരും പറയുന്ന ഒരു കാര്യമുണ്ട്, മറ്റുള്ളവർ അവഗണിക്കുന്നവരെ കലാം പരിഗണിച്ചിരുന്നു എന്ന്.

***ഉത്തരവാദിത്തം ഏറ്റെടുക്കുക***

കലാം നേതൃത്വം നൽകിയ ഒരു പ്രോജക്ട് ഒരിക്കൽ പരാജയപ്പെട്ടു. അദ്ദേഹത്തിന്റെ സീനിയർ ആയിരുന്ന പ്രൊഫസർ സതീഷ് ധവാൻ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് മാധ്യമങ്ങളെ അഭിമുഖീകരിച്ചു. തുടർന്നു വന്ന വർഷം ഈ പ്രോജക്ട് വിജയിച്ചപ്പോൾ മാധ്യമങ്ങളെ കാണാനും വിജയത്തിന്റെ ക്രെഡിറ്റ് ഏറ്റെടുക്കാനും ധവാൻ കലാമിനോട് ആവശ്യപ്പെട്ടു. മറക്കാത്ത ഈ പാഠം ഉള്ളിൽ സൂക്ഷിച്ചാകണം കലാം കൂടെക്കൂടെ പറയുക, ഒരു നല്ല നേതാവ് എന്നാൽ തെറ്റുകളുടെ ഉത്തരവാദിത്തം ഏറ്റടുക്കുകയും, വിജയം തന്റെ ടീമുമായി പങ്കുവയ്ക്കുകയും ചെയ്യുന്നയാളാണെന്ന്.

***ലളിതമീ ജീവിതം***

കലാമിന്റെ ജീവിതം കലർപ്പില്ലാത്ത ലളിത ജീവിതമായിരുന്നു. അദ്ദേ ഹം പ്രസിഡന്റ് സ്ഥാനത്തിൽ നിന്നും മടങ്ങിയപ്പോൾ, വളരെ കുറച്ചു സാധനങ്ങൾ മാത്രമാണ് സ്വന്തമായി കൊണ്ടുപോയത്. പുസ്തകങ്ങൾ, വസ്ത്രങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ മുതലായവ. ഒത്തിരിവസ്തുക്കൾ സ്വന്തമാക്കുന്നതിലേറെ ഒത്തിരി അറിവ് സ്വന്തമാക്കാനാണ് അദ്ദേഹം ശ്രദ്ധി ച്ചിരുന്നത്. നിനക്ക് സ്വന്തമായുള്ള വസ്തുക്കളല്ല, സ്വന്തമായുള്ള അറിവുകളാണ് പ്രധാനം.

***സ്വപ്നങ്ങൾ ആഗ്രഹങ്ങളല്ല***

ഉറക്കത്തിൽ കാണുന്നതല്ല, ഉറക്കം കെടുത്തുന്നതാണ് സ്വപ്നം എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഏറെ പ്രശസ്തമാണ്. സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാൻ പരിശ്രമം ആവശ്യമാണ്, സ്വപ്നങ്ങൾ നിറവേറാൻ അച്ചടക്കം ആവശ്യമാണ്, അതുപോലെ സ്വപ്നങ്ങൾ സ്വന്തമാക്കാൻ ത്യാഗവും ആവശ്യമാണ്. യാതൊരു പ്രവർത്തനവുമില്ലാത്ത ഒരു സ്വപ്നം വെറും ഒരു ആഗ്രഹം മാത്രമായി അവശേഷിക്കും.

കലാമിന്റെ ജീവിതത്തിൽനിന്നും നമ്മോട് ചോദിക്കേണ്ട ചില ചോദ്യങ്ങൾ ചുവടെ ചേർക്കുന്നു:

***1.എന്റെയും മറ്റുള്ളവരുടെയും വളർച്ചയ്ക്കായി എനിക്ക് എന്തു ചെയ്യാൻ സാധിക്കും?***
***2.പരാജയത്തിലും വിജയത്തിലും ഞാൻ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നത് എങ്ങനെ?***
***3.പുതിയ അറിവുകൾ നേടുന്നതെങ്ങനെ?***
***4.സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ഞാൻ ഇപ്പോൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?***

# അവൻ കൊന്ന മനുഷ്യൻ

## *(The Man He Killed)*

**തോമസ് ഹാർഡി**



**മൊഴിമാറ്റം**
**ഫാ. ജോബ് കുണ്ടോണി**

***ഞങ്ങൾ ഒരു പഴയ ചായക്കടയിലോ വഴിയരികിലോ ആണ്***
***കണ്ടുമുട്ടിയിരുന്നതെങ്കിൽ,***
***ഒരുമിച്ച് ഇരുന്ന് ഒരേ പാത്രത്തിൽ നിന്ന്***
***പലവട്ടം ഞങ്ങൾ മദ്യം പങ്കുവെക്കുമായിരുന്നു.***

***പക്ഷേ, ഞങ്ങൾ നേർക്കുനേർ നിന്നത് യുദ്ധഭൂമിയിലാണ്,***
***പരസ്പരം തോക്കുകൾ ചൂണ്ടിക്കൊണ്ട്.***
***ഞങ്ങൾ ഒരേപോലെ ലക്ഷ്യം വെച്ചു, ഒരേസമയം***
***വെടിയുതിർത്തു,***
***അവൻ അവിടെത്തന്നെ മരിച്ചുവീണു.***

***ഞാൻ അവനെ കൊന്നു കാരണം?***
***കാരണം അവൻ എന്റെ ശത്രുവായിരുന്നു, അത്രമാത്രം.***
***അതെ, അവൻ എന്റെ നേർക്കു വന്ന ശത്രു***
***തന്നെയായിരുന്നു;***
***അതിൽ കൂടുതൽ മറ്റൊരു സംശയവുമില്ല.***

***എങ്കിലും ഞാൻ ചിന്തിക്കുകയാണ്...***
***എന്നെപ്പോലെ തന്നെ അവനും ജീവിക്കാൻ വഴിയില്ലാതെ,***
***തന്റെ വസ്ത്രങ്ങളും വീട്ടുസാധനങ്ങളും വിറ്റിട്ടാകണം,***
***വേറെയൊരു ജോലിയും കിട്ടാത്തതുകൊണ്ട് പട്ടാളത്തിൽ***
***ചേർന്നത്.***

***അതെ, യുദ്ധം എത്ര വിചിത്രവും നിഗൂഢവുമാണ്!***
***സാധാരണ സാഹചര്യത്തിൽ ഒരു നാണയം നൽകി***
***സഹായിക്കുകയോ,***
***കൂടെയിരുത്തി സൗഹൃദം പങ്കുവെക്കുകയോ***
***ചെയ്യുമായിരുന്ന***
***ഒരു അപരിചിതനെയാണ്,***
***വെറുമൊരു ഉത്തരവിന്റെ പേരിൽ നിങ്ങൾ***
***വെടിവെച്ചുകൊല്ലുന്നത്!***



*കവിതയുടെ കാതൽ:*

*യുദ്ധത്തിന് പിന്നിലെ രാഷ്ട്രീയമല്ല, മറിച്ച് അതിൽ പങ്കെടുക്കാൻ നിർബന്ധിതരാകുന്ന സാധാരണക്കാരായ മനുഷ്യരുടെ ആന്തരിക സംഘർഷമാണ് ഹാർഡി ഈ വരികളിൽ വരച്ചു കാട്ടുന്നത്. യുദ്ധക്കളത്തിലെ 'ശത്രു' യഥാർത്ഥത്തിൽ തങ്ങളെപ്പോലെ തന്നെയുള്ള മറ്റൊരു സാധാരണ മനുഷ്യനാണെന്ന തിരിച്ചറിവ് ഈ കവിത വായനക്കാരന് നൽകുന്നു.*

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

### സ്നേഹഭവനം പദ്ധതിയിലേക്ക് സംഭാവന നല്കിയവർ (16.5.2026)

1.സെന്റ് തോമസ് ചർച്ച്, തോമസ്പുരം - 25,000 രൂപ
2.ഓർഡിനേഷൻ, ഒബ്ലേറ്റ്സ് ഓഫ് സെന്റ് ജോസഫ്, സെന്റ് തോമസ് പ്രിൻസ് -10,000 രൂപ
3.സെന്റ് മേരി മഗ്ദലിൻ ചർച്ച്, മരട്- 10,001 രൂപ
4.O/CARM സിസ്റ്റേഴ്സ്, കളമശ്ശേരി - 10,000 രൂപ
5.സെന്റ് ആൻസ് ചർച്ച്, തോട്ടക്കാട്ടുകര - 25,000 രൂപ
6.സെന്റ് ജോർജ് ചർച്ച്, പെരുമാനൂർ - 20,000 രൂപ
7.മഞ്ഞുമ്മൽ സുവിശേഷ മഹോത്സവം - 8,000 രൂപ
8.സെന്റ് ജോർജ് ചർച്ച്, എരൂർ - 5,000 രൂപ
9.സെന്റ് ജോർജ് ചർച്ച്, കർത്തേടം - 10,000 രൂപ
10.സെന്റ് ജോസഫ് ചർച്ച്, പനമ്പുകാട് - 10,000 രൂപ
11.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് റാഫേൽസ് ചർച്ച്, തൈക്കൂടം - 15,000 രൂപ
12.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് ആന്റണി ചർച്ച്, കൊങ്ങോർപ്പിള്ളി - 30,000 രൂപ
13.സ്ഥൈര്യലേപനാർത്ഥികൾ, OLPH, ഓച്ചൻതുരുത്ത് - 10,000 രൂപ
14.സ്ഥൈര്യലേപനാർത്ഥികൾ, OLPH വലിയകുളം, ഉദയംപേരൂർ-25,000 രൂപ
15.സെന്റ് മൈക്കിൾസ് ചർച്ച്, ചെമ്പുമുക്ക് - 20,000 രൂപ
16.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, പോണേൽ - 15,000 രൂപ
17.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് ജോർജ് ചർച്ച്, കർത്തേടം - 15,000 രൂപ
18.സെന്റ് ജോസഫ് ചർച്ച്, കടമക്കുടി - 5,000 രൂപ

***ആകെ - 2,68,001 രൂപ***

### സ്നേഹഭവനം പദ്ധതിയിലേക്ക് സംഭാവന നല്കിയവർ (16.6.2026)

1.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് ആന്റണീസ് ചർച്ച്, മുളന്തുരുത്തി - 25,000 രൂപ
2.സ്ഥൈര്യലേപനാർത്ഥികൾ, ഔവ്വർ ലേഡി ഓഫ് റോസറി ചർച്ച്, മുരിക്കുംപാടം - 25,000 രൂപ
3.സ്ഥൈര്യലേപനാർത്ഥികൾ, ഫാത്തിമ മാതാ ചർച്ച്, ഇടയാർ - 5,000 രൂപ
4.വിന്നി, വല്ലാർപാടം - 4,000 രൂപ
5.വല്ലാർപാടം ബസലിക്ക - 15,000 രൂപ
6.സ്ഥൈര്യലേപനാർത്ഥികൾ, ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, ഏലൂർ - 20,000 രൂപ
7.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് തോമസ് ചർച്ച്, തോമസ്പുരം - 15,000 രൂപ
8.ശ്രീ. ജോബ് തോട്ടത്തുശ്ശേരി - 6,000 രൂപ
9.സ്ഥൈര്യലേപനാർത്ഥികൾ, സെന്റ് ജൂഡ് ചർച്ച്, തേവര - 25,000 രൂപ
10.സെന്റ് ആന്റണീസ് & ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ചർച്ച്, കൊരട്ടി - 50,000 രൂപ
11.ഔവ്വർ ലേഡി ഓഫ് റോസറി ചർച്ച്, മുരിക്കുംപാടം - 10,000 രൂപ
12.സേക്രട്ട് ഹാർട്ട് ചർച്ച്, കോതാട് - 10,500 രൂപ
13.OLPH, ചർച്ച്, ചേരാനല്ലൂർ - 10,000 രൂപ
14.സേക്രട്ട് ഹാർട്ട് ചർച്ച്, ഇടപ്പള്ളി നോർത്ത് - 10,000 രൂപ

***ആകെ - 2,30,500 രൂപ***

***ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കേളന്തറ മെമ്മോറിയൽ ലഹരി വിരുദ്ധ ഫുട്ബോൾ ടൂർണമെന്റിൽ കെ.സി.വൈ.എം ഓച്ചന്തുരുത്തിന് വിജയകിരീടം***



കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കേളന്തറ പിതാവിന്റെ അനുസ്മരണാർത്ഥം, ലഹരി വിരുദ്ധ ക്യാംപെയിന്റെ ഭാഗമായി, സെന്റ് ആൽബർട്ട്സ് കോളേജ് ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റ് 2026-ന്റെ സമാപന സമ്മേളനം വരാപ്പുഴ അതിരൂപത ചാൻസലർ ഫാ. എബിജിൻ അറക്കൽ ഉദ്ഘാടനം ചെയ്തു. സെന്റ് ആൽബർട്ട്സ് കോളേജ് ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗം HOD ആന്റി ടി. ജെ. മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. ടൂർണമെന്റിൽ നിത്യസഹായ മാതാ ദൈവാലയം, ഓച്ചന്തുരുത്ത് വിജയകിരീടം ചൂടി. കെ.സി.വൈ.എം. സെന്റ് ജോസഫ് ദൈവാലയം, വടക്കേക്കോട്ട രണ്ടാം സ്ഥാനവും, കെ.സി.വൈ.എം. സെന്റ് സെബാസ്റ്റ്യൻ ദൈവാലയം, ഗാന്ധിനഗർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ടൂർണമെന്റിലെ മികച്ച താരമായി സെന്റ് ജോസഫ് ദൈവാലയം, വടക്കേക്കോട്ടയിലെ ജോസഫ് കാർലോയും മികച്ച ഗോൾകീപ്പറായി നിത്യസഹായ മാതാ ദൈവാ ലയം, ഓച്ചന്തുരുത്ത് യൂണിറ്റിലെ ഈഷാൻ ജോസഫും തിരഞ്ഞെടുക്കപ്പെട്ടു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി റോസ് മേരി കെ. ജെ., സ്പോർട്സ് ഫോറം കൺവീനർ അമൽ ജോർജ്, സെക്രട്ടറി അരുൺ സെബാസ്റ്റ്യൻ, ട്രഷറർ ജോയ്സൺ പി. ജെ., ഐ.സി.വൈ.എം. മുൻ പ്രസിഡന്റ് അഡ്വ. ആന്റണി ജൂഡി, എക്സിക്യൂട്ടീവ് അംഗങ്ങളായ വിനോജ് വർഗീസ്, അരുൺ വിജയ് എസ്., ലെറ്റി എസ്.വി., അമല റോസ് കെ.ജെ., ഡെന്നിസ് ജോർജ്, മാനുവൽ ബെന്നി, അഡ്വ. അധീന നിക്സൺ, വരാപ്പുഴ അതിരൂപത യൂത്ത് കോർഡിനേറ്റർ അലീന ജോർജ്, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

KLCA ***വരാപ്പുഴ അതിരൂപത നിർവാഹക സമിതി ഒത്തുവാസം-2026***

KLCA വരാപ്പുഴ അതിരൂപത എക്സിക്യൂട്ടീവ് ഒത്തുവാസം തോട്ടുവ നവജീവൻ ആനിമേഷൻ സെന്ററിൽ വച്ച് സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി ഉദ്ഘാടനം ചെയ്തു.പ്രസിഡൻറ് റോയ് ഡിക്കുഞ്ഞയുടെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ നവജീവൻ ആനിമേഷൻ സെൻറർ

# വാർത്തകൾ NEWS



അസിസ്റ്റൻറ് ഡയറക്ടർ ഫാ. സോബിൻ സ്റ്റാൻലി പള്ളത്ത് ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ, ഖജാൻജി എൻ.ജെ. പൗലോസ് എന്നിവർ പ്രസംഗിച്ചു.

അല്മായ പ്രേക്ഷിതത്വം ക്രിസ്തുവിന്റെ വ്യക്തിത്വപ്രകാശന തുടർച്ച എന്ന വിഷയത്തിൽ ജീവനാദം മാനേജിംഗ് എഡിറ്റർ ഫാ. സ്റ്റീഫൻ ചാലക്കരയും, പങ്കാളിത്തസഭയും കെഎൽസിഎയും എന്ന വിഷയത്തിൽ അതിരൂപത രാഷ്ട്രീയകാര്യ സമിതി ചെയർമാൻ ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപറമ്പിലും, ലത്തീൻ സമുദായത്തിന്റെ അവകാശ സംരക്ഷണവും, സമുദായ സംഘടനയും എന്ന വിഷയത്തിൽ സംസ്ഥാന പ്രസിഡൻറ് അഡ്വക്കേറ്റ് ഷെറി ജെ. തോമസും, സംഘടനയും ഞാനും - പ്രവർത്തനങ്ങൾ, ആത്മവിശ്വാസം, ആത്മവിമർശനം, ആരോഗ്യപര വിമർശനം എന്ന വിഷയത്തിൽ ജനറൽസെക്രട്ടറി റോയ് പാളയത്തിലും ക്ലാസുകൾ നയിച്ചു. ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, സിബി ജോയ്, അഡ്വക്കറ്റ് ഷെറി ജെ. തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ മോഡറേറ്റർമാരായി. സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡറായി നിയമിതനായ അഡ്വക്കേറ്റ് ഷെറി ജെ. തോമസിനെ അതിരൂപതയ്ക്കുവേണ്ടി ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ ആദരിച്ചു.

ബാബു ആൻറണി, അഡ്വക്കേറ്റ് കെ.എസ്. ജിജോ, ബേസിൽ മുക്കത്ത്, നവീൻ വർഗീസ്, പ്രൊഫ. ഡോ. സൈമൺ കൂമ്പേൽ, ഫില്ലി കാനപ്പിള്ളി, ആഷലിൻ പോൾ, വിൻസ് പെരിഞ്ചേരി, ടി.എ. ആൽബിൻ, റോസ് മാർട്ടിൻ, നിക്സൺ വേണാട്ട് എന്നിവർ പ്രസംഗിച്ചു. ഫാ. മാർട്ടിൻ തൈപ്പറമ്പിലും, ഫാ. സോബിൻ സ്റ്റാൻലി പള്ളത്തും ഒത്തു വാസാർത്ഥികൾക്കായി ദിവ്യബലി അർപ്പിച്ചു. ബിജു മുള്ളൂർ, ജോബി ജോർജ്, ജോമിഷ് ജോസ്, ആൻസ ജെയിംസ്, സോണിയ ബിനു എന്നിവർ നേതൃത്വം നൽകി.

***വിശ്വാസ പരിശീലന അറിയിപ്പുകൾ***

***ദൈവവിളി ദിനം***

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മേരി വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 2-ന് വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ വികാരിയച്ചന്മാരെയും സന്യസ്ത രേയും ആദരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കണം. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരിപാടികളും

അന്നേദിനം സംഘടിപ്പിക്കണം.

***എയ്ഞ്ചൽസ് മീറ്റ്***

ഭിന്നശേഷിക്കാരായ കുട്ടികളുടെ സംഗമവും കലാപരിപാടികളും ഓഗസ്റ്റ് 15-ന് ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്

***കുടുംബ സുവിശേഷം സമർപ്പണം***

കുടുംബാംഗങ്ങൾ ഒരുമിച്ച് സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കിയ വി. മത്തായിയുടെ സുവിശേഷം ഓഗസ്റ്റ് 15-ന്റെ ദിവ്യബലിയിൽ ഇടവകയിൽ സമർപ്പിക്കുന്നു. നിങ്ങളുടെ ഇടവകയിൽ സമർപ്പിച്ച കുടുംബ സുവിശേഷ ഗ്രന്ഥങ്ങളുടെ വിശദവിവരങ്ങൾ അതിരൂപത വിശ്വാസ പരിശീലന ഓഫീസിൽ അറിയിക്കേണ്ടതാണ്

***അധ്യാപകർക്കുള്ള പരിശീലനപരിപാടി***

സൺഡേ കെയർ മുതൽ പതിമൂന്നാം ക്ലാസ് വരെയുള്ള വിശ്വാസ പരിശീലന അധ്യാപകർക്കായി ജൂൺ 14, 21 തീയതികളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഓഡിറ്റോറിയം, എറണാകുളം ഇൻഫന്റ് ജീസസ് പാരിഷ് ഹാൾ എന്നിവിടങ്ങളിലായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ചൈൽഡ് സൈക്കോളജി, ആർട്ട് ഓഫ് ടീച്ചിംഗ് എന്നീ വിഷയങ്ങളിൽ ബൈജു പാം, ഡോ. സണ്ണി ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു.

***ഹരിത കേരളത്തിനായി കൈകോർത്ത് കെ.സി.വൈ.എം വരാപ്പുഴ അതിരൂപത***



കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. പാനായിക്കുളം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ വിതരണത്തിന്റെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത യുവജന കമ്മീഷൻ ഡയറക്ടർ ഫാ. ജിജു ക്ലീറ്റസ് തിയ്യാടി കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക്കിന് വൃക്ഷത്തൈ കൈമാറിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ., വൈസ് പ്രസിഡന്റ് വിനോജ് വർഗീസ്, കെ.സി.വൈ.എം. പാനായിക്കുളം യൂണിറ്റ് പ്രസിഡന്റ് ജേർഷാദ് ടി. ജെ., കെ.സി.വൈ.എം. യൂത്ത് ആനിമേറ്റർ സി. സൈന സി.ടി.സി, സി. ആൽഫി സി.ടി.സി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

# വാർത്തകൾ NEWS

***കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ വിവിധ ജനകീയ വിഷയങ്ങൾ ഉന്നയിച്ച് കേരളം മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശന് നിവേദനം നൽകി***



വല്ലാർപാടം ഐ.സി.ടി.ടി. പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട 316 കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ച മൂലമ്പിള്ളി പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ സമയബന്ധിതമായി നടപ്പിലാക്കുവാനും, അടിയന്തരമായി എവികടീസ് കാർഡ് അനുവദിക്കുന്നതും സംബന്ധിച്ച ആവശ്യങ്ങളോടൊപ്പം പെരിയാറിലെ മത്സ്യക്കുരുതിയെ തുടർന്ന് ദുരിതബാധിതരായ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കണമെന്നും കൂടാതെ, 'Holistic Development of Kochi' എന്ന വിഷയത്തിൽ കൊച്ചി സർവകലാശാലയിൽ എൽ.എം. പൈലി ചെയർ സ്ഥാപിക്കുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പിലാക്ക ണമെന്നും കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനെ കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് പൊന്നാട അണിയിച്ച് ആദരിച്ചു. കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി വൈസ് പ്രസിഡന്റ് അക്ഷയ് അലക്സ്, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ, ട്രഷറർ ജോയ്സൺ പി.ജെ., എക്സിക്യൂട്ടീവ് അംഗങ്ങളായ വിനോജ് വർഗീസ്, ഫെർഡിൻ ഫ്രാൻസിസ്, ജോമോൻ ആന്റണി, അമൽ ജോർജ്, മാനുൽ ബെന്നി, അധീന നിക്സൺ എന്നിവർ സന്നിഹിതരായിരുന്നു. സാമൂഹിക നീതി, പുനരധിവാസം, വിദ്യാഭ്യാസ-ഗവേഷണ വികസനം, ദുരിതബാധിതരുടെ ക്ഷേമം എന്നീ വിഷയങ്ങളിൽ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നും കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത അഭ്യർത്ഥിച്ചു.



വരാപ്പുഴ അതിരൂപത ബിസിസിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ക്രിസ്ത്യൻ ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാം വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ ഉദ്ഘാടനം ചെയ്യുന്നു



**ആലുവ എട്ടേക്കർ തീർത്ഥാടന കേന്ദ്രമായ സെൻറ് ജൂഡ് ദേവാലയത്തിൽ മാതൃവേദി സിൽവർ ജൂബിലി ആഘോഷം**

ആലുവയിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ സെൻറ് ജൂഡ് തദേവൂസ് ദേവാലയത്തിൽ മാതൃവേദി സംഘടനയുടെ *സിൽവർ ജൂബിലി* വരാപ്പുഴ അതിരൂപത ചാൻസലർ പെരിയ ബഹുമാനപ്പെട്ട ഫാ.എബിജിൻ അറക്കൽ 2026 മെയ് മാസം 23 ആം തീയതി ശനിയാഴ്ച വൈകുന്നേരം മുഖ്യ കാർമികനായി കൃതജ്ഞതാബലി അർപ്പിച്ചുകൊണ്ട് ദൈവത്തിനു നന്ദി പറഞ്ഞു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ബഹുമാനപ്പെട്ട വരാപ്പുഴ അതിരൂപത ചാൻസലറച്ചൻ പൊതുയോഗം ഉദ്ഘാടനം ചെയ്തു. വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ ഡയറക്ടർ ബഹുമാനപ്പെട്ട അലക്സ് കുരിശുപറമ്പിൽ അച്ചൻ അനുഗ്രഹസന്ദേശം നൽകി. ആലുവ സെൻ്റ് സേവിയേഴ്സ് കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ഡോക്ടർ മിലൻ ഫ്രാൻസ് മുഖ്യപ്രഭാഷണം നടത്തി. ഇടവക വികാരി ഫാ.റോക്കി കൊല്ലം പറമ്പിൽ, വരാപ്പുഴ രൂപത മാതൃവേദി സെക്രട്ടറി ശ്രീമതി ജെസ്സി സ്റ്റാൻലി, ഇടവക കേന്ദ്ര സമിതി ലീഡർ ശ്രീ. ജോളി സെബാസ്റ്റ്യൻ, മാതൃവേദി ആനിമേറ്റർ ബഹുമാനപ്പെട്ട സിസ്റ്റർ ആനന്ദമേരി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

2001 മെയ് മാസം അന്നത്തെ ഇടവക വികാരിയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് തട്ടാരശ്ശേരി അച്ചൻെറ കാലത്താണ് എട്ടേക്കർ ഇടവകയിൽ മാതൃവേദി രൂപം കൊണ്ടത്. അന്നത്തെ ആദ്യ പ്രസിഡൻറ് ശ്രീമതി ഡെയ്സി ജോർജ് കൊന്നുള്ളി, സെക്രട്ടറി ശ്രീമതി ബേബി ആൻറണി കുറ്റിശ്ശേരി എന്നിവരെയും ഇടവകയിലെ മുതിർന്ന അമ്മമാരെയും വിശിഷ്ട പദവിയിലുള്ള വ്യക്തികളെയും സിൽവർ ജൂബിലി ആഘോഷത്തിൽ ആദരവുകൾ അർപ്പിച്ചു.

ജൂബിലി വർഷത്തിലെ മാതൃവേദി പ്രസിഡൻറ് ശ്രീമതി മാഗി ജോസി പണ്ടാരപ്പറമ്പിൽ സ്വാഗതവും, ഇടവകകേന്ദ്ര സമിതി കുടുംബ ശുശ്രൂഷ സമിതി കൺവീനർ ശ്രീമതി ഷീല ജേക്കബ് നന്ദിയും പറഞ്ഞു. മാതൃവേദി സെക്രട്ടറി ശ്രീമതി മേരി സിൽവസ്റ്റർ ജൂബിലി റിപ്പോർട്ട് അവതരിപ്പിച്ചു. മാതൃവേദിയിലെ അംഗങ്ങളായ അമ്മമാരുടെ മാർഗംകളിയും, സോളോ സ്കിറ്റും, തലശ്ശേരി ബച്ചൻ അഷറഫ് നയിച്ച ഗാനമേളയും കലാപരിപാടികളായി ഉണ്ടായിരുന്നു. ജൂബിലി വർഷത്തോട് അനുബന്ധിച്ച് നടത്തിയ കലാകായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

***അഭിനന്ദനങ്ങൾ***



കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജുമെൻ്റ്സ് അസോസിയേഷൻ പ്രസിഡൻ്റ് **ഫാ. ജോൺ വർഗീസ്**, സെക്രട്ടറി **ഫാ. ആൻ്റണി അറയ്ക്കൽ.**



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. അപ്ലൈഡ് സോഷ്യോളജിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ വരാപ്പുഴ അതിരൂപതാംഗവും നിയുക്ത യൂത്ത് കമ്മീഷൻ ഡയറക്ടറും ആശ്വാസ് കൗൺസലിംഗ് സെൻ്ററിൻ്റെ നിയുക്ത അസോസിയേറ്റ് ഡയറക്ടറുമായ **ഫാ. പ്രസാദ് ജോസ് കാനപ്പിള്ളി**ക്ക് അഭിനന്ദനങ്ങളും സ്നേഹാഭിവാദ്യങ്ങളും. വരാപ്പുഴ അതിരൂപതയിലെ തേവർകാട് തിരുഹൃദയ ഇടവകാംഗമാണ് ഫാ. പ്രസാദ് ജോസ് കാനപ്പിള്ളി.



കുസാറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും B.Tech Engineering (Safety & Fire) ഒന്നാം റാങ്ക് കരസ്ഥമാക്കിയ **ജിതിൻ ജോർജ് പനക്കലിന്** അഭിനന്ദനങ്ങൾ. കൊങ്ങോർപ്പിള്ളി സെൻ്റ് ആൻ്റണീസ് ഇടവകാംഗമായ സാജു പനക്കലിൻ്റെ മകനാണ് ജിതിൻ.


ബൈബിൾ
വിചിന്തനം

# അൾത്താര ശുശ്രൂഷകർ

വി. ലൂക്കാ 2,41-52



ഡോ. വിൻസെന്റ്
വാര്യത്ത്



ഔദ്യോഗികമായി രണ്ടാം നൂറ്റാണ്ട് മുതലാണ് അൾത്താര ബാലകരുടെ പ്രത്യേക ദൗത്യങ്ങൾ ഭരമേൽപ്പിക്കപ്പെടുന്നത്. 'അക്കോളൊസ്തോസ്' എന്ന് അവരെ വിളിച്ചിരുന്നു. ഈ ഗ്രീക്ക് പദത്തിന്റെ അർത്ഥം അനുയായി, സഹായി എന്നൊക്കെയാണ്. വൈദികനാകാൻ പരിശീലനം നേടുന്നവരിലെ ആദ്യവർഷക്കാരിൽ നിന്നാണ് ഈ അൾത്താരസഹായികളെ തിരഞ്ഞെടുത്തിരുന്നത്. മധ്യകാല ഘട്ടങ്ങളിലേക്ക് പ്രവേശിച്ചപ്പോൾ സെമിനാരി വിദ്യാർത്ഥികളെ എല്ലായിടത്തും വി. കുർബാനയുടെ സഹായികളായി ലഭിക്കാതെ വന്നു. അതുകൊണ്ടുതന്നെ പ്രാഗത്ഭ്യവും ആത്മീയ കാര്യങ്ങളിൽ താല്പര്യവുമുള്ള ആൺകുട്ടികളെ ഓരോ ഇടവകയിലും പ്രത്യേകം തിരഞ്ഞെടുത്ത്, പരിശീലനം നൽകി, അവരെ അൾത്താരബാലകരാക്കി മാറ്റി.

അവർക്ക് ഉണ്ടാകേണ്ട ഗുണങ്ങൾ നല്ല ആത്മീയത, ലത്തീൻ ഭാഷാ പരിജ്ഞാനം, അച്ചടക്കം എന്നിവയായിരുന്നു. മൊത്തത്തിൽ സത്ഗുണ സമ്പന്നമായ വ്യക്തിത്വം അവർക്ക് ഉണ്ടാകണമായിരുന്നു. വളരെ കർക്കശമായാണ് അവരെ തിരഞ്ഞെടുത്തിരുന്നത്. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നത് വലിയ അന്തസ്സായി കണക്കാക്കപ്പെട്ടിരുന്നു. ഇന്നും അൾത്താര ശുശ്രൂഷകർ വി. കുർബാനയിലെ ഏറെ പ്രാധാന്യമുള്ള സഹായികളാണ്. 'സെർവിത്തെ ദോമിനോ ഇൻ ലെത്തീസിയാ' എന്നതാണ് അൾത്താര ബാലന്മാരുടെ ആപ്തവാക്യം. കർത്താവിനെ ആനന്ദത്തോടെ സേവിക്കുക എന്നർത്ഥം. അൾത്താര ശുശ്രൂഷ കർതൃശുശ്രൂഷയാക്കിയും, ആനന്ദശുശ്രൂഷയാക്കിയും എളിമയുടെ ശുശ്രൂഷയാക്കിയും മാറ്റണം എന്നർത്ഥം. വി. ജോൺ ബർക്കുമാൻസാണ് അൾത്താര ബാലന്മാരുടെ പ്രത്യേക മധ്യസ്ഥൻ.
പോപ്പ് ഫ്രാൻസിസ് അൾത്താര ബാലന്മാരുടെ ആഗോള സമ്മേളനത്തിൽ അവരെ ഓർമിപ്പിച്ചത്, അൾത്താരയിലേക്ക് അടുക്കുന്നത് ക്രിസ്തുവിലേക്ക് അടുക്കുവാൻ വേണ്ടിയാണ് എന്നാണ്. എല്ലാ പാപ്പമാരും തന്നെ അൾത്താരബാലകരായിട്ടാണ് അവരുടെ സഭാജീവിതം ആരംഭിച്ചിട്ടുള്ളത്. വി. പത്താം പീയൂസ് പാപ്പാ മെത്രാൻ ആയിരുന്ന സമയത്ത് വി. കുർബാന ചൊല്ലുന്ന അച്ചന്മാരുടെ ശുശ്രൂഷകനായി നിൽക്കുവാൻ സമയം കണ്ടെത്തിയിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ എഴുതുന്നു. അതിപ്രശസ്തരായി മാറിയ പല ആളുകളും അൾത്താര ബാലരായിരുന്നു എന്നുള്ളത് ഒരു കൗതുക കാര്യമാണ്. ഫുട്ബോൾ ഇതിഹാസമായ ലയണൽ മെസ്സി സ്വന്തം നാട്ടിൽ മാതാവിന്റെ (Our Lady of The Pillar) പള്ളിയിലെ അൾത്താര ബാലകനായിട്ടാണ് ബാല്യകാലജീവിതം ആരംഭിക്കുന്നത്. ഹോളിവുഡ് സൂപ്പർസ്റ്റാറായ ടോം ക്രൂയിസ് മറ്റൊരു അതിപ്രാഗത്ഭ്യം തെളി

യിച്ച അൾത്താര ബാലനാണ്. അൾത്താരബാലകരായി തുടങ്ങി ലോകജേതാക്കളായി മാറിയ അനേകരുണ്ട്. ഇതോടൊപ്പം കൂട്ടിച്ചേർക്കേണ്ട ഒരു വ്യാകുല കാര്യവുമുണ്ട്. ലോകത്തെ വൻ ദുരന്തത്തിലേക്ക് നയിച്ച അഡോൾഫ് ഹിറ്റ്ലർ തന്റെ വീടിന്റെ തൊട്ടടുത്തുള്ള ആശ്രമ ദൈവാലയത്തിലെ അൾത്താര ബാലകനും പ്രധാന ഗായകനുമായിരുന്നു. അൾത്താര ശുശ്രൂഷ വൈദിക ശുശ്രൂഷയിലേക്കുള്ള ചവിട്ടുപടിയായിട്ടാണ് പൊതുവേ നമ്മൾ കാണാറുള്ളത്. പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഭൂരിഭാഗം യുവജനങ്ങളും അൾത്താര ശുശ്രൂഷകരായിരുന്നു എന്നുള്ളതാണ് ചരിത്രം. മാത്രമല്ല അൾത്താര ശുശ്രൂഷകരായി തീർന്ന കുട്ടികൾ പള്ളിയോടും പള്ളിക്കാരോടും പ്രത്യേക അടുപ്പവും താൽപര്യവും പ്രദർശിപ്പിക്കാറുണ്ട്. പള്ളിമുറ്റത്ത് വളരുന്ന കുഞ്ഞുങ്ങൾ പള്ളിയുടെ ശുദ്ധിയുള്ളവരായി മാറുന്നത് സ്വാഭാവികമാണല്ലോ! ഇന്നത്തെ സുവിശേഷത്തിൽ ബാലനായ യേശു പള്ളിയിൽ കാണാതാവുന്ന രംഗം നാം കണ്ടു. പോപ്പ് ഫ്രാൻസിസ് യുവസമൂഹത്തോട് പറഞ്ഞു: 'നിങ്ങൾ ദൈവത്തിൽ അപ്രത്യക്ഷരായി മാറുക'. (be disappeared in God). ഈശോ പള്ളിയിൽ അപ്രത്യക്ഷനായി. എന്നാൽ ഇന്നത്തെ കുഞ്ഞുങ്ങൾ പള്ളിയിൽ നിന്നും അപ്രത്യക്ഷരാകുന്നു! നമ്മുടെ കുഞ്ഞുങ്ങളൊക്കെ പള്ളി മുറ്റത്തുനിന്നും പള്ളിയിൽ നിന്നുമൊക്കെ അകന്നുപോകുന്നുണ്ടെന്ന് നമ്മൾ സങ്കടപ്പെടുന്നുണ്ടെങ്കിൽ നമ്മൾ ചോദിക്കേണ്ട പ്രധാനപ്പെട്ട ചോദ്യം കുഞ്ഞുനാൾ മുതൽ പള്ളിയിലേക്ക് അടുപ്പിക്കുവാനായിട്ട് നമ്മൾ അവരെ പരിശീലിപ്പിക്കുന്നുണ്ടോ എന്നതാണ്. മുടങ്ങാതെ പള്ളിയിൽ പോകാനും അൾത്താര സേവനം ചെയ്യാനും വിശ്വാസ പരിശീലന ക്ലാസുകളിൽ നിഷ്കർഷയോടെ പങ്കെടുക്കാനും മറ്റേത് ഭൗതിക നേട്ടത്തെക്കാളും ആത്മീയ ഔന്നത്യമാണ് പ്രധാനമെന്ന് ചെറുപ്രായത്തിലെ ബോധ്യം കൊണ്ടുവരുത്താനും നമ്മുടെ കുഞ്ഞുങ്ങളെ എത്രത്തോളം നമ്മൾ ഒരുക്കുന്നുണ്ട്! ആ ചോദ്യത്തിന് നമ്മൾ ഉത്തരം കണ്ടെത്തണം.

.........................................................

***ചർച്ച***

.........................................................

*1.നമ്മുടെ ഇടവകയിലെ അൾത്താര ശുശ്രൂഷകരെ എങ്ങിനെയൊക്കെ നമുക്ക് സഹായിക്കാനാവും?*

*2.നമ്മുടെ കുഞ്ഞുങ്ങൾ പള്ളിയിൽ നിന്നും പള്ളിക്കാര്യങ്ങളിൽ നിന്നും അകന്നു പോകുന്നുണ്ടോ?*

*3.ഇടവകയിൽ വർഷത്തിലൊരിക്കൽ അൾത്താര ശുശ്രൂഷ ദിനാചരണം നടത്തുന്നത് നല്ലതല്ലേ? (ഉദാഹരണം: നവംബർ 26 വി. ജോൺ ബെർക്കുമൻസ് തിരുനാൾ ആചരണം).*

*4.വികാരിയച്ചനോടും കൊച്ചച്ചനോടും അവരുടെ അൾത്താരബാല അനുഭവങ്ങൾ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നത് നന്നായിരിക്കും.*

---

.............................................

**എക്സോഡസ്സ് മീറ്റിംഗ്**

.............................................

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 ജൂലൈ 26 ഞായറാഴ്ച 3 മണിക്ക് വിമലാലയത്തിൽ

---

.........................................................

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ജൂലൈ മാസത്തെ പരിപാടികൾ:**

.........................................................

വിവാഹ ഒരുക്ക കോഴ്സ് :ജൂലൈ 3, 4, 5രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
മാതൃവേദി കൂട്ടായ്മ : ജൂലൈ 11, ശനിയാഴ്ച രാവിലെ 10.00 ന് വിധവ സംഗമം
(അൽമാന) : ജൂലൈ 11, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്
ഏകസ്ഥ കൂട്ടായ്മ: ജൂലൈ 16, വ്യാഴാഴ്ച രാവിലെ 10.00 ന്കുടുംബപ്രേഷിത കോർഡിനേറ്റേഴ്സ്
പരിശീലനം : ജൂലൈ 12, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന്

പിൻമൊഴി

# ലോകകപ്പ് കേരളത്തിൽ



ഫാ. കപ്പിസ്റ്റൻ ലോപ്പസ്

ലോകം മുഴുവൻ ഒരു പന്തിന്റെ പിറകെ ഓടിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ഡൽഹിയിൽ താമസിക്കുന്ന ഒരു സുഹൃത്തിനോട് കളി കണ്ടോന്ന് ചോദിച്ചു. അവൻ തിരിച്ചു ചോദിച്ചു: എന്ത് കളി? ലോകകപ്പ് തുടങ്ങിയത് അവൻ അറിഞ്ഞിട്ടു പോലുമില്ല. ഞാൻ കളിയാക്കാൻ തുടങ്ങിയപ്പോൾ അവൻ കലിച്ചു. 'ലോകകപ്പ് എന്റെ വിശപ്പ് മാറ്റോ'? കേരളത്തിന് പുറത്തു പലരും പന്ത്കളി വിട്ടു വിശപ്പിന്റെ പിറകെ ഓടുമ്പോൾ കേരളത്തിൽ പന്ത്കളി വിശപ്പായി മാറുകയാണ്. കേരളത്തിന്റെ കളിഭ്രാന്ത് പ്രദർശിപ്പിക്കുന്ന ഒരു വാട്ട്സ്അപ്പ് കഥ കിട്ടിയിട്ടുണ്ട്.

ഒരു മലയാളി മരിച്ചു പരലോകത്തെത്തി. സ്വർഗവാതിൽക്കൽ നിന്നിരുന്ന പത്രോസ് അയാളോടു ചോദിച്ചു, 'നിങ്ങൾ ജീവിതത്തിൽ നന്മയായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ'?

'ഏയ്, അങ്ങിനെയൊന്നുമില്ല,' കുറെ ആലോചിച്ച ശേഷം അയാൾ പറഞ്ഞു.

'എങ്കിൽ, വലിയ ധീരത വേണ്ട കാര്യങ്ങളെന്തെങ്കിലും'?

'ഉവ്വ്, കേരളത്തിലെ അർജന്റീന, ബ്രസീൽ ഫാൻസിന്റെ രൂക്ഷമായ പോർവിളികൾക്കിടയിൽ കയറി നിന്ന് നിങ്ങൾക്കു രണ്ടു കൂട്ടർക്കും കപ്പു കിട്ടൂല്ലടാ എന്നു പറഞ്ഞിട്ടുണ്ട്.'

'കൊള്ളാം, അതൊരു ധീരകൃത്യം തന്നെ. എപ്പോഴായിരുന്നു ഇത്?'

'ദേ, ഒരു രണ്ടു മിനിറ്റു മുമ്പ്.'

'ഫുട്ബോളെന്ന് കേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം;
ലോകകപ്പെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ'

ലോകകപ്പിൽ ഇന്ത്യയെ കാണാൻ കഴിഞ്ഞില്ലെങ്കിൽ എന്താ കേരളത്തിൽ എല്ലാ ലോകകപ്പ് ടീമിനേം, ടീം തിരിഞ്ഞുള്ള ഏറ്റുമുട്ടലുകളും കാണാലോ?



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004